2008 ഡിസംബർ
ഹി.ശ 1387
1429 - ദുൽഹജ്ജ്
1430 - മുഹറം
പുസ്തകം 80 ലക്കം 11
വരിസംഖ്യ 150 ക.
ഒറ്റപ്രതി 15 ക.

സ്ഥാപിതം
1925

# സത്യദൂതൻ

മുക്കാൽ നൂറ്റാണ്ട് പിന്നിട്ട മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം

4 **യുഗശബ്ദം**

5 **മുഖക്കുറിപ്പ്**

6 ***ഖിലാഫത്ത് : വാഗ്ദത്ത മസീഹിന്റെ വസിയ്യത്ത്***
ഹദ്റത്ത് അഹ്മദ് (അ)

7 ***ജീവിതത്തിന്റെ ഉദ്ദേശം തിരിച്ചറിയുക***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

9 ***ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ജീവിതരേഖയും സേവനങ്ങളും***
കെ.വി. ഹസ്സൻകോയ

12 ***ഖലീഫ തിരുമനസ്സ് ഡൽഹിയിൽ സ്ത്രീകൾ ത്യാഗത്തിന് സന്നദ്ധരാകുക***

15 ***കേരളത്തിന് ഇത് അവിസ്മരണീയമായ ഓർമ്മ***
പി.വി. അഹ്മദ് കോയ

16 ***സ്നേഹവും സഹിഷ്ണുതയും കൊണ്ട് മനുഷ്യഹൃദയം കീഴടക്കുക***

18 ***ഭീകരതക്ക് മതപരമായ കാരണങ്ങളില്ല***
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

28 ***പള്ളികൾ ഭക്തിസാന്ദ്രമാക്കുക***

30 ***ആത്മനിർവൃതിയുടെ ധന്യനിമിഷങ്ങൾ***
അൻവർ അബൂബക്കർ പാലക്കാട്

ലേഖനം

31 ***ഖിലാഫത്ത് : നൂറ്റാണ്ടുകളിലൂടെ***
ഏ.എം. മുഹമ്മദ് സലീം

33 ***മുസ്‌ലിം തീവ്രവാദം അവസാനിക്കണമെങ്കിൽ***
അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ

35 ***ഇന്നും മരം ചാടുന്നു വാനരൻ ഡാർവിൻ സിദ്ധാന്തം ഖണ്ഡിക്കപ്പെടുന്നു***
ഏ.ക്യു. മഹ്ദി

37 ***ഖത്തമുന്നുബുവ്വത്ത്: വ്യാകരണവും ഭാഷ്യങ്ങളും***
എച്ച്. ശംസുദ്ദീൻ കാവശ്ശേരി

14 ***കാത്തിരുന്നൊരീനാൾ - കവിത***
എച്ച്.എസ്. കാവശ്ശേരി

39 കുറിപ്പുകൾ - ***മുംബൈ ആക്രമണം***

40 വാർത്തകൾ, അനുസ്മരണം

മുഖചിത്രം :
**ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ചീഫ് എഡിറ്റർ** : മുഹമ്മദ് അയ്യൂബ് Mob: 9895308227
**എഡിറ്റർ** : ഏ. എം. മുഹമ്മദ് സലിം Mob: 9895263384
**മാനേജർ** : അഹമ്മദ് ഹസ്സൻ Mob: 9446482108

**അസി. മാനേജർ**
കെ.എം. മുഹമ്മദ് കോയ

**സർക്കുലേഷൻ മാനേജർ**
എസ്. മുഹമ്മദ് സലിം

**എഡിറ്റോറിയൽ ബോർഡ്**
പ്രൊഫ. മഹ്മൂദ് അഹ്മദ്
കെ.വി. ഈസക്കോയ
കെ. വി. ഹസ്സൻകോയ
പി.എം. ബഷീർ അഹ്മദ്
ഐ. കെ. അഹ്മദ് കുട്ടി

*വിലാസം*
**സത്യദൂതൻ, ജി. എച്ച്. റോഡ്, കോഴിക്കോട്.**
**ഫാക്സ് : 0495 - 2721609**
e-mail: sathyadoothan@ahmadiyya.com

Printed & Published by M.A. Muhammed, for the Kerala Ahmadiyya Jama-at at Geethanjali Offset Press, Feroke, Calicut
Edited by A. M. Muhammed Salim. Typeset, Layout & Cover Design : Victory *Creations*, Calicut - 1.


## ഖുർആനിൽ നിന്ന്

"ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിക്കുകയും (എല്ലാതരം) അന്ധകാരങ്ങളെയും പ്രകാശത്തെയും ഉണ്ടാക്കുകയും ചെയ്ത അല്ലാഹുവിന്നാകുന്നു സകല സ്തുതിയും! എന്നിട്ടും അവിശ്വസിക്കുന്നവർ അവരുടെ നാഥന്നു സമന്മാരെ സൃഷ്ടിച്ചുവെക്കുന്നു" **(6:2)**

## നബിവചനം

നബി(സ)യോട് ചോദിച്ചു: ആരുടെ അടുത്തിരിക്കുന്നതാണ് നല്ലത്? നബി(സ) പറഞ്ഞു: ആരെക്കാണുമ്പോൾ അല്ലാഹുവിനെ ഓർമ്മ വരികയും, ആരുടെ വാക്കുകളിലൂടെ നിങ്ങളുടെ അറിവ് വർദ്ധിക്കുകയും, ആരുടെ കർമ്മങ്ങൾ അന്ത്യനാളിനെ ഓർമ്മപ്പെടുത്തുകയും ചെയ്യുന്നുവോ അയാളോടൊപ്പം ഇരിക്കുന്നതാണ് ഫലപ്രദം. ***(മുസ്ലിം)***

# പരിശുദ്ധ പ്രകൃതർ ബൈഅത്ത് ചെയ്യുക



**ഹസ്റത്ത് മിർസാ ഗുലാം അഹ്മദ് (അ)**

പരിശുദ്ധമായ ആത്മാവോടുകൂടിയ ജമാഅത്തിലെ വന്ദ്യന്മാർ എന്റെ പേരിൽ എനിക്കുശേഷം ആളുകളിൽ നിന്ന് ബൈഅത്ത് വാങ്ങട്ടെ. ഭൂമിയുടെ വ്യത്യസ്ത പ്രവാസകേന്ദ്രങ്ങളിൽ താമസിച്ചുപോകുന്നവർ അവർ യൂറോപ്പിലാകട്ടെ, ഏഷ്യയിലാകട്ടെ എവിടെയുള്ളവരായിരുന്നാലും അവർ സൽപ്രകൃതരായിട്ടുള്ളവരാണെങ്കിൽ അവരെയെല്ലാം തൗഹീദിലേയ്ക്ക് ആകർഷിക്കുകയും ആ ദാസന്മാരെയെല്ലാം ഏകമതത്തിൽ ഒരുമിച്ചു കൂട്ടുകയും ചെയ്യട്ടെ. ഇതുതന്നെയാണ് ദൈവം എന്നെ ഈ ലോകത്തിലേയ്ക്ക് അയച്ചതിന്റെ ഉദ്ദേശ്യലക്ഷ്യം. ആകയാൽ, നിങ്ങൾ ഈ ലക്ഷ്യം സാധിക്കുവാൻ യത്നിക്കുവിൻ. എന്നാൽ, അത് സൗമ്യതയോടും വിനയത്തോടും ഉദാത്തഭാവങ്ങളോടും പ്രാർത്ഥനയോടും കൂടിമാത്രം. അങ്ങനെ, റൂഹുൽഖുദ്സ് അഥവാ, പരിശുദ്ധാത്മാവ് ഉൾവഹിച്ച ആരെങ്കിലും എനിയ്ക്കുശേഷം എഴുന്നേൽക്കുവോളം നിങ്ങളെല്ലാം സഹകരിച്ചും ഒന്നിച്ചു ചേർന്നും പ്രവർത്തിക്കുവിൻ! **(അൽവസിയ്യത്ത്)**

മുഖക്കുറിപ്പ്

# ഖലീഫത്തുൽ മസീഹ് കേരളത്തിൽ

മുഹമ്മദ് നബി(സ), നുബൂവ്വത്തിന്റെ മാർഗത്തിൽ സ്ഥാപിതമാകുമെന്ന് പ്രവചിച്ച ഖിലാഫത്തിന്റെ അഞ്ചാം ഖലീഫ, അമീറുൽ മുഅ്മിനീൻ, ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....)ന്റെ ചരണ വിന്യാസം കൊണ്ട് മലയാളഭൂമി ധന്യമായി. 2008 നവം. 24 മുതൽ ഡിസംബർ 2 വരെ ഒരു വാരക്കാലം അമീറുൽ മുഅ്മിനിന്റെ സാന്നിദ്ധ്യം കേരളത്തിലെ അഹ്മദികൾ പെരുന്നാളായി ആഘോഷിക്കുകയായിരുന്നു.

ചരിത്രനിയോഗങ്ങളുടെ രംഗഭൂമിയാണ് കേരളം. അറബിക്കടലിന്റെ ഈ ദാനഭൂമിയിൽ പാദമൂന്നിയാണ് ചരിത്രത്തിൽ മനുഷ്യഭാഗധേയം നിർണ്ണയിച്ച പലരും ഇന്ത്യാ ഉപഭൂഖണ്ഡത്തിലേക്ക് കടന്നുവന്നത്. മദ്ധ്യ പൗരസ്ത്യദേശത്തെ കച്ചവടക്കാർ, ചൈനീസ് സഞ്ചാരികൾ, റോമക്കാർ, ഫൊണീഷ്യർ, യഹൂദർ, അറബികൾ, യഹൂദരെത്തേടിയെത്തിയ ക്രിസ്തു ശിഷ്യനായ സെന്റ് തോമസ്, ഇസ്ലാം മതപ്രചാരകൻ ഹദ്റത്ത് മാലിക്ബ്നു ദീനാർ, ദജ്ജാലിന്റെ ഏഷ്യയിലെത്തിയ ആദ്യ പ്രതിനിധി വാസ്കോഡഗാമ, ലന്തക്കാർ, ഫ്രഞ്ചുകാർ തുടങ്ങി അതിഥികൾക്കും അധിനിവേശക്കാർക്കും കേരളം സ്വാഗതമരുളി. എന്നാൽ നൂറ്റാണ്ടുകൾ കാത്തിരുന്ന ദിവ്യദൗത്യങ്ങളുള്ള ഈ വിശിഷ്ടാതിഥിയുടെ ചരിത്രമൂല്യം അളവറ്റതാണ്. പതിനാല് നൂറ്റാണ്ടുകളുടെ ഇസ്ലാമിക ചരിത്രത്തിലാദ്യമായാണ് ഒരു ഖലീഫയും ഖാഫിലയും കേരള തീരമണയുന്നത്.

ഇസ്ലാം മതത്തിന്റെ കേരളത്തിലേക്കുള്ള ആഗമനം ഐതിഹാസിക മാറ്റങ്ങളുള്ള ഒരു ദിവ്യാത്ഭുതമായിരുന്നു. കേരളത്തിന്റെ അചരകേസരി ചേരമാൻ പെരുമാളിന്റെ ഹൃദയതന്ത്രികളെ സ്പർശിച്ച ഒരു ദിവ്യതരംഗത്തിന്റെ ദർശനസാഫല്യമാണ് ജനകോടികൾക്ക് ആത്മീയജീവിതം സമ്മാനിച്ച ദീനുൽ ഇസ്ലാമിന്റെ കേരളത്തിലെ ആഗമനത്തിന് നിദാനമായത്. ഇന്നിതാ ഇസ്ലാമിന്റെ ആത്മീയ പ്രഭാവിതനായ ഖലീഫാ അമീറുൽ മുഅ്മിനീൻ ഇസ്ലാമിന്റെ കേരളക്കരയിലെ രണ്ടാംതരംഗമുന്നേറ്റത്തിന് നാന്ദികുറിക്കാനായി എത്തിയിരിക്കുന്നു. ചരിത്രത്തിന്റെ ആത്മീയ സരണികളുടെ പ്രവാഹഗതിയെ നിർണ്ണയിക്കുന്നത് ഇത്തരം ദിവ്യാത്മാക്കളുടെ മഹനീയസാന്നിദ്ധ്യത്താൽ സംഭവിക്കുന്ന ആത്മീയ പ്രതിഭാസങ്ങളാണെന്ന് ചരിത്രം സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള ഈ വിശിഷ്ടാതിഥിയുടെ സന്ദർശനം കേരളജനതയിൽ വേഗത്തിൽ സദ്ഫലങ്ങൾ ഉണ്ടാക്കുമാറാകട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം.

ഹദ്റത്ത് അഹ്മദ് (അ)

# ഖിലാഫത്ത്: വാഗ്ദത്ത മസീഹിന്റെ വസിയ്യത്ത്

രണ്ടുവിധത്തിലുള്ള ശക്തിപ്രതിഭാസങ്ങൾ ദൈവം വെളിപ്പെടുത്തുന്നതാണ്. ഒന്നാമതായി, നബിമാരുടെ കൈകൾ മുഖേന ദിവ്യശക്തിയുടെ ഹസ്തം കാണിക്കുന്നു. രണ്ടാമതായി, നബി ചരമംപ്രാപിച്ചു കഴിഞ്ഞാലുള്ള വിഷമങ്ങളെ നേരിടേണ്ടി വരികയും ശത്രു വളരെ പ്രാബല്യം നേടുകയും പ്രവാചകന്റെ ദൗത്യം കുഴപ്പത്തിലായെന്നും ജമാഅത്ത് അഥവാ പ്രസ്ഥാനം ഇപ്പോൾ നശിക്കാൻ പോകയാണെന്നും ഉറച്ചുകൊണ്ട് അതിലെ ആളുകൾ തന്നെ ഭാവിയെക്കുറിച്ച് സംശയാലുക്കളാകുകയും നിരാശപ്പെട്ടു തുടങ്ങുകയും, അവരുടെ നടുവൊടിഞ്ഞ നിലയിൽ നിർഭാഗ്യരായിട്ടുള്ള നിരവധിപേർ മതനിരാസത്തിലേയ്ക്കുള്ള വഴിയിൽ നീങ്ങുകയും ചെയ്യുമ്പോൾ സർവ്വശക്തനായ ദൈവം രണ്ടാംതവണ തന്റെ ഊക്കേറിയ അത്ഭുതശക്തി വെളിപ്പെടുത്തുകയും തകർച്ചയിലെത്തിയ ജമാഅത്തിന്റെ കാലുറപ്പിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ, അന്ത്യം വരെ സഹനം കൈക്കൊള്ളുന്നവർക്ക് ദൈവത്തിന്റെ ഈ അത്ഭുതദൃഷ്ടാന്തം കാണാൻ കഴിയുന്നു.

ഹദ്റത്ത് അബൂബക്കർ സിദ്ദീഖിന്റെ കാലത്ത് തിരുനബിയുടെ ചരമം - അത് അകാലചരമം ആയി കരുതപ്പെടുകയുണ്ടായി - വിവരം ദോഷികളായ നരിവധി ബദവികൾ 'മുർത്തദ്ദു'കളായിപ്പോകയും സഹാബിമാർപോലും ദുഃഖഭാരംനിമിത്തം ഭ്രാന്ത് പിടിപെട്ടവരെപോലെയായി മാറുകയും ചെയ്തിരുന്നു. ആ സന്ദിഗ്ധഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് അബൂബക്കർ സിദ്ദീഖിനെ എഴുന്നേൽപിച്ചുകൊണ്ട് വീണ്ടുമൊരിക്കൽ ദിവ്യശക്തിയുടെ ഹസ്തം നീട്ടിക്കാട്ടുകയും ഇസ്‌ലാമിനെ നാശത്തിൽ നിന്ന് രക്ഷിക്കുകയും ചെയ്തു. അങ്ങനെ ദൈവം,

"അവർക്കായി അവൻ തൃപ്തിപ്പെട്ട മതം അവൻ അവർക്ക് ശക്തിപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയപ്പാടിനുശേഷം അവർക്ക് സമാധാനവും രക്ഷയും പ്രദാനം ചെയ്കയും ചെയ്യും." എന്ന അവന്റെ വാഗ്ദാനം നിറവേറ്റുകയുമുണ്ടായി. ഇപ്രകാരം തന്നെ ഹദ്റത്ത് മൂസാബിയുടെ (അ) കാലത്തും സംഭവിച്ചു. ബനി ഇസ്രായീലിനു വാഗ്ദാനം ചെയ്യപ്പെട്ട ലക്ഷ്യസ്ഥാനത്ത്, പുണ്യസ്ഥലത്ത് എത്തിക്കപ്പെടുന്നതിന് മുമ്പ് ഹദ്റത്ത് മൂസാനബി(അ) മിസ്റിനും (ഈജിപ്ത്) കൻആന്നും (പലസ്തീൻ) ഇടയിലുള്ള വഴിയിലൊരിടത്ത് വച്ച് ചരമം പ്രാപിക്കുകയും അദ്ദേഹത്തിന്റെ വേർപാട് ബനീഇസ്രായീൽക്കാരിൽ വലുതായ അലമുറകൾ സൃഷ്ടിക്കുകയും ചെയ്തു. ഹദ്റത്ത് മൂസാനബി(അ)ന്റെ അപ്രതീക്ഷിതമായ ഈ വേർപാടു മൂലം ബനീ ഇസ്രായിൽ ക്കാർ നാൽപത്നാൾ കരഞ്ഞുകൊണ്ടിരുന്നതായി 'തൗറാ'ത്തിൽ (പഴയനിയമം) എഴുതിയിരിക്കുന്നു. ഇപ്രകാരം തന്നെ ഹദ്റത്ത് ഈസാ(അ)ന്റെ കാര്യത്തിലും സംഭവിച്ചു. കുരിശുസംഭവവേളയിൽ മുഴുവൻ 'ഹവാ രി'ങ്ങളും ഒറ്റതിരിഞ്ഞുപോകയും അവരിൽ ഒരാൾ മതം ഉപേക്ഷിക്കുകയും ചെയ്തു.

ആകയാൽ, അല്ലയോ പ്രിയന്മാരേ, പണ്ടുപണ്ടേ ദൈവത്തിന്റെ സുന്നത്ത് ഇതാണ്. അവൻ രണ്ടുതരം ദിവ്യശക്തിപ്രതിഭാസം കാണിക്കുന്നു. ഇങ്ങനെ ശത്രുക്കളുടെ രണ്ടുതരം ആഹ്ലാദാഭാസങ്ങളെയും അവൻ തകർത്തുകളയുന്നു. അതുകൊണ്ട് അല്ലാഹുവിന്റെ പണ്ടുപണ്ടേയുള്ള ആ രീതിമുറ ഇപ്പോൾ ഉപേക്ഷിച്ചുകളയുക സംഭവ്യമല്ല. ഞാനിപ്പോൾ നിങ്ങളോട് വിവരിച്ചു പറഞ്ഞ കാര്യങ്ങളിൽ നിങ്ങൾ ദുഃഖിതരാവേണ്ടതില്ല. നിങ്ങൾ അസ്വസ്ഥരാവുകയും വേണ്ട. എന്തുകൊണ്ടെന്നാൽ, നിങ്ങളിൽ രണ്ടാം ഖുദ്റത്ത് വെളിപ്പെടുന്നത് നിങ്ങൾ കാണേണ്ടത് ആവശ്യമാകുന്നു. അത് വരുന്നത് നിങ്ങൾക്ക് കൂടുതൽ ഉത്തമമായിരിക്കും. ●

(അൽവസിയ്യത്ത്)



ഖലീഫ തിരുമനസ്സിന്റെ കേരളസന്ദർശനം

ഹദ്റത്ത് മിർസാ മസ്റൂർഅഹ്മദ്
(ഖലിഫത്തുൽ മസീഹ് - )

# ജീവിതത്തിന്റെ ഉദ്ദേശം തിരിച്ചറിയുക

**28 നവംബർ 2008ന് കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസിൽ വെച്ച് നിർവ്വഹിച്ച ഖുത്ബയുടെ സംഗ്രഹം**

സൂറ:ഫാത്തിഹ ഓതിയതിനു ശേഷം

തനിക്ക് കേരളം സന്ദർശിക്കാൻ കഴിഞ്ഞതിൽ അല്ലാഹുവിന് നന്ദിപ്രകാശിപ്പിച്ചുകൊണ്ടാണ് ഖലീഫത്തുൽ മസീഹ് ഖുത്ബ ആരംഭിച്ചത്.

ഈ പ്രദേശത്തെ ആളുകൾ തങ്ങളുടെ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, ഞാൻ ഇവിടം സന്ദർശിക്കണമെന്ന് 2005ൽ തന്നെ ഉദ്ദേശിച്ചിരുന്നു. അഹ്മദികളുടെ കൂറും ആത്മാർത്ഥതയും അറിയാൻ അവരുടെ അരികിലേക്ക് പോയാൽ മാത്രമേ പലപ്പോഴും സാധ്യമാവുകയുള്ളൂ. ഈ ഭാഗങ്ങളിലുള്ള പല അഹ്മദികളേയും ഹുസൂർ തിരുമനസ്സ് ഖാദിയാനിൽ വെച്ചും ലണ്ടനിൽ വെച്ചും ഇതിന് മുമ്പും കണ്ടിട്ടുണ്ടെന്ന് ഖുത്ബയിൽ പറഞ്ഞു. പക്ഷേ, ധാരാളം അഹ്മദികളെ അവരുടെ സ്വന്തം ജന്മനാട്ടിൽ വെച്ച് വ്യക്തിപരമായി കാണുക എന്നത് അല്ലാഹു ചെയ്തുതരുന്ന ഒരനുഗ്രഹമാണ് അതാണ് ഇപ്പോൾ ഇവിടെ നിറവേറ്റിയിരിക്കുന്നതെന്ന് പറഞ്ഞുകൊണ്ട് ഹുസൂർ തുടർന്നു: 'എന്റെ സംഘത്തിലുള്ള ചിലർ കേരളത്തിലെ അഹ്മദികളുടെ അച്ചടക്കം ഇന്തോനേഷ്യൻ അഹ്മദികളെ അനുസ്മരിപ്പിക്കുന്നുവെന്നും അതല്ല ആഫ്രിക്കൻ അഹ്മദികളെയാണ് കേരളത്തിലെ അഹ്മദികളുടെ കൂറും ഭക്തിയും ഓർമ്മിപ്പിക്കുന്നതെന്നും പറയുകയുണ്ടായി. പക്ഷേ, എനിക്ക് അനുഭവപ്പെട്ടത് അഹ്മദികൾ എവിടെയായിരുന്നാലും ശരി അവരുടെ കൂറും ഭക്തിയും അതുല്യമാണെന്നാണ്. ഇവിടെ കൂടിയിരിക്കുന്നവരിൽ പലരും ജീവിതത്തിലാദ്യമായാണ് ഒരു ഖലീഫയെ നേരിൽ കാണുന്നത്. അവരുടെ കണ്ണുകളിലെ സ്നേഹവും ആത്മാർത്ഥമായ സമർപ്പണബോധവും പ്രകടമാണ്. ഇത് സാധ്യമാകുന്നത് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നത് കൊണ്ടാണ്. ഇത്തരത്തിലുള്ള ആത്മാർത്ഥതയും കൂറും കണ്ടിട്ടും അനഹ്മദികൾ മസീഹ് മഊദിനെ നിഷേധിക്കുന്നത് പരിതാപകരം തന്നെ. ഈ ആത്മാർത്ഥയാണ് ജമാഅത്തിന്റെ അനുപമമായ ഉന്നതങ്ങളിലേക്കും ലക്ഷ്യപ്രാപ്തിയിലേക്കും ആനയിക്കുന്നത്.'

'ഓരോ അഹ്മദിയുടേയും ജീവിതലക്ഷ്യം അല്ലാഹുവിന്റെ പ്രീതിയും സാമീപ്യവും കരസ്ഥമാക്കുക എന്നതായിരിക്കണം. റസൂൽ തിരുമേനി (സ)യുടെ അദ്ധ്യാപനങ്ങൾ അനുസരിച്ചുകൊണ്ട് നാം ഈ പരിശ്രമത്തിൽ മുഴുകിയിരിക്കണം. വാഗ്ദത്ത മസീഹ് നമ്മിൽ കാണുവാനാഗ്രഹിച്ച പരിവർത്തനം നാം സ്വയം ഉണ്ടാക്കിത്തീർക്കണം. മസീഹ് മൗഊദിനെ ബൈയ്യത്ത് ചെയ്തതിന്ന് ശേഷം ഒരാളുടെ ലക്ഷ്യം അവിടുന്ന് വിഭാവനം ചെയ്ത നിലവാരമനുസരിച്ച് നമ്മെ രൂപപ്പെടുത്തിയെടുക്കുന്നതിനായിരിക്കണം. ഇത് അവഗണിച്ച് ഖലീഫയെ പുകഴ്ത്തി ഗാനമാലപിച്ചതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ധാരാളം ആളുകൾ ഭൗതിക നേതാക്കന്മാരോട് വൈകാരികമായി പ്രതിബദ്ധത പുലർത്തുന്നവരാണ്. ചിലർ ഭൗതിക ലക്ഷ്യങ്ങൾ നേടാനായി വളരെയേറെ ത്യാഗങ്ങൾ ചെയ്യുന്നവരാണ്. പക്ഷേ, എത്രയോ പേർ അല്ലാഹുവിനും അവന്റെ

പ്രവാചകനും (സ) വേണ്ടി ത്യാഗ ങ്ങൾ അനുഷ്ഠിക്കാൻ തയ്യാറുണ്ട്. ഭൗതിക നേതാക്കന്മാർക്കുവേണ്ടി അനുഷ്ഠിക്കുന്ന ത്യാഗങ്ങൾക്ക് യാതൊരു പ്രസക്തിയുമില്ല. ആ ത്യാഗങ്ങളൊന്നും തന്നെ ഇസ്ലാമികാദ്ധ്യാപനങ്ങൾ അനുസരിച്ചുള്ള തല്ല. ഈ കാലഘട്ടത്തിന്റെ യഥാർത്ഥ നേതാവ് വാഗ്ദത്ത മസീഹ് മാത്രമാണ്. അദ്ദേഹത്തിന്റെ അവതരണോദ്ദേശ്യം ഇസ്ലാമിന്റെ യഥാർത്ഥ അദ്ധ്യാപനങ്ങളെ പുനരുജ്ജീവിപ്പിക്കലാണ്. അതുകൊണ്ട് ഓരോ അഹ്മദിയും വാഗ്ദത്ത മസീഹ് വിവരിച്ചത് പ്രകാരം ഖുർആനികാദ്ധ്യാപനങ്ങൾ പ്രാവർത്തികമാക്കണമെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു. അല്ലാഹുവിനോട് യഥാർത്ഥ ബന്ധം പുലർത്തി അത്യാഗ്രഹം, കളവ്, ചതി, അഹങ്കാരം, മിഥ്യാഭിമാനം, സ്വാത്മഗുണം പെരുപ്പിച്ചു കാണൽ എന്നീ ദുർഗുണങ്ങളിൽ നിന്നും വിട്ടു നില്ക്കണമെന്നു പറയുന്ന വാഗ്ദത്തമസീഹി (അ) ന്റെ ഒരു ഉദ്ധരണി അതിനുശേഷം, ഹുസൂർ തിരുമനസ്സ് വായിക്കുകയുണ്ടായി. ദൈവവുമായി അത്തരത്തിലുള്ള ഒരു ബന്ധം നാം സ്ഥാപിച്ചെടുത്തില്ലെങ്കിൽ പ്രതിസന്ധികളെ അഭിമുകരിക്കുന്ന കാര്യത്തിൽ നാം അങ്ങേയറ്റം ദുർബലമായിപ്പോകും. അതുകൊണ്ട് അന്ധകാരത്തിനെതിരെ ആത്മീയ വെളിച്ചവുമായി നാം പോർക്കളത്തിലിറങ്ങണം. അങ്ങിനെയായെങ്കിൽ മാത്രമേ പിശാചിന്റെ ചതിയിൽ നിങ്ങൾ അകപ്പെടാതിരിക്കുകയുള്ളൂ.

വാഗ്ദത്ത മസീഹ് നമുക്ക് തന്ന ലക്ഷ്യം ദൈവത്തോട് നിരന്തര സഹായം തേടിക്കൊണ്ട് അവനുമായി ഒരു വൈയക്തിബന്ധം സ്ഥാപിച്ചെടുക്കുക എന്നതാണ്. ഇത് സാധ്യമാകണമെങ്കിൽ നമ്മുടെ സൃഷ്ടിപ്പിന്റെ ഉദ്ദേശത്തെ സംബന്ധിച്ച് നാം ബോധവാന്മാരാകണം. ഖുർആൻ പറയുന്നു. *'ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കാനായിട്ടല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല.'* (51:57) 'ഈ ലക്ഷ്യം നാം മനസ്സിൽ സദാസമയവും സൂക്ഷിക്കുകയാണെങ്കിൽ വീഴ്ചകളെ ഇല്ലായ്മ ചെയത് നന്മകൾ കരസ്ഥമാക്കണമെന്ന ദൈവ കല്പന പ്രാവർത്തികമാക്കുവാൻ സാധിക്കും. ഇങ്ങിനെ നാം പ്രാവർത്തിക്കുമ്പോൾ അല്ലാഹുവുമായുള്ള നമ്മുടെ ബന്ധം കൂടുതൽ ദൃഢതരമാവുകയാണ്. ഓർക്കുക ഖിലാഫത്ത് മാത്രമാണ് സത്യവിശ്വാസികൾക്ക് അത്തരത്തിൽ ശിർക്കിൽ നിന്നും തീർത്തും മുക്തമായിക്കൊണ്ടുള്ള ഒരു ബന്ധം വാഗ്ദാനം ചെയ്യുന്നത് ഈ അനുഗ്രഹങ്ങൾ നമ്മോടൊപ്പം നിലനിൽക്കണമെങ്കിൽ നമ്മുടെ ജീവിത ലക്ഷ്യം എന്താണെന്ന കാര്യം നമ്മുടെ ഹൃദയത്തിൽ എപ്പോഴും ഉണ്ടായിരിക്കണം.'

'ഏറ്റവും അടിസ്ഥാനപരമായ കാര്യം അല്ലാഹുവിനെ അഞ്ചുസമയവും ദിനേന ആരാധിക്കുക എന്നതാണ്. പുരുഷന്മാരാകട്ടെ സ്ത്രീകളാകട്ടെ കുട്ടികളാകട്ടെ വൃദ്ധന്മാരാകട്ടെ നിസ്കാരം നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിക്കൊണ്ട് ഒരിക്കലും തന്നെ സാത്വികതയുടെ ഉന്നത നിലവാരത്തിൽ നമുക്ക് എത്തിച്ചേരാൻ സാധ്യമല്ല എന്നു ഹുസൂർ പറഞ്ഞു. വാഗ്ദത്ത മസിഹി (അ)ന്റെ മറ്റൊരു ഉദ്ദരണി വായിച്ചുകൊണ്ട് ഹുസൂർ നിസ്കാരം ദൈവ പ്രാപ്തിക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു പാധിയാണ്. നിങ്ങൾ അല്ലാഹുവെ നേരിൽ കാണുന്നു എന്ന വിധത്തിൽ നിസ്കാരം നിർവ്വഹിക്കണം. ഒരാൾ വലിയൊരു നേതാവിനെ കാണുമ്പോൾ ഒരുവിധത്തിലുള്ള ഭയം അയാളിൽ നാമ്പെടുക്കുന്നു എന്നാൽ ദൈവം ഏറ്റവും വലിയ സർവ്വശക്തനാണ്. അങ്ങിനെയുള്ള ദൈവത്തെ നാം നേരിൽ കാണുന്നു എന്ന ബോധം തമ്മിൽ തീർച്ചയായും ഭയഭക്തി ഉണ്ടാക്കും. വല്ല നിങ്ങൾക്കതിനാവുന്നില്ലെങ്കിൽ സർവ്വശക്തനായ ദൈവം നിങ്ങളെ കണ്ടുകൊണ്ടിരിക്കുന്നു എന്ന ബോധമെങ്കിലും നിങ്ങൾക്കുണ്ടാകണം. നാം ഇത്തരത്തിൽ പരിശീലനം ചെയ്യുകയാണെങ്കിൽ നമ്മുടെ നിസ്കാരത്തിലുള്ള ശ്രദ്ധയും നിലവാരവും വർദ്ധിച്ചു വരുന്നതായിക്കാണാം. അവർ ലൗകിക ചിന്തകളിൽ നിന്നും വിമുക്തരായിരിക്കും. എന്നാൽ ഈ നിലകൈവരിക്കാൻ സാധിക്കാത്തവർ ഈ നിലയിൽ എത്തിച്ചേരാൻ സാധ്യമല്ല എന്ന് കരുതി നിരാശപ്പെടേണ്ടതില്ല. ഈ അവസ്ഥയിലെത്തിച്ചുചേരാനുള്ള പരിശ്രമങ്ങളെ പറ്റിയാണ് നാം ചിന്തിക്കേണ്ടത്. അങ്ങിനെ നാം ചെയ്യുകയാണെങ്കിൽ നമ്മുടെ യത്നങ്ങളിൽ അല്ലാഹു ശക്തിപകരുകയും അനുഗ്രഹിക്കുകയും ചെയ്യുന്നതാണ്. അല്ലാഹു ഖുർആനിൽ പറയുന്നു. *'എന്റെ കാരുണ്യം സകലതിനേയും വലയം ചെയ്തിരിക്കുന്നു.'* (7:157)

അല്ലാഹുവിന്റെ അനുഗ്രഹം നമുക്ക് ലഭിച്ചു തുടങ്ങുമ്പോൾ അവനെ സമീപിക്കാനുള്ള നമ്മുടെ ശ്രമങ്ങളെ അവൻ ശക്തിപ്പെടുത്തിക്കൊണ്ടിരിക്കും. ഇങ്ങനെ വ്യക്തികൾ പരിശ്രമിച്ചു കൊണ്ടിരിക്കുമ്പോൾ മുഴുവൻ ജമാഅത്തിനും അതിന്റെ ഫലമനുഭവിക്കാൻ സാധ്യമാകും. അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ജമാഅത്തിൽ ധാരാളം ആളുകൾ തഹജ്ജുദ് നമസ്കാരം നിർവ്വഹിക്കുന്നവരാണ്. അവർ ദൈവവുമായുള്ള സ്നേഹത്തിൽ വളരേയെറെ മു ന്നോട്ടുപോയിട്ടുണ്ട്. പക്ഷേ, വാഗ്ദത്ത മഹ്ദി

***(ശേഷം 11-ൽ)***



ഖലീഫ തിരുമനസ്സിന്റെ കേരളസന്ദർശനം

കെ.വി. ഹസ്സൻകോയ

# ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്

## ജീവിതരേഖയും സേവനങ്ങളും

| | | |
|---|---|---|
| **പിതാവ്** | : | മിർസാ മൻസൂർ അഹ്മദ് സാഹിബ് |
| **മാതാവ്** | : | ശിബ്സാദ് നാസിറാ ബീഗം |
| **പിതാമഹൻ** | : | ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (വാഗ്ദത്ത മഹ്ദി) |
| **ജനനം** | : | 1950 സെപ്ത: 15 റബ്വ, പാകിസ്താൻ |
| **വിദ്യാഭ്യാസം** | : | അഗ്രിക്കൾച്ചറൽ എക്ണോമിക്സിൻ ബിരുദാനന്തരബിരുദം |
| **കുടും1ബം** | : | അമതുൽ സബൂഹ് ബീഗം (ഭാര്യ)<br>മിർസാ വക്കാസ് അഹ്മദ് (മകൻ)<br>അമതുൽ വാരിസ്ഫാത്തിമ (മകൾ)<br>ഖലീഫ 2003 ഏപ്രിൽ 19നു അഞ്ചാമത്തെ ഇസ്ലാമിന്റെ ആഗോള ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു. |

**സേവനങ്ങൾ** :

- 1977. ജീവിതം ഇസ്ലാമിക സേവനത്തിനുവേണ്ടി സമർപ്പിച്ചതിനുശേഷം ആഫ്രിക്കയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ നുസ്റത്ത് ജഹാൻ സ്കീമിനു (സാമൂഹിക, വിദ്യാഭ്യാസ സാമ്പത്തിക വികസനപദ്ധതി) കീഴിൽ പ്രവർത്തിച്ചു.
- ഘാനയിൻ രണ്ട് സെക്കന്ററി സ്കൂളുകൾ സ്ഥാപിച്ചു. അതിന്റെ പ്രിൻസിപ്പാളായി രണ്ട് വർഷം സേവനമനുഷ്ഠിച്ചു. പിന്നീട് ഘാനയിലെ സെക്കിയർ ജില്ലയിലെ ഹൈസ്കൂൾ പ്രിൻസിപ്പാളായി സേവനമനുഷ്ഠിച്ചു.
- രണ്ട് വർഷം ഘാനയിലെ അഹ്മദിയ്യാ കൃഷിഫാമിന്റെ മേധാവിയായി ഘാനയിൽ ആദ്യമായി ഗോതമ്പ് വിളയിച്ചു സർക്കാറിന്റെ ബഹുമതി വാങ്ങി.
- 1985നു പാകിസ്താനിലേക്ക് മടങ്ങി. പാകിസ്താൻ അഹ്മദിയ്യാ ജമാഅത്തിന്റെ ധനകാര്യവകുപ്പ് മേധാവിയായി നിയമിക്കപ്പെട്ടു.
- 1994 ജൂൺ 18ന് പാകിസ്താനിലെ അഹ്മദിയ്യാ ജമാഅത്തിന്റെ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറായി നിയമിക്കപ്പെട്ടു.
- 1994 – 1997 പാകിസ്താനിലെ അഹ്മദികളുടെ ആസ്ഥാനമായ റബ്വാ പട്ടണത്തെ ഹരിതവത്ക്കരണത്തിന്റെ മേധാവിയായി നിയമിക്കപ്പെട്ടു.
- 1988–1995 ജമാഅത്തിലെ ഖാളിമായി.
- 1997 ഡിസംബർ 10ന് പാകിസ്താനിലെ അഹ്മദിയ്യാ ജമാഅത്തിന്റെ നാസിർ – അഅ്ലാ (മുഖ്യകാര്യദർശി)യും ദേശീയ അമീറുമായി നിയമിക്കപ്പെട്ടു. ഖലീഫയായി തിരഞ്ഞെടുക്കുന്നത് വരെ 5 വർഷം ആ സ്ഥാനത്ത് തുടർന്നു.

- 1999 ഏപ്രിൽ 30ന് പാകിസ്താൻ ഭരണകൂടത്തിന്റെ അഹ്മദിയ്യാ പീഢനങ്ങളുടെ ഭാഗമായി ജയിലിലടച്ചു. 1999 മെയ് 10ന് മോചിതനായി.

## ഖലീഫയാകുന്നു

- 2003 ഏപ്രിൽ 19ന് ഖലീഫത്തുൽ മസീഹ് നാലാമൻ ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് ദിവംഗതനായതിനെ തുടർന്ന് ഖലീഫയായി തിരഞ്ഞെടുക്കപ്പെട്ടു.
- ഖലീഫയായതിനുശേഷം ജമാഅത്തുകളിൽ ആഗോളതലത്തിൽ കന്നിസന്ദർശനങ്ങൾ നടത്തി.
- 2003 ഒക്ടോബർ 3ന് ഇസ്ലാമിക വാസ്തുശില്പകലയുടെ ഗംഭീര ആവിഷ്ക്കാരമെന്ന് വിശേഷിപ്പിക്കപ്പെട്ട ലണ്ടനിലെ സുപ്രസിദ്ധമായ ബൈത്തുൽ ഫുത്തൂഹ് മസ്ജിദ് ഉദ്ഘാടനം ചെയ്തു.
- 2003 നവംബർ 15 ഘാന, ഖലീഫ തിരുമനസ്സിനെ ക്ഷണിച്ചു സ്വീകരണം നൽകി.
- 2004 ഏപ്രിൽ 23 അഹ്മദിയ്യാ ജമാഅത്തിന്റെ 2ാം ചാനൽ എം.ടി.എ. യുടെ ഉദ്ഘാടനം ചെയ്തു.
- 2004 ജൂൺ 21 മുതൽ ജൂലായ് 5 വരെ കാനഡ ഭരണകൂടത്തിന്റെ ഔദ്യോഗിക അതിഥിയായി ക്ഷണിച്ചു.
- തദവസരത്തിൽ കാനഡയിലെ ബൈത്തുൽ ഇസ്ലാം പള്ളി സന്ദർശിക്കുകയും കാനഡാ അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയും ചെയ്തു.
- 2004 ആഗസ്റ്റ് 16 മുതൽ സെപ്തംബർ 15 വരെ ജർമ്മനി സ്വിറ്റ്സർലാന്റ് ബെൽജിയം എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയും അവിടങ്ങളിലെ ദേശീയ അഹ്മദിയ്യാ സമ്മേളനങ്ങളെ അഭിമുഖീകരിച്ചു സംസാരിച്ചു.
- 2004 ഒക്ടോബർ 1ന് ലണ്ടനിലെ ബെർമിംങ്ഹാമിൽ ദാറുൽ ബറാക്ക് മോസ്ക് ഉദ്ഘാടനം ചെയ്തു. തദവസരത്തിൽ യൂറോപ്യൻ രാജ്യങ്ങളിലെ നിരവധി പ്രതിനിധികൾ പങ്കെടുത്തു.
- 2004 ഡിസംബർ 27ന് ഫ്രാൻസിൽ വെച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഫ്രാൻസ് ദേശീയ സമ്മേളനം ഉദ്ഘാടനം ചെയ്തു. 28ന് ഫ്രാൻസിൽ വെച്ച് എം.ടി.എ.യിലൂടെ ഖാദിയാനിലെ ഇന്ത്യൻ ദേശീയ അഹ്മദിയ്യാ സമ്മേളനവും ഉദ്ഘാടനം ചെയ്തു.
- 2005 ജനുവരിയിൽ സ്പെയിനിലെ അഹ്മദിയ്യാ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്തു.
- 2005 ഏപ്രിൽ 26 മുതൽ 25 വരെ ഹുസൂർ കിഴക്കനാഫ്രിക്കൻ രാജ്യങ്ങളിലെ കെനിയ, താൻസാനിയ, ഉഗാണ്ട എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. കെനിയയിൽ മന്ത്രിസഭ നൽകിയ ഔദ്യോഗിക വിരുന്നിൽ പങ്കെടുത്തു.
- 2005 മെയ് 14ന് താൻസാനിയൻ പ്രസിഡണ്ടിന്റെ അതിഥിയായി താൻസാനിയ സന്ദർശിച്ചു.
- 2005 മെയ് 17ന് ഉഗാണ്ടയുടെ സ്റ്റേറ്റ് ഗസ്റ്റായി വിദേശകാര്യമന്ത്രി സ്വീകരിച്ചു.
- 2005 മെയ് 19, 20 തിയ്യതികളിൽ ഉഗാണ്ട ദേശീയ അഹ്മ ദിയ്യാ സമ്മേളനത്തിൽ പ്രസംഗിച്ചു.
- 2005 ജൂൺ4ന് കനഡയിലെ ഭരണകൂടത്തിന്റെ അതിഥിയായി സന്ദർശിച്ചു. ജൂൺ 24, 25, 26 തിയ്യതികളിൽ കാനഡയിലെ ദേശീയ അഹ്മദിയ്യാ സമ്മേളനത്തെ ഖലീഫ അഭിസംബോധന ചെയ്തു.
- 2005 ആഗസ്റ്റ് മുതൽ ജർമ്മനി, ബെൽജിയം, ഡെൻമാർക്ക്, സ്വീഡൻ, നോർവ്വേ, ഹോളണ്ട് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു.
- 2005 സെപ്തംബർ 6ന് ഡെൻമാർക്ക് സന്ദർശിച്ചു സ്കാന്റിനേവിയൻ രാജ്യങ്ങളിലെ അഹ്മദിയ്യാ കൺവെൻഷനിൽ പ്രസംഗിച്ചു.
- 2005 ഒക്ടോബറിൽ 1ന് ഇംഗ്ലണ്ടിൽ ഇസ്ലാം മതപ്രചാരകരെ വളർത്തിയെടുക്കാൻ വിപുലമായ അഹ്മദിയ്യാ ജാമിയ്യാ കോളേജ് ഉദ്ഘാടനം ചെയ്തു.
- 2005 നവംബറിൽ 28 മുതൽ ഡിസംബർ 10 വരെ മൊറീഷ്യസ് സന്ദർശനം നടത്തി. അവിടെ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്തു. മൊറീഷ്യസിൽ പ്രസിഡണ്ടിനേയും വൈസ് പ്രസിഡണ്ടിനേയും സന്ദർശിച്ചു.
- 2005 ഡിസംബർ 11ന് ചരിത്രപ്രസിദ്ധമായ ഇന്ത്യയിലെ ഖാദിയാൻ സന്ദർശനം.

- ഇന്ത്യയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്തു.
- 2006 ഏപ്രിൽ 4 മുതൽ മെയ് 4 വരെ സിംഗപൂർ, ആസ്ത്രേലിയ, ഫിജി, ന്യൂസിലണ്ട്, ജപ്പാൻ എന്നിവിടങ്ങൾ സന്ദർശിച്ചു.
- സിംഗപ്പൂരിലെ ചരിത്രപ്രസിദ്ധമായ ജുമാനമസ്കാരത്തിൽ അയൽരാജ്യങ്ങളിൽ നിന്നുള്ള നിരവധി പേർ പങ്കെടുത്തു.
- 2006 ഏപ്രിൽ 15, 16, 17 തിയ്യതികളിലെ കാൻബറയിൽ വെച്ച് നടന്ന സമ്മേളനത്തിൽ അഹ്മദിയ്യാ സെന്റിനറി ഹാളിന് തറക്കല്ലിട്ടു.
- ഫിജിയിലെ ഭരണാധികാരികൾ വമ്പിച്ച സ്വീകരണം നൽകി.
- 2006 മെയ് 4 ന്യൂസിലാണ്ടിൽ എത്തി 5, 6 തിയ്യതികളിൽ ദേശീയ സമ്മേളനത്തിൽ പ്രസംഗിച്ചു.
- 2006 മെയ് 8ന് ജപ്പാൻ സന്ദർശനത്തിൽ നിരവധി ഗവൺമെൻറ് ഒഫീഷ്യലുകൾ പങ്കെടുത്തു മെയ് 14ന് ഹിരോഷിമ സമാധാന സ്മാരക മ്യൂസിയം സന്ദർശിച്ചു.
- 2006 ജൂൺ 3 മുതൽ 20 വരെ ബെൽജിയം, ഹോളണ്ട്, ജർമ്മനി സന്ദർശിച്ചു.
- ജമാഅത്ത് – 200 ഏക്കർ സ്വന്തം സ്ഥലത്ത് ഹദീക്കത്തുൽ മഹ്ദി എന്ന് നാമകരണം ചെയ്തു. 2006, ജൂലായ് 28, 29, 30 തിയ്യതികളിൽ സമ്മേളനം നടത്തി.
- 2007 മാർച്ച് 23 എം.ടി.എ.യുടെ അറബിക് ചാനൽ ഉദ്ഘാടനം ചെയ്തു.
- 2007 ഹോളണ്ട് സന്ദർശിച്ച് ഇസ്ലാമിനെ വിമർശിച്ചുകൊണ്ട് ഗീർട്ട് വൈൽഡേഴ്സ് നടത്തിയ വിമർശനങ്ങൾക്ക് മറുപടി പറഞ്ഞു.
- 2007 ആഗസ്റ്റ് 31 മുതൽ സെപ്തംബർ 2 വരെ ജർമ്മൻ അഹ്മദിയ്യാ ദേശീയ സമ്മേളനത്തെ അഭിസംബോധന ചെയ്തു.
- 2007 ഡിസംബർ 10ന് വിപുലമായ എം.ടി.എ. സംപ്രേഷണത്തിനുള്ള കെട്ടിട സമുച്ചയം ഉദ്ഘാടനം ചെയ്തു.
- 2008 ഒക്ടോബർ 16ന് കിഴക്കൻ ജർമ്മനിയിൽ 'കദീജാ മോസ്ക്' ഉദ്ഘാടനം ചെയ്തു.
- 2008 ഒക്ടബോർ 18ന് ഫ്രാൻസിലെ 'മസ്ജിദ് മുബാറക്ക്' ഉദ്ഘാടനം ചെയ്തു.
- 2008 ഒക്ടോബർ 22ന് ബ്രിട്ടീഷ് പാർലമെൻറ് അംഗങ്ങൾ നൽകിയ സ്വീകരണത്തിന് ബ്രിട്ടീഷ് പാർലമെൻറ് ഹൗസിൽ ബ്രിട്ടീഷ് എം.പി. മാരെ അഭിസംബോധന ചെയ്തുകൊണ്ട് പ്രസംഗിച്ചു.
- 2008 നവംബർ 9ന് ഇംഗ്ലണ്ടിലെ ബ്രെഡ്ഫോർഡിൽ 'അൽ മഹ്ദി' മോസ്ക് ഉദ്ഘാടനം ചെയ്തു. നവംബർ 16ന് ബൈത്തുൽ ആഫിയത്ത് എന്ന ഒരു പള്ളി ഇംഗ്ലണ്ടിലെ ഷെഫീൽഡിംലും ഉദ്ഘാടനം ചെയ്തു. ●

*(8-ൽ നിന്ന് തുടർച്ച)*

(അ) ആഗ്രഹിച്ചത് നമ്മുടെ ജമാഅത്തിൽ ബഹുഭൂരിപക്ഷവും ഇത്തരത്തിൽ ഈ നിലവാരത്തിൽ തഖ്വയിൽ മുന്നേറമെന്നാണ്. ഇങ്ങനെ ജമാഅത്തിലെ ഭൂരിപക്ഷം ഭയഭക്തിയിൽ മുന്നേറുമ്പോൾ ആ ജമാഅത്തിന് പ്രാമുഖ്യം ലഭിക്കുന്നതായി നമുക്ക് കാണാം. നമ്മുടെ സൽപ്രവർത്തികൾ നമ്മിലേക്ക് മറ്റുള്ളവരെ ആകർഷിക്കുന്നു. അതുതന്നെ ദഅ്വത്തെ ഇലല്ലാഹിലേക്കുള്ള ഒരു പ്രേരകമായിത്തീരുകയും ചെയ്യുന്നു.

ഹുസൂർ തിരുമനസ് ഇപ്രകാരം ഖുതുബ ഉപസംഹരിക്കുകയുണ്ടായി. ഇവിടത്തെ അഹ്മദികൾ വിശ്വാസകാര്യത്തിൽ ആത്മാർത്ഥതയുള്ളവരാണ്. പ്രാർത്ഥനയുടെ സ്വീകാര്യതയിൽ അവർ വിശ്വസിക്കുന്നു. ദൈവവുമായി സാമീപ്യം പ്രാപിക്കാൻ അവർ കഠിനമായി പരിശ്രമിക്കുകയും ചെയ്യുന്നു. അവരുടെ സന്താനങ്ങളെ സൽപാന്ഥാവിലാക്കാൻ വേണ്ടി പ്രാർത്ഥിക്കാൻ നിരന്തരമായി അവർ നടത്തുന്ന അഭ്യർത്ഥനകളിൽ നിന്നും നമുക്കിത് മനസ്സിലാക്കാം. ഈ ആത്മാർത്ഥത ഒരിക്കലും മങ്ങലേൽക്കാതെ സൂക്ഷിക്കുക. എന്ന് ഹുസൂർ തിരുമനസ്സ് ഉപദേശിക്കുകയുണ്ടായി. നിങ്ങളുടെ ആത്മീയജീവിതപുരോഗതിക്ക് തടസ്സമായ എല്ലാവിധ ശിർക്കിൽ നിന്നും നിങ്ങൾ ദൂരപ്പെട്ടുനിൽക്കണം. നിങ്ങൾ അനഹ്മദികളുമായി വളരെയേറെ ബന്ധപ്പെട്ടു ജീവിക്കുന്നവരാണ്. അതുകൊണ്ട് ബിദ്അത്തുകളിൽ (അനാചാരങ്ങൾ) നിന്നും നിങ്ങൾ സ്വയം സുരക്ഷിതരായി നില്ക്കണം. ഇവിടുത്തെ അഹ്മദികൾ നൂറുശതമാനം സാക്ഷരരാണ്. നിങ്ങളുടെ ഈ വിദ്യാഭ്യാസം ദീനിന്റെ സംരക്ഷണത്തിന്

*(ശേഷം 13-ൽ)*



## ഖലീഫ തിരുമനസ്സിന്റെ കേരളസന്ദർശനം

# ഖലീഫ തിരുമനസ്സ് ഡൽഹിയിൽ

ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ലണ്ടനിലെ ഹിത്രൂവിമാനത്താവളത്തിൽ നിന്നും നവംബർ 22ന് പുറപ്പെട്ട് ഡൽഹി ഇന്ദിരാഗാന്ധി ഇന്റർനാഷനൽ എയർപോർട്ടിൽ ബ്രിട്ടീഷ് എയർ വേയ്സിന്റെ വിമാനത്തിൽ എത്തിച്ചേർന്നു.

ഖലീഫ തിരുമനസ്സിനെ വിമാനത്താവളത്തിൽ വെച്ച് ഇന്ത്യയിലെ അഹ്മദിയ്യാ ജമാഅത്തിന്റെ മുഖ്യ കാര്യദർശി മുഹമ്മദ് ഇനാം ഗോറി, കേന്ദ്രകമ്മിറ്റി ചെയർമാൻ ഡോ. സാലേ മുഹമ്മദ് അലാദിൻ വിദേശ്യ കാര്യ സെക്രട്ടറി നസീംഖാൻ എന്നിവർ ചേർന്നു സ്വീക രിച്ചു. പിന്നീട് ഹുസൂർ തിരുമനസ്സിനെ സെറിമോണി യൻ ലോഞ്ചിലേക്ക് ആനയിക്കുകയുണ്ടായി. ദേശീയ പ്രശസ്തരും അന്തർദേശീയ പ്രശസ്തരുമായ അത്യു ന്നത വ്യക്തികൾക്കുള്ളതാണ് സെറിമോണിയൻ ലോഞ്ച്. ഇന്ത്യൻ പ്രധാനമന്ത്രി പ്രസിഡണ്ട് വിദേശ രാജ്യതലവന്മാർ എന്നിവരാണു സെറിമോണിയൽ ലോഞ്ചിൽ വിശ്രമിക്കുക.

സെറിമോണിയൽ ലോഞ്ചിൽ എത്തിയപ്പോൾ ഫജ്ർ നമസ്കാരത്തിനു സമയമായിരുന്നു. ഹുസൂർ തിരുമനസ്സ് ലോഞ്ചിൽ വെച്ച് തന്നെ ഫജ്ർ നമസ്കാരം നിർവ്വഹിച്ചു. അതിനുശേഷം രാവിലെ 6.20 ഡൽഹി പള്ളിയിലേക്ക് പോയി. ഹുസൂർ തിരുമനസ്സും സംഘ വും ഡൽഹിയിലെ ബൈത്തുൽ ഹാദി പള്ളിയിൽ 6.55ന് എത്തിച്ചേർന്നു. അവിടെ വെച്ച് പ്രാദേശിക മിഷനറി മൗലാനാ കലിമുദ്ദീൻ സാഹിബും പ്രാദേശിക ജമാഅത്തിലെ നൂറുകണക്കിന് അഹ്മദികളും ചേർന്ന് തിരുമനസ്സിനെ സ്വീകരിച്ചു. കാറിൽ നിന്നിറങ്ങിയപ്പോൾ കൂടി നിന്ന ജമാഅത്തംഗങ്ങൾ മുദ്രാവാക്യം മുഴ ക്കിയും ഗാനം ആലപിച്ചും ആഹ്ലാദപൂർവ്വം സ്വീകരി ക്കുകയുണ്ടായി.

പിന്നീട് അംഗങ്ങൾക്ക് കൂടിക്കാഴ്ച അനുവദിക്കുക യുണ്ടായി. ●

# സ്ത്രീകൾ ത്യാഗത്തിന് സന്നദ്ധരാകുക

## ലജ്ന ഇമാഇല്ലാഹ് സമ്മേളനത്തിന്റെ പ്രഭാഷണ സംഗ്രഹം

26 നവംബർ 2008ന് ഹുസൂർ തിരുമനസ്സ് കേരളത്തിലെ അഹ്മദി വനിതകളെ കോഴിക്കോട് ബൈത്തുൽ ഖുദ്ദൂസ് അങ്കണത്തിൽ വെച്ച് അഭിസംബോധന ചെയ്തു. 10.10ന് ബൈത്തുൽ ഖുദ്ദുസിൽ എത്തിച്ചേർന്ന ഹുസൂർ തിരുമനസ്സിനെ സന്തോഷാരവത്താൽ ബാലി കമാരും സ്ത്രീകളും മുദ്രാവാക്യങ്ങൾ മുഴക്കിയും ഗാന ങ്ങൾ ആലപിച്ചും എതിരേറ്റു. ഹുസൂർ തിരുമനസ്സിന്റെ സാന്നിദ്ധ്യം സദസ്സാകെ ആത്മീയാനുഭൂതിയിൽ ഹർഷ പുളകിതരായി.

അഹ്മദിയ്യാ ജമാഅത്തിന്റെ ശാഖാ സംഘടനയായ ലജ്നാ ഇമാഇല്ലായുടെ ഉദ്ദേശ ലക്ഷ്യങ്ങളെപ്പറ്റി ബോധ വതികക്കൊണ്ട് മുന്നണിയിൽ പ്രവർത്തിക്കണമെന്ന് പറഞ്ഞു കൊണ്ടാണ് ഹുസൂർ തിരുമനസ്സ് പ്രഭാഷണം ആരംഭിച്ചത്. ദൈവത്തിന്റെ സേവിക എന്ന ഈ പ്രത്യേക പദവിയുടെ മഹത്വം സ്ത്രീകൾ തിരിച്ചറി യണമെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു. തങ്ങളുടെ വിശ്വാസത്തിന് വേണ്ടി സർവ്വവിധ ത്യാഗങ്ങളും അനു ഷ്ഠിക്കാൻ തയ്യാറാണെന്ന പ്രതിജ്ഞ എടുത്തുകൊണ്ട് അവർ തങ്ങളുടെ ത്യാഗത്തിനുള്ള സന്നദ്ധത പ്രഖ്യാ പിക്കുകയാണെന്ന് ഹുസൂർ തിരുമനസ്സ് പറഞ്ഞു. ഇപ്ര

കാരം തന്നെ നാസിറാത്തുൽ അഹ്മദിയ്യാ (അഹ്മദിയ്യാ ബാലികമാരുടെ സംഘടന) ക്കും അല്ലാഹുവിന്റെ ദീനിനെ സേവിക്കാനും പ്രചരിപ്പിക്കാനും നിർണ്ണായകമായ പങ്കുണ്ടെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു.

ഹുസൂർ തിരുമനസ്സ് റസൂൽ തിരുമേനി (സ) സ്ത്രീകൾക്ക് ബൈയ്യത്ത് ചെയ്ത് കൊടുക്കുമ്പോൾ വാങ്ങിയ മൂന്ന് കരാറുകളെ സംബന്ധിച്ച് പരാമർശിക്കുകയുണ്ടായി. ഒന്ന് ദൈവത്തിൽ പങ്കു ചേർക്കുന്നതിൽ നിന്ന് മുക്തയായിരിക്കണം. രണ്ടാമത്തേത് അവരുടെ സന്താനങ്ങളെ സംരക്ഷിക്കണം. മൂന്നാമത്തേത് എപ്പോഴും അനുസരണം പുലർത്തണം എന്നിവയായിരുന്നു അവ. ഈ പ്രതിജ്ഞ തന്നെയാണ് വാഗ്ദത്ത മസീഹ് (അ) തന്റെ ബൈ അത്ത് നിബന്ധനയിൽ പുനരാവർത്തിച്ചത്.

ഒന്നാമത്തെ കരാറിനെ പരാമർശിച്ചുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു. ഈ കരാർ പാലിക്കണമെങ്കിൽ ദൈവത്തിങ്കലേക്ക് പ്രാർത്ഥനാപൂർവ്വം തിരിയേണ്ടതുണ്ട്. ഈ നിബന്ധന പാലിക്കുകയാണെങ്കിൽ രണ്ടാമത്തെ നിബന്ധനയും സ്വയമേവ കരഗതമാവുന്നതാണ്. അതായത് തങ്ങളുടെ സന്താനങ്ങളുടെ സംരക്ഷണമാണ് ഇപ്രകാരം സാധ്യമായിത്തീരുക. സന്താനങ്ങളുടെ സംരക്ഷണം എന്നത് വെറും ശാരീരികമായ സംരക്ഷണം മാത്രമല്ല. അവരുടെ ധാർമ്മികമായ മാർഗ്ഗദർശനം കൂടി അതിൽപ്പെടുന്നു.

'മഅ്റൂഫ്' ആയിട്ടുള്ള കാര്യങ്ങളിലെ അനുസരണം എന്നത് സമയാസമയങ്ങളിൽ ജമാഅത്തംഗങ്ങളുടെ സാത്വിക ഗുണം പരിശോധിക്കാൻ ഖലീഫമാരെടുക്കുന്ന തീരുമാനങ്ങൾ അനുസരിക്കുക എന്നതാണ്. ഖലീഫമാരുടെ അത്തരം നിർദ്ദേശങ്ങൾ അനുസരിക്കുക എന്നത് എല്ലാ അഹ്മദിയകളുടേയും ബാധ്യതയാണ്.

സ്ത്രീകളുടെ ത്യാഗത്തെ സംബന്ധിച്ച് പരാമർശിക്കവെ ഹുസൂർ തിരുമനസ് പറഞ്ഞു.

ഇസ്‌ലാമിന്റെ ചരിത്രത്തിലേക്ക് നാം കണ്ണോടിക്കുകയാണെങ്കിൽ സ്ത്രീകളുടെ ഉജ്ജ്വലമായ ത്യാഗങ്ങൾ നമുക്ക് കാണാൻ സാധിക്കും. അപ്രകാരം അഹ്മദിയ്യത്തിന്റെ ചരിത്രത്തിലും ഇത്തരം ത്യാഗങ്ങൾ കാണാൻ സാധിക്കും. ഉദാഹരണത്തിന് രണ്ടാം ഖലീഫയുടെ കാലത്ത് തഹ്‌രിക്ക് ജദീദ് പദ്ധതി പ്രഖ്യാപിച്ചപ്പോൾ സ്ത്രീകൾ മറ്റാരെക്കാളും പിന്നിലായിരുന്നില്ല. വളരെ പാവപ്പെട്ട ഒരു സ്ത്രീയുണ്ടായിരുന്നു. തന്റെ ഒരു കോഴിയും അതിന്റെ മുട്ടയും ഒഴികെ മറ്റു യാതൊന്നും അവരുടെ കൈവശമുണ്ടായിരുന്നില്ല. അവർ തന്റെ കൈവശമുണ്ടായിരുന്ന കോഴിമുട്ട തഹ്‌രിക്ക് ജദീദ് പദ്ധതിയിലേക്ക് സംഭാവന ചെയ്യുകയുണ്ടായി.

കേരളത്തിലെ സ്ത്രീകളും മഹത്തായ ത്യാഗങ്ങളാണ് അനുഷ്ഠിച്ചിട്ടുള്ളതെന്ന് ഹുസൂർ തിരുമനസ് പറഞ്ഞു. അവരിൽ പലരും വ ഖഫെ നൗ പദ്ധതിയിൽ തങ്ങളുടെ കുട്ടികളെ സമർപ്പിച്ചിട്ടുണ്ട്. കുട്ടികളെ വഖഫെ നൗയിൽ സമർപ്പിച്ചതുകൊണ്ട് മാത്രമായില്ല. അവരെ ഇസ്‌ലാമിന്റെ സേവകരായി വളർത്തിയെടുക്കാൻ ശ്രമിക്കണം. കേരളം നൂറു ശതമാനം സാക്ഷരത നേടിയ സംസ്ഥാനമാണ്. ഇത് നല്ല കാര്യം തന്നെ. അഹ്മദി സ്ത്രീകൾ മനസ്സിലാക്കേണ്ടത്. ഭൗതിക വിദ്യാഭ്യാസം കൊണ്ട് മാത്രം കാര്യമായില്ല. ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം തന്നെ തങ്ങളുടെ കുട്ടികൾക്ക് അവർ മതവിദ്യാഭ്യാസവും ഖുർആനെ സംബന്ധിച്ചുള്ള അറിവും നൽകൽ അത്യാവശ്യമാണെന്നും ഖലീഫ തിരുമനസ്സ് ഓർമ്മിപ്പിച്ചു. ●

---

*(11 -ൽ നിന്ന് തുടർച്ച)*

വേണ്ടി ഉപയോഗിക്കണം. മതപരമായ വിദ്യാ

ഭ്യാസവും നിങ്ങൾ കരസ്ഥമാക്കണം. ഭൗതിക വിദ്യാഭ്യാസത്തിലൂടെ മതത്തെ സംബന്ധിച്ചുള്ള അവബോധം നിങ്ങളിൽ ദൃഢതരമാക്കണം. ഹുസൂർ തിരുമനസ്സ് ഉപദേശിച്ചു. ഈ പ്രദേശത്ത് ഇസ്ലാം അതിന്റെ ആദ്യകാലത്ത് തന്നെ പ്രചരിക്കപ്പെട്ടിട്ടുണ്ട്. അപ്രകാരം വാഗ്ദത്ത മസീഹി(അ)നേയും നേരത്തെ തന്നെ വിശ്വസിക്കാൻ ഇവിടുത്തുകാർക്ക് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് ഈ സന്ദേശം എല്ലാ മാർഗ്ഗങ്ങളും അവലംബിച്ച് നിങ്ങൾ ജനങ്ങളെ അറിയിക്കേണ്ടതുണ്ട്. അങ്ങിനെ റസൂൽ തിരുമേനി(സ) യുടെ അദ്ധ്യാപനങ്ങൾ ജനങ്ങളിലേക്ക് കൊണ്ടുവരേണ്ടതാണ്. ഇത് മാത്രമാണ് യഥാർത്ഥത്തിലുള്ള മോക്ഷമാർഗ്ഗം. ശത്രുതമൂലമോ അതല്ല, അറിയാനുള്ള ആഗ്രഹത്തിന്റെ ഫലമായോ എന്തുമാകട്ടെ നമുക്കു ച റ്റുമുള്ള ലോകത്തിന്റെ ശ്രദ്ധ അഹ്മദിയത്തിലേക്ക് തിരിയുകയാണ്. നാം നമ്മിൽ തന്നെ പരിശുദ്ധമായ ഒരു സമൂല പരിവർത്തനമുണ്ടാക്കിക്കൊണ്ട് മറ്റെന്നെത്തെക്കാളുമുപരി അല്ലാഹുവിലേക്ക് തിരിയുക അവനോടു അഭയ യാചനകളിലൂടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുക. തീർച്ചയായും വിജയം നാം കാണുന്നതായിരിക്കും. ●

**(വിവ: എ.എം: അവലംബം : Al Islam org.)**



ഖലീഫ തിരുമനസ്സിന്റെ
കേരളസന്ദർശനം

എച്ച്. എസ്. കാവശ്ശേരി

# കാത്തിരുന്നൊരീനാൾ

സത്യദീനിൽ ശക്തി സംരംഭമായ് വിളങ്ങി ഞങ്ങളെ
നിത്യവും നയിച്ചരുളീടുന്നമീറുൽ മുഅ്മിനീൻ
ആഗമിക്കയാഗമിക്ക ഞങ്ങളേക ചിത്തരായ്
സ്വാഗതത്തിൻ സ്നേഹഗീതമോതിടുന്നു സാദരം
നൂറുവത്സരങ്ങളും കടന്നജയ്യ ശക്തിയായ്
നീങ്ങിടുന്ന ദിവ്യനേതൃസംവിധാന നായകാ!
കാത്തുകാത്തിരുന്നു ഞങ്ങളീ ചരിത്രസംഭവം
കേരളത്തിൻ മണ്ണിൽ ഖിലാഫത്തിൻ പാദസ്പർശം!
ധന്യധന്യരായ് ഭവിച്ചു ഞങ്ങൾക്കിദീൻനാളുകൾ
തന്നെ പുണ്യനാംഭവാനീ മണ്ണിലുള്ള നാളുകൾ!
വിണ്ണിൽ നിന്നിറങ്ങിവന്ന ദിവ്യപാശമങ്ങയിൽ
പുണ്യദീനിൻ കാവലാളെക്കണ്ടു ഞങ്ങൾ പിന്നെയും
സത്യവാഗ്ദാനങ്ങളൊത്തു വന്നു വീണ്ടുമുർവിയിൽ
നിത്യഖിലാഫത്തിന് തണലേകിടുന്നു ഞങ്ങളിൽ
ദിവ്യദീർഘദർശനങ്ങളേകിടും സുവാർത്തയിൽ
ഭവ്യനാമധേയമങ്ങു കാൺമൂ 'മസ്റൂർ' മർഹബാ
വെണ്ണിലാവു പുഞ്ചിരിച്ചു നിന്നിടുന്നവണ്ണമീ
കണ്ണുകൾക്കു നിർവൃതി പകർന്നിടുന്നു ദർശനം
കാതുകൾക്കമൃതുപെയ്തിറങ്ങിടുന്ന ശബ്ദവും
നാഥനേകിടുന്ന പാരിതോഷികങ്ങൾ നിശ്ചയം!
കീർത്തിയേകും ഫാരിസിന്റെ, പിൻമുറയിൽ നിന്നു താൻ
കാന്തിയൂറും താരകം ജ്വലിച്ചുയർന്നു പിന്നെയും
മുത്ത് റസൂലിന്റെ ദർശനങ്ങളെന്തൊരത്ഭുതം
കൃത്യമായ് പുലർന്നു വന്നീടുന്നു പാരിലിപ്പൊഴും!
സത്യമഹ്ദിയെത്തുടർന്നു സംഭവിച്ചു വീണ്ടുമീ
നിത്യനേതൃ സ്ഥാപനം പ്രവാചകത്വരീതിയിൽ!
അവ്വൽ, സാനി, സാലിസ്, റാബിഅ് പിന്നെ ഖാമിസും
അൽഖിലാഫത്തിൻ പതാക വാഹകർക്കു മംഗളം
മുത്ത് റസൂലിൻ പതാകയേന്തി ഭൂവിലൊക്കെയും
സത്യദീനിൻ ശാന്തിദൂതുമായ് ചരിക്കുംനായകാ
നേർന്നിടുന്നു നൂറുനൂറു ഭാവുകങ്ങളങ്ങയിൽ
ചേർന്നു നിന്നിടട്ടെ ദിവ്യരക്ഷയെന്നു മുർവ്വിയിൽ! ●



ഖലീഫ തിരുമനസ്സിന്റെ കേരളസന്ദർശനം

പി.വി. അഹ്മദ് കോയ

# കേരളത്തിന് ഇത് അവിസ്മരണീയമായ ഓർമ്മ

ഖലീഫത്തുൽ മസീഹ് ഖാമിസ് അമീറുൽ മുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ (അയ്യദഹു) 2008 നവംബർ അവസാനവാരത്തിലെ കേരള സന്ദർശനം തെക്കെ ഇന്ത്യയിലെ മുഴുവൻ അഹ്മദി സഹോദരന്മാർക്കും അനുഗ്രഹവർഷമായി.

സർവ്വശക്തനായ അല്ലാഹുവിന്റെ ഒരിക്കലും അവസാനിക്കാത്ത അനുഗ്രഹമായ പ്രവാചകത്വത്തേയും ശേഷം അതിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തിനേയും വാരിപ്പുണരാൻ സൗഭാഗ്യമുണ്ടായ കേരളത്തിലെ അഹ്മദി സഹോദരന്മാരെ കാണാൻ ഖലീഫത്തുൽ മസീഹ് തിരുമനസ്സ് നവംബർ 25ന് കോഴിക്കോട്ടെത്തിയതും ഇമാം മഹ്ദിയെ വിശ്വസിച്ച മലയാളി മുസ്ലിംകൾക്ക് മറ്റൊരു ദൈവികവരപ്രസാദവും 1400 വർഷത്തെ കേരള ഇസ്ലാമിക ചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്തേണ്ട മഹാസംഭവവും ആയി.

തിരുനബി(സ)യുടെ കാലത്തുതന്നെ കേരളത്തിൽ ഇസ്ലാം മതപ്രബോധകരും ഇസ്ലാമും എത്തിയിരുന്നു എന്ന് പറയപ്പെടുന്നു. എന്നാൽ പ്രവാചകത്വത്തിന്റെ മാർഗ്ഗത്തിലുള്ള ഖിലാഫത്തിന്റെ അത്യുന്നത ആത്മീയസ്ഥാനമലങ്കരിക്കുന്ന മഹദ് വ്യക്തി കേരളം സന്ദർശിക്കുന്നത് ചരിത്രത്തിൽ ഇതാദ്യമാണ്.

## അഹ്മദിയ്യാ ഖലീഫ കോഴിക്കോട്ടെത്തി

ഖലീഫാ തിരുമനസ്സിന്റെ വർണ്ണചിത്രത്തോടെ 25-11-08ലെ മാതൃഭൂമി ദിനപത്രം, ചരിത്രപ്രാധാന്യമേറിയ ആ സംഭവം ഇങ്ങനെയാണ് റിപ്പോർട്ട് ചെയ്തത്: "അഹ്മദിയ്യാ മുസ്ലിംകളുടെ ആഗോള ആത്മീയ നേതാവ് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ അമീറുൽ മുഅ്മിനീൻ ഹദ്റത്തു മിർസാ മസ്റൂർ അഹ് മദ് തിങ്കളാഴ്ച വൈകിട്ട് കോഴിക്കോട്ടെത്തി. കേരളത്തിലെ തന്റെ അനുയായികളുമായി കൂടിക്കാഴ്ചയാണ് ഹ്രസ്വസന്ദർശനത്തിന്റെ ഉദ്ദേശ്യം. വിമാനത്താവളത്തിൽ അദ്ദേഹത്തിന് കേരളാ അഹ്മദിയ്യാ ജമാഅത്തിന്റെ ആറ് മേഖലാ അമീർമാരുടെ നേതൃത്വത്തിൽ സ്വീകരണം നൽകി. അഹ്മദിയ്യ ഖിലാഫത്തിന് 100 വർഷം തികഞ്ഞതുമായി ബന്ധപ്പെട്ട് ഇന്ത്യയിലെ അഹ്മദിയ്യ ആസ്ഥാനമായ പഞ്ചാബിലെ ഖാദിയാനിൽ ചേരുന്ന സമാപനപരിപാടിയിൽ അദ്ദേഹം പങ്കെടുക്കാൻ വേണ്ടിയാണ് വന്നത്. ഇസ്ലാം മതത്തിന്റെ സന്ദേശം ലോകത്ത് പ്രചരിപ്പിച്ചുകൊണ്ടാണ് ഖലീഫ ആഗോള ശതവാർഷിക പര്യടനം ആരംഭിച്ചത്. ആഫ്രിക്ക, അമേരിക്ക, യൂറോപ്പ്, ഏഷ്യ എന്നീ ഭൂഖണ്ഡങ്ങളിലെ ഒട്ടേറെ രാജ്യങ്ങൾ സന്ദർശിച്ചശേഷം ഇന്ത്യയിലാണ് ശതവാർ ഷിക പരിപാടി സമാപിക്കുന്നത്. ഈ മാസം ആദ്യവാരം ബ്രിട്ടീഷ് പാർലമെന്റിന്റെ ഇരുസഭകളും സംയുക്തമായി അഹ്മദിയ്യാ ഖലീഫയെ ആദരിച്ചിരുന്നു. (25-11-2008)

"എല്ലാവരോടും സ്നേഹം, ആരോടും വിദ്വേഷമില്ല" എന്നതാണ് അഹ്മദിയ്യ ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ മുദ്രാവാക്യം. 193 രാജ്യങ്ങളിൽ സംഘടനയ്ക്ക് വേരുകളുണ്ട്.

നവംബർ 25ന് മുതലക്കുളത്തെ ബൈത്തുൽ ഖുദ്ദൂസു മസ്ജിദ് അങ്കണത്തിൽ നടന്ന സ്വീകരണത്തെ അധികരിച്ച് മലയാള മനോരമ "ഭക്തിനിർഭരമായ സ്വീകരണം"

(ശേഷം 27-ൽ)



ഖലീഫ തിരുമനസ്സിന്റെ കേരളസന്ദർശനം

# സ്നേഹവും സഹിഷ്ണുതയും കൊണ്ട് മനുഷ്യഹൃദയം കീഴടക്കുക

## കോഴിക്കോട് താജ് ഹോട്ടലിലെ പ്രഭാഷണ സംഗ്രഹം നവംബർ 27 വ്യാഴം

ഇന്ന് ഇവിടെ കൂടിയിരിക്കുന്ന എല്ലാ വിശിഷ്ടാതിഥികൾക്കും ഞാനെന്റെ ഹൃദ്യമായ നന്ദി രേഖപ്പെടുത്തുന്നു. ഇവിടെക്കുള്ള നിങ്ങളുടെ വരവ് മറ്റുള്ളവരോടുള്ള നിങ്ങളുടെ അനുകമ്പയേയും സാഹോദര്യ സ്നേഹത്തേയും അന്യരുടെ വികാരങ്ങളെ മാനിക്കുന്നതിനേയും സൂചിപ്പിക്കുന്നു. ലോകത്ത് ഇന്ന് ഭൂരിപക്ഷം ജനങ്ങളും തങ്ങളുടെ സ്വാർത്ഥപരമായ ആവശ്യങ്ങളിൽ മുഴുകിയിരിക്കുകയാണ്. മറ്റുള്ളവരുടെ ന്യായമായ അവകാശങ്ങൾ വകവെച്ചു കൊടുക്കാതെ തങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടണമെന്ന് അവർ ആഗ്രഹിക്കുന്നു. എന്തായാലും നിങ്ങളുടെ സാന്നിദ്ധ്യം വിലമതിക്കാനാവാത്തതാണ്.

മനുഷ്യഹൃദയങ്ങളെ ജയിച്ചടക്കുക സ്നേഹം എന്ന വികാരം സമൂഹത്തിൽ പരത്തുക എന്നീ കാര്യങ്ങൾ വളരെ പ്രയാസകരമായ ജോലിയാണ്. സമൂഹതലത്തിലും ദേശീയതലത്തിലും സംശയങ്ങൾ പെരുകുകയാണ്. ഇത് സംഘർഷത്തിലേക്കും കുഴപ്പങ്ങളിലേക്കും നയിക്കുന്നു. ഒരുവശത്ത് നാം ഈ കാലഘട്ടത്തിൽ ഏറ്റവും വിദ്യാസമ്പന്നരും സംസ്കാരചിത്തരുമാണെന്ന് അവകാശപ്പെടുന്നു. മറുവശത്താകട്ടെ നമ്മുടെ സഹിഷ്ണുതയുടെ നിലവാരം വളരെ താഴ്ന്നതുമാണ്. അത്യാഗ്രഹം എല്ലാത്തിനേയും കാർന്നുതിന്നുകയാണ്.

നമുക്ക് ലഭിച്ചതിൽ സംതൃപ്തി കണ്ടെത്തുന്നതിന് പകരം ആളുകളുടെ ദൃഷ്ടി അന്യരുടെ സ്വത്തിലാണ് നിലകൊള്ളുന്നത്.

എല്ലാവരുടേയും അവകാശങ്ങൾ വക വെച്ചു കൊടുക്കേണ്ടതുണ്ട്. സഹിഷ്ണുതയുടേയും മതങ്ങൾ പരസ്പരം ബഹുമാനിക്കുന്നതുമായ ഒരു തട്ടകം നാം കണ്ടെത്തേണ്ടതുണ്ട്. ദൈവം നമുക്ക് നൽകിയ വിഭവങ്ങൾ സമൂഹത്തിന്റെ ക്ഷേമത്തിന് വേണ്ടി ഉപയോഗപ്പെടുത്തണം.

ഇവിടെ ഇന്ത്യൻ സമൂഹത്തിൽ മതം വലിയ പങ്കാണ് എപ്പോഴും നിർവ്വഹിക്കുന്നത്. ഈ രാജ്യത്ത് ലോകത്തിലെ എല്ലാ മതങ്ങളുടെയും പ്രതിനിധികളുണ്ട്. തീർച്ചയായും ഇവിടെയുമുണ്ട്. വിവിധ മതങ്ങൾ ശാന്തരായി ഇവിടെ ജീവിക്കുന്നു. ഈ ശാന്തി, തുടരാൻ നിക്ഷിപ്ത താല്പര്യങ്ങൾ നാം ഒഴിവാക്കേണ്ടതായുണ്ട്. ദൈവം നമുക്ക് മഹത്തായ ജ്ഞാനവും വിജ്ഞാനവും നൽകിയിട്ടുണ്ട്. സമൂഹത്തിൽ സമാധാനവും ശാന്തിയും ഉണ്ടാക്കാനാണ് നാം ഇതിനെ വിനിയോഗിക്കേണ്ടത്.

ഞാൻ ഘാനയിലായിരുന്നപ്പോൾ എന്റെ ഘാനയിലെ ഒരു സുഹൃത്തുമായുണ്ടായ ഒരു സംഭാഷണം ഞാനോർക്കുകയാണ് കേരളത്തിലെ ഒരു സുഹൃത്തും അപ്പോഴുവിടെണ്ടായിരുന്നു. ഘാനയിലെ എന്റെ സുഹൃത്ത് എന്നോടു ചോദിച്ചു. ഒരു ഇന്ത്യക്കാരനും പാകിസ്ഥാൻകാരനും തമ്മിലുള്ള വ്യത്യാസമെന്താണ് ഞാൻ പറഞ്ഞു. വ്യത്യാസം ഭൂമിശാസ്ത്രപരം മാത്രമാണ്. ലോകത്ത് ജീവിക്കുന്ന നാം ഒന്നാണ് നാം ഐക്യപ്പെടേണ്ടവരാണ്. നാം തമ്മിൽ ഒരു വ്യത്യാസവുമില്ല.

ദൈവം ലോകത്തിലെ എല്ലാ ദേശങ്ങളിലും പ്രവാ

ചകന്മാരെ അയച്ചിട്ടുണ്ട്. എന്നാണ് നമ്മുടെ വിശ്വാസം. വിവിധ ദേശങ്ങളിൽ പ്രവാചകന്മാരെ ദൈവത്തിന്റെ സന്ദേശവുമായി അയക്കുകയും അവസാനം മുഹമ്മദ്നബി (സ) യെ സമ്പൂർണ്ണ അദ്ധ്യാപനവുമായി മാനവരാശിക്കാകമാനം അയക്കുകയുണ്ടായി. അതിനെ തുടർന്ന് മുഹമ്മദ് നബി (സ)യുടെ മഹാനായ സേവകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) നെയും ദൈവത്തിലേക്ക് ജനങ്ങളെ തിരിച്ചുകൊണ്ടുവരാനായി ദൈവം അയക്കുകയുണ്ടായി.

മതത്തിന് യാതൊരുവിധ നിർബന്ധവുമില്ല എന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. അതുകൊണ്ട് നമ്മുടെ സന്ദേശം നാം പ്രചരിപ്പിക്കേണ്ടത് സ്നേഹത്തോടെയും യാതൊരുവിധ നിർബന്ധവും ചെലുത്താതെയുമാണ്. സന്ദേശം പ്രചരിപ്പിക്കുക മാത്രമാണ് നമ്മുടെ കർത്തവ്യം. വിശ്വസിക്കൽ ഒരാളുടെ വ്യക്തിപരമായ കാര്യമാണ്.

സമകാലീന ലോകത്തെ മറ്റൊരു പ്രശ്നം പാശ്ചാത്യനാടുകളിലെ ചിലർ മുഹമ്മദ് നബി (സ) യെ പ്രകോപനകരമാംവിധം പരിഹസിക്കുകയും അവമതിക്കുകയും ചെയ്യുന്നു എന്നതാണ്. ഇത് സ്വാഭാവികമായും പരസ്പര വിദ്വേഷമുണ്ടാക്കുന്നു. പാശ്ചാത്യ സമൂഹം പൊതുവെ സഹിഷ്ണുതയുള്ളവരാണ് പക്ഷേ അവർ ഇസ്‌ലാമിനെ പരിഹസിക്കുന്നത് നിർത്തേണ്ടിയിരിക്കുന്നു. ഒരാൾ മറ്റൊരാളുടെ പിതാവിനെതിരെ ചീത്ത വിളിക്കുമ്പോൾ അത് അയാളിൽ വിദ്വേഷം ജനിപ്പിക്കുന്നു. വിശുദ്ധ പ്രവാചകനെ മറ്റെല്ലാ വ്യക്തികളെക്കാളും സമുന്നത സ്ഥാനത്താണ് ഓരോ മുസൽമാനം കാണുന്നത്.

എന്നാൽ ചില മുസ്‌ലിംകളുടെ പ്രതികരണവും യാതൊരുവിധത്തിലും ന്യായീകരിക്കാൻ സാധ്യമല്ലാത്തതാണ്. ഞങ്ങൾ അഹ്മദികൾ എല്ലാ പ്രവാചകന്മാരിലും വിശ്വസിക്കുന്നു. അവരെയെല്ലാവരേയും പൂർണമായും ബഹുമാനിക്കുകയും ചെയ്യുന്നു. അവർക്കെതിരെ ഒരു വാക്കുപോലും ഞങ്ങൾ ഉരിയാടിയിട്ടില്ല. നമ്മുടെ സ്നേഹഭാജനമായ ദിവ്യപുരുഷന്മാർ പരിഹസിക്കപ്പെടുമ്പോൾ എപ്രകാരമാണ് പ്രതികരിക്കേണ്ടതെന്ന് വാഗ്ദത്ത മസിഹ് ഞങ്ങൾക്ക് പഠിപ്പിച്ചുതന്നിട്ടുണ്ട്. ദിവ്യാത്മാക്കൾ പരിഹസിക്കപ്പെടുന്ന അത്തരം സദസ്സുകളിൽ നിന്നും നിങ്ങൾ വിട്ടുനില്ക്കണം. ഈ അദ്ധ്യാപനം തന്നെയാണ് വിശുദ്ധഖുർആനും നൽകുന്നത്.

എന്തായിരുന്നാലും നാം ഒരു കാര്യം ഓർക്കണം. നാം ഒരിക്കലും സ്ഥായിയായ വിരോധമോ ആകുലതയോ ആരോടും കാണിക്കേണ്ടതില്ല. വിശുദ്ധ ഖുർആൻ നമ്മെ പഠിപ്പിക്കുന്നത് പരിഹസിക്കുന്നവർ വീണ്ടും നല്ല കാര്യങ്ങൾ പറയാൻ ആരംഭിച്ചാൽ നാം അവരുമായി യോജിക്കണമെന്നാണ്. ക്രിസ്ത്യാനികളിൽ നിന്നോ ബുദ്ധമതസ്ഥരിൽ നിന്നോ ഹിന്ദുക്കളിൽ നിന്നോ നിരീശ്വര വാദികളിൽ നിന്നോ ആരെങ്കിലുമൊരാൾ സ്നേഹസംവാദത്തിന് ക്ഷണിച്ചാൽ നിങ്ങൾ ആ ക്ഷണം നിരസിക്കരുത് എന്നാണ്. മാത്രമല്ല റസൂൽ തിരുമേനി (സ) നമ്മെ പഠിപ്പിച്ചത് എവിടെയെല്ലാം നന്മയുണ്ടോ അത് കൈക്കൊള്ളാൻ നാം ധൃതിപ്പെടണമെന്നാണ്.

ഇസ്‌ലാം മതത്തിന്റെ ആദ്യകാല ചരിത്രമറിയുന്നവർക്കറിയാം അതികഠിനമായ എതിർപ്പുകൾക്ക് മുമ്പിലും മുസ്‌ലിംകൾ കാണിച്ച സഹനം നമ്മെ ആശ്ചര്യഭരിതരാക്കുന്നതാണ്. കഠിനമായ ആ പീഢന വേളയിലും യാതൊന്നും പ്രതികരിക്കേണ്ടതില്ല എന്നായിരുന്നു. റസൂൽ തിരുമേനി (സ)യുടെ അദ്ധ്യാപനം. ചുട്ടുപഴുത്ത മണലാരണ്യത്തിൽ റസൂൽ തിരുമേനി (സ) യുടെ അനുചരന്മാരുടെ നഗ്നമായ ശരീരം വലിച്ചിഴച്ചു ചുട്ടുപഴുത്ത കല്ലുകൾ അവരുടെ ശരീരത്തിനുമേൽ കയറ്റിവെച്ചു. പ്രവാചകന്റെ അനുയായികളെ ചാട്ടവാറുകൾക്കൊണ്ട് പ്രഹരിച്ചു. അവരുടെ ശരീരം രണ്ടു ഒട്ടകങ്ങളുമായി ബന്ധിച്ചും എതിർ ദിശയിലേക്ക് പായിച്ചുകൊണ്ട് നെടുകെ പിളർത്തി. ഇത്രയും ക്രൂരതകൾക്കിടയിലും, മുസ്‌ലിംകളോട് സഹനം കൈക്കൊള്ളാനായിരുന്നു കല്പന. മുഹമ്മദ് നബി (സ) മക്ക കീഴടക്കിയപ്പോൾ എല്ലാവർ ക്കും അവിടുന്ന് പൊതുമാപ്പ് നൽകി. ഒരിക്കലും തന്നെ അവിടുന്ന് വാളുയർത്തി ആരേയും ഇസ്‌ലാമിലേക്ക് മാർഗ്ഗം ചേർത്തിട്ടില്ല.

അക്കാലഘട്ടത്തിൽ അറബികളുടെ ശത്രുത ദീർഘകാലത്തോളം നീണ്ടുനിന്നിരുന്നു. പക്ഷേ, ആരോടും യാതൊരുവിധ പകയും വിദ്വേഷവും വെച്ചു പുലർത്തരുതെന്നും സമാധാനം സ്ഥാപിക്കണമെന്നുമായിരുന്നു റസൂൽ തിരുമേനി (സ) യുടെ കല്പന. ഇത് തീർച്ചയായും പ്രയാസകരമായ കാര്യമാണ്. പക്ഷേ, റസൂൽ തിരുമേനി (സ) ഈ തത്വം പ്രാവർത്തികമാക്കി കാട്ടുകയുണ്ടായി. നിങ്ങൾ മറ്റുള്ളവരുമായി നല്ല കാര്യങ്ങളിൽ എല്ലായ്പ്പോഴും സഹകരിക്കേണ്ടതുണ്ട്. പൊങ്ങച്ചവും അഹങ്കാരവും ഉപേക്ഷിക്കുക. ഇപ്രകാരമാണ് സമാധാനം സ്ഥാപിക്കേണ്ടതെന്നാണ് ദൈവം കല്പിച്ചിട്ടുള്ളത്. മുസ്‌ലിംകളും, ക്രിസ്ത്യാനികളും, ഹിന്ദുക്കളുമെല്ലാം ഈ തത്ത്വം പാലിക്കണം. ഈ നഗരത്തിലേയും നഗരപ്രാന്തങ്ങളിലേയും ജനങ്ങൾ ഈയൊരു തത്വം പ്രാവർത്തികമാക്കുന്നവരാണ് എന്നറിയാൻ കഴി

*(ശേഷം 29-ൽ)*



ഖലീഫ തിരുമനസ്സിന്റെ
കേരളസന്ദർശനം

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

# ഭീകരതക്ക് മതപരമായ കാരണങ്ങളില്ല

***(2008 നവംബർ 27ലെ മാതൃഭൂമിയിൽ വന്ന അഭിമുഖം. അഭിമുഖം നടത്തിയത്: മുഖ്യപത്രാധിപർ ഗോപാലകൃഷ്ണൻ)***

കോഴിക്കോട്: ഭീകരപ്രവർത്തനം മതപരമായ കാരണങ്ങളാലല്ല ഉണ്ടാകുന്നതെന്നും നിക്ഷിപ്ത താൽപര്യങ്ങളെയാണ് ഭീകരവാദം തുണക്കുന്നതെന്നും അഹ്മദിയ ഖലീഫ ഹസ്റത്ത് മിർസ മസ്റൂർ അഹ്മദ് പറഞ്ഞു. "അനീതികൾക്കെതിരെയാണ് സമൂഹത്തിൽ പ്രതികരണം ഉണ്ടാകുന്നത്. എന്നാൽ പ്രതികരണം ശരിയായ മാർഗത്തിലല്ലാതാകുമ്പോൾ നിക്ഷിപ്ത താൽപര്യക്കാർ അത് തങ്ങൾക്കനുകൂലമായി പ്രയോജനപ്പെടുത്തുന്നു"-മാതൃഭൂമിയുമായി സംസാരിക്കവെ അദ്ദേഹം പറഞ്ഞു.

എന്തുകൊണ്ട് ജനങ്ങൾ പ്രതികരിക്കുന്നു എന്ന് ആലോചിക്കേണ്ടതുണ്ട്. ഇറാഖ് ഭരിക്കുന്നത് അമേരിക്കൻ സർക്കാരാണെന്ന് അവിടത്തെ ഒട്ടേറെ നാട്ടുകാർ കരുതുന്നു. ഇത് സംഘർഷത്തിനിടയാക്കുന്നു. ഓരോ രാജ്യവും മറ്റുള്ളവരുടെ വിഭവങ്ങളിൽ കണ്ണുവെക്കുംമുമ്പ് തങ്ങളുടെ വിഭവങ്ങൾ വികസിപ്പിക്കുന്നതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്.

സർക്കാരുകൾ, അവർ തമ്മിലുള്ള തർക്കം കൂടിയാലോചിച്ച് തീർക്കണം. ഒരു രാജ്യം മറ്റൊരു രാജ്യത്തെ ആക്രമിക്കുമ്പോൾ സ്ഥിതി വ്യത്യസ്തമാകുന്നു. അത്തരം സന്ദർഭങ്ങളിൽ മറ്റുള്ളവർ ഇടപെടണമെന്നാണ് വിശുദ്ധഖുർആൻ പഠിപ്പിക്കുന്നത്. മറ്റുള്ളവരുടെ അവകാശങ്ങൾ വകവെച്ചുകൊടുത്തുകൊണ്ടേ സംഘർഷങ്ങൾ പരിഹരിക്കാനാവൂ. ഒരാളുടെ അവകാശം ലംഘിക്കപ്പെടുമ്പോൾ അയാൾ പ്രതികരിക്കുന്നു. അത് ശരിയായ മാർഗത്തിൽ തന്നെ ആവണമെന്നില്ല. ഭീകരപ്രവർത്തനത്തിനുള്ള കാരണങ്ങൾ ഓരോ രാജ്യത്തും വ്യത്യസ്തമാണ്.

കാർഷിക മേഖലയിൽ സർക്കാരുകൾ കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടതുണ്ടെന്ന്, ആഗോളീകരണം കൃഷിയെ എങ്ങനെ ബാധിച്ചുവെന്ന് വിശദീകരിക്കവെ അദ്ദേഹം പറഞ്ഞു. ഇപ്പോൾ നഗരമേഖലകളെയാണ് സർക്കാരുകൾ കൂടുതൽ ശ്രദ്ധിക്കുന്നത്. ഇതുകാരണം ജനങ്ങൾ ഗ്രാമങ്ങൾ വീട്ട് നഗരങ്ങളിൽ ചേക്കേറുന്നു. ഇത് തൊഴിലില്ലായ്മയുണ്ടാക്കുന്നു. കൃഷി വികസിപ്പിക്കുകയേ ഇതിന് പോംവഴിയുള്ളൂ. ഭക്ഷണമാണ് മനുഷ്യന്റെ പ്രാഥമികാവശ്യം. ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ കാലാവസ്ഥ എല്ലാതരം കൃഷിക്കും അനുകൂലമാണ്. ഇന്ത്യ ഇക്കാര്യത്തിൽ കുറേ ചെയ്യുന്നുണ്ട്. എന്നാൽ പാകിസ്ഥാനിൽ അത് കാണുന്നില്ല. നമുക്ക് എല്ലാ തലത്തിലുമുള്ള കൃഷി ശാസ്ത്രജ്ഞരുണ്ട്. എന്നാൽ താഴേത്തട്ടിൽ കർഷകരെ സഹായിക്കുന്ന നടപടികൾ ഉണ്ടാകുന്നില്ല.

അഹ്മദിയ പ്രസ്ഥാനത്തിനെതിരെ പാകിസ്ഥാനിൽ വിവേചനമുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അഹ്മദിയ വിഭാഗം മുസ്ലിംകൾ അല്ലെന്ന് അവിടുത്തെ നിയമം പറയുന്നു. ജനറൽ സിയ ചട്ടങ്ങൾ കൂടുതൽ കർക്കശമാക്കി. നിയമങ്ങൾ ദ്രോഹകരമാവുന്നത് അത് നടപ്പാക്കുന്ന ഉദ്യോഗസ്ഥരെ ആശ്രയിച്ചിരിക്കുന്നു. സഫറുള്ളഖാൻ, നൊബേൽ ജേതാവ് ഡോ. അബ്ദുസ്സലാം തുടങ്ങിയവരെപ്പോലുള്ള പ്രമുഖ അഹ്മദികൾ ഉന്നത സ്ഥാന

*(ശേഷം 27-ൽ)*

*(18-ൽ നിന്ന് തുടർച്ച)*

ങ്ങളിലിരുന്നിട്ടും പീഡനങ്ങൾക്ക് കുറവുണ്ടായിട്ടില്ല. കഠിനനിയമങ്ങൾ കാരണം പാകിസ്ഥാൻ വിട്ടുപോകാൻ ചിലർ നിർബന്ധിതരാകുന്നു. ബൗദ്ധികമായ കഴിവുള്ളവരെ അങ്ങനെ രാജ്യത്തിന് നഷ്ടപ്പെടുന്നു. മറ്റ് ഇസ്‌ലാമിക രാജ്യങ്ങളിലും ബുദ്ധിമുട്ടുണ്ട്. എന്നാൽ മലേഷ്യയിലൊഴിച്ച് മറ്റൊരിടത്തും ഇത് സംബന്ധിച്ച നിയമങ്ങളില്ല. ഇന്തോനീഷ്യയിൽ അടുത്തിടെ ഒച്ചപ്പാടുണ്ടായിരുന്നു.

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ പ്രയത്നിക്കുന്നുണ്ടെന്ന് എല്ലാ സർക്കാരുകളും പറയുന്നു. ഇക്കാര്യത്തിൽ പാശ്ചാത്യരാജ്യങ്ങളാണ് കൂടുതൽ ഉദാരം എന്ന് പറയേണ്ടതുണ്ട്. നമുക്ക് തോന്നുന്നതുപോലെ കാര്യങ്ങൾ അവിടെ പറയാം. അടുത്തിടെ ഉത്തർപ്രദേശിലെ സഹറാൻപൂരിൽ അഹ്‌മദിയ വിശ്വാസികൾ ആക്രമിക്കപ്പെട്ടുവെന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ പോലീസിന്റെ ഭാഗത്തുനിന്ന് സഹായമൊന്നും ഉണ്ടായില്ല. "ദ്രോഹങ്ങൾ ഉണ്ടാവുമ്പോൾ മനുഷ്യാവകാശ കമ്മീഷനുകളെയും മറ്റ് സ്ഥാപനങ്ങളെയും സമീപിക്കാറുണ്ട്. എന്നാൽ അന്തിമമായി ദൈവത്തിലാണ് ആശ്രയം"- അദ്ദേഹം പറഞ്ഞു. അനുയായികളെ കാണുന്നതിനാണ് മിർസ മസ്റൂർ അഹമ്മദ് കേരളത്തിലെത്തിയിരിക്കുന്നത്. ഖാദിയാനിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ അദ്ദേഹം സംബന്ധിക്കും. ●

*(15-ൽ നിന്ന് തുടർച്ച)*

എന്ന തലക്കെട്ടിലാണ് റിപ്പോർട്ട് പ്രകാരം "അഹ്‌മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള ആത്മീയ നേതാവ് ഖലീഫ ഹദ്റത്ത് മിർസ മസ്റൂർ അഹ്‌മദിനു ഭക്തിനിർഭരമായ സ്വീകരണം. മുതലക്കുളം അഹ്‌മദിയ്യാ മസ്ജിദിൽ നിറഞ്ഞൊഴുകിയ വിശ്വാസിസമൂഹം തക്ബീർ ധ്വനികളാലും പാട്ടുകളാലും ആത്മീയാചാര്യനെ സ്വാഗതം ചെയ്തു.

"പൂർവികർ ചെയ്ത നന്മ കൊണ്ടാണു സമാധാനം നിറഞ്ഞ ഒരു സമൂഹത്തിന്റെ ഭാഗമാകാൻ കേരളത്തിലെ അഹ്‌മദികൾക്കു സാധിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

മലബാറിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് എത്തിയ പ്രതിനിധികൾ പങ്കെടുത്തു.

അഹ്‌മദിയ്യാ ദേശീയകാര്യദർശി ഇനാം ഘോറി, എം.എ. മുഹമ്മദ്, ബി.ബി. അഹമദ് കബീർ, പ്രഫ. അബ്ദുൽ ജലീൽ തുടങ്ങിയവർ അദ്ദേഹത്തോടൊപ്പം എത്തിയിരുന്നു. കനത്ത സുരക്ഷാക്രമീകരണങ്ങളാണ് ഖലീഫയുടെ സന്ദർശനത്തോടനുബന്ധിച്ച് ഒരുക്കിയത്."

"മാതൃഭൂമി" ദിനപത്രത്തിന്റെ 90 വർഷത്തെ ചരിത്രത്തിലാദ്യമായി പത്രാധിപർ നേരിട്ടു വന്നു ഇന്റർവ്യൂ ചെയ്യുന്നതിനും ഖലീഫ തിരുമനസ്സിന്റെ സന്ദർശനം നിമിത്തമായി. മാതൃഭൂമി പത്രാധിപർ ശ്രീ ഗോപാലകൃഷ്ണൻ, ചീഫ് റിപ്പോർട്ടറോടും, ഫോട്ടോഗ്രാഫറോടുമൊപ്പം മുൻകൂട്ടി അനുവദിച്ചപ്രകാരം നേരിട്ടു വന്നു ഹുസൂറിനെ ഇന്റർവ്യൂ ചെയ്തു. ഇന്റർവ്യൂവിൽ ഈ ലേഖകനും എ.ക്യൂ. മുസ്‌ലിം സാഹിബ് (മണ്ണാർക്കാട്) ശ്രീ. ഗോപാലകൃഷ്ണനെ ഹുസൂർ തിരുമനസ്സിന്റെ അടുക്കലേക്ക് ആനയിച്ചു. ഈ ഇന്റർവ്യൂ ഹുസൂറിന്റെ കളർചിത്രത്തോടെ എല്ലാ എഡിഷനിലും ഏറെ പ്രാധാന്യത്തോടെ മാതൃഭൂമി പ്രസിദ്ധീകരിച്ചു.

വിദ്യാഭ്യാസത്തിലൂടെ അറിവു വർദ്ധിച്ചുകൊണ്ടിരിക്കയാണെന്നു നാം കരുതുന്നുവെങ്കിലും ലോകത്ത് സഹിഷ്ണുത കുറഞ്ഞുവരികയാണെന്നും, ഭീകരാക്രമണത്തിൽ ബോംബെയും താജ് ഹോട്ടലും കത്തികൊണ്ടിരിക്കുമ്പോൾ അതേ പേരിലറിയപ്പെടുന്ന കോഴിക്കോട്ടെ ഗേറ്റ് വേ ഹോട്ടലിൽ 27നു നടന്ന ഉജ്ജ്വല സ്വീകരണത്തിൽ ഹുസൂർ ചൂണ്ടിക്കാട്ടി.

**ഒരു ജുമുഅ ഖുതുബ ചരിത്രത്തിലേക്ക്**

നവംബർ 28-ന് വെള്ളിയാഴ്ച ചരിത്രത്തിലാദ്യമായി ഒരു ഖലീഫയുടെ ജുമുഅ നേരിട്ട് ഉപഗ്രഹചാനലുകൾ വഴി സംപ്രേഷണം ചെയ്യപ്പെടുകയുണ്ടായി. കോഴിക്കോട്ടെ ഈ സംഭവവും ചരിത്രത്തിന് കൗതുകമുള്ള ഒരു ആദ്യസംഭവമായി മാറുകയായിരുന്നു. ●

## സത്യവിശ്വാസികൾ

"അല്ലാഹുവിനെ സംബന്ധിച്ച് പറയപ്പെട്ടാൽ തങ്ങളുടെ ഹൃദയങ്ങൾ ഭയചകിതമാകുകയും അവന്റെ വചനങ്ങൾ അവർക്ക് ഓതികേൾപ്പിക്കപ്പെട്ടാൽ അത് അവർക്ക് വിശ്വാസത്തെ വർദ്ധിപ്പിക്കുകയും തങ്ങളുടെ നാഥനിൽ (സർവ്വസ്വവും) അർപ്പിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ' ***(വി.ഖുർആൻ: 8:3)***



ഖലീഫ തിരുമനസ്സിന്റെ കേരളസന്ദർശനം

# പള്ളികൾ ഭക്തിസാന്ദ്രമാക്കുക

## എറണാകുളത്ത് ഉമർ മസ്ജിദ് ഉദ്ഘാടന പ്രഭാഷണത്തിന്റെ സംഗ്രഹം

എറണാകുളം നോർത്തിൽ ഉമർ മസ്ജിദ് 29 നവംബർ 2008ന് ഖലീഫത്തുൽ മസിഹ് ഖാമിസ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....) ഉദ്ഘാടനം ചെയ്തു. അതോടൊപ്പം തന്നെ എറണാകുളം മേഖലയിലെ മറ്റു നാലു പള്ളികളുടെ ഉദ്ഘാടന പ്രഖ്യാപനവും നടക്കുകയുണ്ടായി. ആലപ്പുഴയിലെ മസ്ജിദ് നാസിർ, അഴ്രാപുരത്തെ ബൈത്തുൽ ഹുദാ, കൊടുങ്ങല്ലൂരിലെ ബൈത്തുൽ ആഫിയത്ത്, പള്ളുരുത്തിയിലെ മസ്ജിദ് മഹ്മൂദ് എന്നിവയാണ് എറണാകുളം മേഖലയിൽ ഉദ്ഘാടനം ചെയ്യപ്പെട്ട മസ്ജിദുകൾ. ഖലീഫത്തുൽ മസീഹ് 29 നവംബർ 2008ന് രാവിലെ 10.10ന് എറണാകുളം ഉമർ മസ്ജിദിലെത്തി അവിടെ സ്ഥാപിച്ച ശിലാഫലകം അനാഛാദനം ചെയ്യുകയുമുണ്ടായി. മസ്ജി ദിന്റെ ശിലാസ്ഥാപനം 2004 ഫെബ്രുവരി 4ന് ഹദ്റത്ത് മിർസാ വസിം അഹ്മദ് നിർവ്വഹിച്ചതായിരുന്നു.

ഹുസൂറിനെ പിന്നീട് പള്ളിയുടെ മുഖ്യഹാളിലേക്ക് മേഖലാ അമീർ ബി.ബി. അഹ്മദ് കബീറും സംഘവും ആനയിക്കുകയുണ്ടായി. ആഹ്ലാദം തിരയടിക്കുന്ന ഹൃദയവും തിളങ്ങുന്ന കണ്ണുകളുമായി അഹ്മദികൾ തങ്ങളുടെ പ്രിയപ്പെട്ട ഖലീഫയെ കാണാൻ പള്ളിയിൽ അക്ഷമരായി കാത്തിരിക്കുകയായിരുന്നു. ഈയൊരു സ്നേഹ ശക്തിയുടെ ബീജം ദൈവത്തിനു മാത്രമേ മനുഷ്യഹൃദയങ്ങളിൽ വിതക്കുവാൻ സാധിക്കുകയുള്ളൂവെന്നും ഈ രംഗത്തിന് ദൃക്സാക്ഷികളായവർക്ക് അനുഭവിച്ചറിഞ്ഞ യാഥാർത്ഥ്യമാണ് ഭരണാധികാരികൾക്ക് സ്വപ്നം കാണാൻ പോലും സാധ്യമല്ലാത്ത അനുരക്തിയാണ് ഖലീഫാ തിരുമനസ്സിന് തന്റെ അനുയായികൾ നൽകിയതെന്ന് ഈ രംഗങ്ങൾ വിളിച്ചോതുന്നുണ്ടായിരുന്നു.

ഇസ്ലാമിക ചരിത്രത്തിലെ വീരേതിഹാസമായ ഹദ്റത്ത് ഉമറിന്റെ നാമധേയത്തിലുള്ള പള്ളി കേരളത്തിലെ അഹ്മദിയ്യാ ചരിത്രത്തിന്റെ ഭാഗമായി മാറുന്ന ചടങ്ങിന് ഹുസൂർ തിരുമനസ്സ് തുടക്കം കുറിക്കുകയായിരുന്നു. മസ്ജിദ് ഉമറിൽ തിങ്ങിനിറഞ്ഞ അഹ്മദികളെ അഭിസംബോധന ചെയ്തുകൊണ്ട് ഹുസൂർ തിരുമനസ്സ് പറഞ്ഞു: 'പള്ളി പണിയുമ്പോൾ അത് നമ്മുടെ ഉത്തരവാദിത്വവും അധികരിപ്പിക്കുകയാണ്. പള്ളിയുടെ യഥാർത്ഥ ഉദ്ദേശം ദൈവത്തെ ആരാധിക്കുക എന്നതാണ്. യഥാർത്ഥ ആരാധനയാകട്ടെ അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള ബാദ്ധ്യത നിറവേറ്റുകയുമാണ്.'

കല്ലും മണ്ണും കൊണ്ടുമാത്രം പള്ളി പണിയാനാവില്ല. അഞ്ചുനേരങ്ങളിലും പള്ളിയിൽ വന്ന് പ്രാർത്ഥിക്കണം. ഇസ്ലാമിന്റെ മഹത്തായ സന്ദേശങ്ങൾ പ്രാവർത്തികമാക്കാൻ നിങ്ങൾ പള്ളിയിൽ വന്ന് അല്ലാഹുവിനോട് പ്രാർത്ഥിക്കണമെന്നും ഹുസൂർ തിരുമനസ്സ് ഉദ്ബോധിപ്പിച്ചു.

അതിനുശേഷം ഹുസൂർ തിരുമനസ്സ് റസൂൽ തിരുമേനിയുടെ അനുഗ്രഹീത സ്വഭാവഗുണങ്ങൾ വിശദീകരിച്ചു. റസൂൽ തിരുമേനി ഹദ്റത്ത് ഇബ്റാഹീം നബി (അ) ന്റെ പ്രാർത്ഥനയുടെ സാക്ഷാത്ക്കാരമായിരുന്നു. ആ അനുഗ്രഹീത സന്തതിയാണ് ഇസ്ലാമിന്റെ മഹനീയ സന്ദേശം ലോകത്ത് പ്രചരിപ്പിച്ചത്. ദൈവത്തിന്റെ സമ്പൂർണ്ണ ന്യായപ്രമാണം കൊണ്ടുവന്നതും ആ മഹാത്മാവായിരുന്നുവെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു. റസൂൽ തിരുമേനി(സ) വെറുതെ ലോകത്ത് ന്യായപ്രമാണ പ്രഖ്യാപനം നടത്തുകയോ കേവലം ലോകത്തെ

ന്യായപ്രമാണത്തെപ്പറ്റി പഠിപ്പിക്കുകയോ മാത്രമല്ല ചെയ്തത്. മറിച്ച് അദ്ദേഹം സ്വയം തന്നെ മറ്റാരെക്കാളും സൂക്ഷ്മമായും ആത്മാർത്ഥമായും ആ ന്യായ പ്രമാണം ജീവിതത്തിൽ പകർത്തുകയായിരുന്നു ചെയ്തത്. തീർച്ചയായും അവിടുന്ന് ദൈവത്തോടും ദൈവത്തിന്റെ സൃഷ്ടികളോടുമുള്ള കടപ്പാടുകൾ നിറവേറ്റി. അതുകൊണ്ടാണ് ഒരിക്കൽ ആയിശാ ബീവി (റളി) യോട് റസൂൽ തിരുമേനി (സ)യുടെ സ്വഭാവഗുണത്തെപ്പറ്റി ചോദിച്ചപ്പോൾ അവർ പ്രതിവചിച്ചത് നിങ്ങൾ ഖുർആൻ വായിച്ചിട്ടില്ലേ? അത് തന്നെയാണ് അദ്ദേഹത്തിന്റെ സ്വഭാവഗുണം എന്ന്.

ആ പരിശുദ്ധ പ്രവാചകന്റെ പ്രാർത്ഥനയാണ് ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനു വേണ്ടി നിയോഗിതനായ വാഗ്ദത്ത മസീഹിന്റെ ആവിർഭാവത്തിനും നിദാനമായിത്തീർന്നത്. റസൂൽ തിരുമേനി (സ) യുടേയും വാഗ്ദത്ത മസീഹിന്റെ (അ) യും പ്രാർത്ഥനകളാണ് ഖിലാഫത്തിന്റെ സ്ഥൈര്യത്തിനും അനശ്വരമായ അനസ്യൂതിക്കും കാരണമായിത്തീർന്നത്.

ഹുസൂർ തിരുമനസ്സ് ഉമർ മസ്ജിദിനു അല്ലാഹുവിന്റെ അധികമായ അനുഗ്രഹങ്ങൾ വർഷിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുകയുണ്ടായി. ഹുസൂർ പറഞ്ഞു:

'ഈ പള്ളി ഇസ്‌ലാമിക സന്ദേശം പ്രചരിപ്പിക്കുന്നതിനുള്ള ഉപാധിയായി മാറട്ടെ. അതുവഴി നമ്മുടെ ജമാഅത്ത് ഹദ്റത്ത് റസൂൽ കരീം (സ) യുടെ ധ്വജവാഹകരായി മാറട്ടെ. ഇപ്പോൾ നിങ്ങൾ ഈ പള്ളി പണിതിരിക്കുകയാണ് ജനങ്ങളുടെ ശ്രദ്ധ ഇതിലേക്ക് തിരിയുകയും അതിനെപ്പറ്റി നിങ്ങളോട് ചോദ്യങ്ങൾ ചോദിക്കുകയും ചെയ്യും. എല്ലാ അഹ്മദികളും നന്മയിൽ മറ്റുള്ളവരെക്കാൾ മുൻകടക്കണമെന്ന് ഞാൻ പ്രതീക്ഷിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അങ്ങിനെ നിങ്ങൾ എല്ലാവർക്കും ഉത്തമ മാതൃകയായിത്തീരണം.

ഇന്ത്യയിലേക്കുള്ള ഹുസൂർ തിരുമനസ്സിന്റെ പര്യടന പരിപാടിയിൽ രണ്ടാമത്തെ പള്ളിയുടെ ഉദ്ഘാടനമായിരുന്നു ഉമർ മസ്ജിദിന്റേത്. ആദ്യത്തെ പള്ളി നവംബർ 23ന് നിർവ്വഹിച്ച ചെന്നൈയിലെ ഹാദി മസ് ജിദിന്റേതായിരുന്നു.

എറണാകുളം മേഖലാ അമീർ ബി. ബി. അഹ്മദ് കബീർ സാഹിബ് ഉമർ മസ്ജിദിന്റെ നിർമാണ പശ്ചാത്തലത്തെ സംബന്ധിച്ചും ചരിത്രത്തെ സംബന്ധിച്ചും തന്റെ ആമുഖ ഭാഷണത്തിൽ ഒരു ലഘു വിവരണം നൽകുകയുണ്ടായി. ●

---

*(17-ൽ നിന്ന് തുടർച്ച)*

ഞതിൽ ഞാൻ വളരേയേറെ സന്തുഷ്ടനാണ് എല്ലാ നിലയിലും സമാധാനം പാലിക്കുക എന്നത് അനിവാര്യമാണ്. ചില എൻ.ജി.ഒ. (Non Governmental Organisation) ഇപ്രകാരം പ്രവർത്തിക്കുന്നുണ്ട്. ചില ഗവൺമെന്റുകളും സമാധാനത്തിന് യത്നിക്കുന്നു എന്ന് വാദിക്കുന്നു. പക്ഷേ എന്തു തന്നെയായാലും സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നവർ തങ്ങളുടെ പ്രവർത്തനത്തിൽ ആത്മാർത്ഥതയുള്ളവരാകണം.

നാം ഇന്ന് തന്നെ ഇക്കാര്യത്തിൽ പ്രവർത്തിച്ചിട്ടില്ലെങ്കിൽ നമ്മുടെ വരും തലമുറ വർഷങ്ങളോളം കണ്ണീരൊഴുക്കേണ്ടിവരും. കൂട്ടനശീകരണത്തിനുള്ള ആയുധങ്ങൾ ഇന്ന് ലോകത്തിലുടനീളം ലഭ്യമാണ്. അത്തരം ആയുധങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ അത് നമ്മുടെ ഭാവനക്കതീതമായ നാശനഷ്ടങ്ങളായിരിക്കും ഉണ്ടാക്കുക. അതിനാൽ നമ്മുടെ ഭാവിതലമുറയെ സംരക്ഷിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. എല്ലാ ഓരോ വ്യക്തിയും ഇതിലേക്ക് വേണ്ടി പ്രവർത്തിക്കേണ്ടതുണ്ട്. എല്ലാവർക്കും നന്ദി.

കോഴിക്കോട് അമീർ കെ.എം. അഹ്മദ് കോയ സാഹിബ് ആമുഖ ഭാഷണം നടത്തി. ഖലീഫത്തുൽ മസീഹിനെ സ്വാഗതം ചെയ്തു മേയർ എം. ഭാസ്ക്കരൻ ആശംസാ പ്രസംഗം നടത്തി. വേദിയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരത് നാസിർ അഅ്‌ലാ, മൗലാനാ മുഹമ്മദ് ഇനാം ഗോറി, കോഴിക്കോട് മേഖലാ അമീർ എം.എ. മുഹമ്മദ് സാഹിബ്, പ്രശസ്ത ചരിത്രകാരൻ എം. ജി. എസ്. നാരായണനും കണ്ണൂർ യൂണിവേഴ്സിറ്റി പ്രോ. വൈസ് ചാൻസലറും സന്നിഹിതരായിരുന്നു. ●

## ദൈവത്തെ ഇഷ്ടപ്പെടുക

"പറയുക, നിങ്ങളുടെ മാതാപിതാക്കളും നിങ്ങളുടെ മക്കളും നിങ്ങളുടെ സഹോദരന്മാരും നിങ്ങളുടെ ഭാര്യമാരും നിങ്ങളുടെ ഭർത്താക്കന്മാരും നിങ്ങളുടെ ഉറ്റവരും നിങ്ങൾ സമ്പാദിച്ച മുതലുകളും, മോശമാകുമെന്നു നിങ്ങൾ പേടിച്ചുകഴിയുന്ന നിങ്ങളുടെ വാസസ്ഥാനങ്ങളും ഹർമ്മ്യങ്ങളും അല്ലാഹുവിനെക്കാളും അവന്റെ റസൂലിനെക്കാളും ദൈവമാർഗ്ഗത്തിലുള്ള പ്രയത്നങ്ങളെക്കാളും നിങ്ങൾക്ക് പ്രിയങ്കരമായിട്ടുള്ളതാണെങ്കിൽ നിങ്ങളെക്കുറിച്ചുള്ള ഒരു ദൈവവിധിയെ കാത്തിരുന്നുകൊൾക! തങ്ങളുടെ ഉത്തരവാദിത്തങ്ങൾ വിസ്മരിക്കുന്നവരെ അല്ലാഹു നേർവഴിയിലാക്കുന്നില്ല."

***(വി. ഖുർആൻ - 9:24)***



## ഖലീഫ തിരുമനസ്സിന്റെ കേരളസന്ദർശനം

അൻവർ അബൂബക്കർ പാലക്കാട്

# ആത്മനിർവൃതിയുടെ ധന്യനിമിഷങ്ങൾ

## എറണാകുളം മേഖലയിലെ സന്ദർശനം

കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിൽ 2008 നവംബർ 24ന് വിമാനമിറങ്ങിയ ഖലീഫ തിരുമനസ്സ് 28ന് വെള്ളിയാഴ്ച കോഴിക്കോട് വെച്ച് ജുമാ നമസ്കാരം നിർവ്വഹിച്ചതിനുശേഷം വൈകിട്ട് 7.15ന് എറണാകുളം നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിച്ചേരുകയായിരുന്നു. അതിശീഘ്രം വികസിച്ചുവരുന്ന കേരളത്തിന്റെ മുഖ്യപട്ടണമായ കൊച്ചി നഗരം അല്ലാഹുവിന്റെ ഭാഗത്തുനിന്നുള്ള ഈ വിശിഷ്ടാതിഥിയെ പ്രസന്നമായ കാലാവസ്ഥയിൽ സ്വാഗതമരുളുകയായിരുന്നു. ആഹ്ലാദഭരിതരായ വമ്പിച്ച അഹ്മദികളുടെ ഒരു ജനക്കൂട്ടമായിരുന്നു നേതാക്കന്മാരോടൊപ്പം, തങ്ങളുടെ പ്രിയപ്പെട്ട ഖലീഫ തിരുമനസ്സിനെ വരവേൽക്കാൻ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ എത്തിച്ചേർന്നത്. വിമാനത്താവളത്തിൽ നിന്നും ഉജ്ജ്വലമായ വരവേൽപ്പ് ആത്മനിർവൃതിയുടെ ഒരു ചരിത്രമുഹൂർത്തമായി മാറി. പിന്നീട് താജ് റസിഡൻസിയിലേക്ക് ഹുസൂർ തിരുമനസ്സിനെ ആനയിക്കുകയുണ്ടായി. പിറ്റേന്ന് ശനിയാഴ്ച 10 മണിക്ക് എറണാകുളത്തെ പ്രൗഢഗംഭീരമായ ഉമർ മസ്ജിദ് ഉദ്ഘാടനം ചെയ്യാൻ ഹുസൂർ എറണാകുളം നോർത്തിൽ എത്തിച്ചേർന്നു. അവിടെ എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബിന്റെ നേതൃത്വത്തിൽ ഹുസൂർ തിരുമനസ്സിനെ സ്വീകരിച്ചു. തെക്കൻ കേരളത്തിലെ മുഴുവൻ അഹ്മദികളും അപ്പോഴവിടെ സന്നിഹിതരായിരുന്നു. ചുവന്ന പരവതാനിയിലൂടെ ഹുസൂർ തിരുമനസ്സിന്റെ തൃപ്പാദങ്ങളുടെ സഞ്ചലനത്തെ അഹ്മദികളുടെ ഹൃദയം അഹ്‌ലൻ വ സഹ്‌ലൻ അഭിവാദ്യങ്ങളോടെ എതിരേറ്റു. മസ്ജിദ് ഉമറിന്റെ ഉദ്ഘാടന വിവരം രേഖപ്പെടുത്തിയ ശിലാഫലകം ഹുസൂർ തിരുമനസ്സ് അനാഛാദനം ചെയ്തു. മസ്ജിദ് ഉമറിന്റെ പ്രാർത്ഥനാഹാളിലേക്ക് ആനയിക്കപ്പെട്ട ഹുസൂർ തിരുമനസ്സ് അവിടെ വെച്ച് ഉദ്ഘാടനപ്രസംഗം നിർവ്വഹിക്കുകയുണ്ടായി. ആരാധനാസ്ഥലങ്ങൾ ദൈവസ്മരണയുടെ കേന്ദ്രങ്ങളാണെന്നും ഇഷ്ടികയും സിമന്റും കൊണ്ട് പള്ളികൾ നിർമ്മിക്കുന്നതെങ്കിലും അതിനെ ചൈതന്യവത്താക്കിത്തീർക്കുന്നത് ആരാധനയിൽ പങ്കെടുക്കുന്ന ആളുകളാണെന്നും ഹുസൂർ തിരുമനസ്സ് പറഞ്ഞു. പള്ളികൾ അല്ലാഹുവിനേയും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ പൂർത്തിയാക്കുന്ന കേന്ദ്രമായിത്തീരണമെന്നും ഹുസൂർ തന്റെ ഉദ്ഘാടന പ്രഭാഷണത്തിൽ പറഞ്ഞു. എറണാകുളം മേഖലയിലെ ആലപ്പുഴ, പള്ളുരുത്തി, ഐരാപുരം, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിലെ പള്ളികളുടെ ഉദ്ഘാടന പ്രഖ്യാപനവും ഹുസൂർ തിരുമനസ്സ് അപ്പോൾ നടത്തുകയുണ്ടായി. ഉദ്ഘാടന പ്രസംഗത്തിന് മുമ്പായി എറണാകുളം മേഖലയിലെ പ്രവർത്തനങ്ങളെ സംബന്ധിച്ചും ജമാഅത്തിന്റെ ചരിത്രത്തെക്കുറിച്ചും അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് ആമുഖഭാഷണത്തിൽ വിശദീകരിച്ചു.

പിന്നെ തിരുവനന്തപുരം മേഖലയിലെ അഹ് മദികളുടെ കൂടിക്കാഴ്ചയായിരുന്നു. പിറ്റേന്ന് ഞായറാഴ്ച രാവിലെ 10 മണിക്ക് നടന്ന വഖഫെ നൗ കുട്ടികളുടെ ക്ലാസ്സ് വളരെ സജീവമായിരുന്നു. കുട്ടികളുമായി പരസ്പരം സംഭാഷണം നടത്തി ഹുസൂർ തിരുമനസ്സ് തന്റെ

*(ശേഷം 42-ൽ)*

ലേഖനം

എ.എം. മുഹമ്മദ് സലീം

# ഖിലാഫത്ത് : നൂറ്റാണ്ടുകളിലൂടെ

## ഉമവി, അബ്ബാസി ഉഥ്മാനീ ഖിലാഫത്തിന്റെ സംക്ഷിപ്ത്രചരിത്രം

സാമൂഹിക ജീവിയായ മനുഷ്യന്റെ അനുപേക്ഷണീയമായ സംഘബോധത്തിന് ഒരു നേതൃത്വം ആവശ്യമാണ്. ചില ജീവികളിലും പ്രാണികളിലും വരെ നേതൃത്വത്തിലധിഷ്ഠിതമായ ഈ സാമൂഹിക ബോധത്തിന്റെ സുശക്തവും അത്ഭുതകരവുമായ പ്രവർത്തനങ്ങൾ ദൃശ്യമാണ്. ഇത് അവയുടെ ജൈവ പ്രകൃതിയിൽ ജനിതകപരമായി അന്തർലീനമായി കിടക്കുന്ന ഒരു സ്വഭാവവിശേഷമാണ് എന്നുള്ളത് അനിഷേധ്യമാണ്. ഉൽകൃഷ്ടജീവിയായ മനുഷ്യന് സാമൂഹിക ജീവിതം നയിക്കാൻ ഇസ്‌ലാംമതം വാഗ്ദാനം ചെയ്ത നേതൃവ്യവസ്ഥയാണ് ഖിലാഫത്ത്. അല്ലാഹു ഖുർആനിൽ വാഗ്ദാനം ചെയ്ത ഈ വ്യവസ്ഥ സോപാധികമായ ഒന്നാണ്. സത്യവിശ്വാസവും സൽക്കർമ്മങ്ങളുമാണ് മാതൃകാപരമായ ഖിലാഫത്ത് വ്യവസ്ഥയുടെ മുന്നു പാധികൾ. അത് ലംഘിക്കപ്പെടുമ്പോൾ ഖിലാഫത്ത് കേവലം അധികാരത്തിലധിഷ്ഠിതമായ ഭരണപരിപാടിയോ അല്ലെങ്കിൽ കേവലം ഒരു സംഘടിത സമുദായമോ ആയിരിത്തീരുന്നു. ഖുലഫാ ഉർറാശിദക്ക് ശേഷമുള്ള നൂറ്റാണ്ടുകളോളം നിലനിന്ന ഖിലാഫത്ത് വ്യവസ്ഥയിൽ, ഖിലാഫത്തിന്റെ ഇസ്‌ലാമിക ചൈതന്യം ഏറ്റകുറച്ചിലോടെ നമുക്ക് ദൃശ്യമാകും. ഖുർആൻ വചനം ഇപ്രകാരമാണ്.

*'നിങ്ങളിൽ നിന്ന് വിശ്വസിക്കുകയും സൽക്കർമ്മങ്ങളനുഷ്ടിക്കുകയും ചെയ്യുന്നവരോട് അവരെ അവർക്ക് മുമ്പേയുണ്ടായിരുന്നവരെ ഖലീഫമാരാക്കിയത് പോലെ ഭൂമിയിൽ ഖലീഫമാരാക്കുകയും അവർക്കായിട്ട് താൻ തൃപ്തിപ്പെട്ടിട്ടുള്ള മതത്തെ അവർക്ക് ബലപ്പെടുത്തിക്കൊടുക്കുകയും അവരുടെ ഭയത്തിനുശേഷം അവരെ സമാധാനത്തിലാക്കുകയും ചെയ്യുമെന്ന് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. (24:56)*

സത്യവിശ്വാസവും സൽക്കർമ്മങ്ങളും മുന്നുപാധിയാക്കിക്കൊണ്ടുള്ള ഖിലാഫത്തിന്റെ ഈ വാഗ്ദാനത്തിന്, മുസ്‌ലിംകൾ പ്രസ്തുത ഉപാധികൾ പാലിക്കാതിരുന്നപ്പോഴെല്ലാം വിരൂപണം സംഭവിച്ചിട്ടുണ്ട്. അപ്പോൾ ഖിലാഫത്ത് വ്യവസ്ഥ നാമമാത്രമായി തീരുകയും അതിന്റെ ആത്മീയമായ അന്തഃസത്തക്ക് ശോഷ ണം സംഭവിക്കുകയും ചെയ്തു. ചിലപ്പോൾ ഖിലാഫത്ത് മർദ്ദനപരമായ ഒരു ഏകാധിപത്യ സ്ഥാപനമായി മാറിയിട്ടുമുണ്ട്.

റസൂൽ തിരുമേനി(സ)യുടെ ആത്മീയ സ്രോതസ്സിൽ നിന്നും ഉരുത്തിരിയുന്ന ഈ ആത്മീയ സാമൂഹിക വ്യവസ്ഥ. കാലത്തിൽ നിന്നും ദേശത്തിൽ നിന്നും അകലുന്തോറും ഇസ്‌ലാമിന്റെ തനത് രൂപങ്ങളിൽ നിന്നും ഗതിമാറുകയും മറ്റു ലോക സമ്പ്രദായങ്ങളുടെ സ്വാധീനത്തിനും സ്വാംശീകരണത്തിനും വിധേയമായിപ്പോകുകയും ചെയ്തു. എന്നത് സ്വാഭാവികമാണ്. ഇസ്‌ലാം മതസ്ഥാപകരായ റസൂൽ തിരുമേനി(സ) ഇസ്‌ലാമിക ഖിലാഫത്തിന് സംഭവിക്കുന്ന ഗതിവ്യതിയാനങ്ങളെപറ്റിയും ഭാവപ്പകർച്ചയെ സംബന്ധിച്ചും അത്ഭുതകരമായ കണിശതയോടെ ദീർഘദർശനം ചെയ്തിട്ടുണ്ട്. അത് പ്രവാചകത്വത്തിന്റെ പാതയിൽ നിന്നും വ്യതിചലിച്ച് ലോകഗതിക്കനുസൃതമായി അധികാര രാഷ്ട്രീയത്തിന്റേയും രാജവാഴ്ചയുടേയും വഴിയിലേക്ക് ഗതിമാറിപ്പോകുമെന്നാണ് പ്രവചനം.

*"നിങ്ങളിൽ അല്ലാഹു ഇച്ഛിക്കുന്നത് വരെ ഖിലാഫത്ത് നിലനിൽക്കുന്നതാണ്. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് നുബുവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്തുണ്ടാവും. അവൻ ഇച്ഛിക്കുന്നത് വരെ അത് നിലനിൽക്കും. പിന്നീട് അതിനെ എടുത്തുകളയും. പിന്നീട് പരുക്കൻ ഭരണകൂടങ്ങൾ വരും അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. അതിനുശേഷം*

*അത് എടുക്കപ്പെടും. പിന്നീട് സ്വേച്ഛാധിപത്യ ഭരണകൂടം വരും. അല്ലാഹു ഇച്ഛിക്കുന്നിടത്തോളം അത് നിലനിൽക്കും. പിന്നീട് അല്ലാഹു അതിനെ എടുത്തുകളയും. അതിനുശേഷം നുബൂവ്വത്തിന്റെ പാതയിലുള്ള ഖിലാഫത്ത് സ്ഥാപിതമാവുന്നതാണ്. ഇതിനു ശേഷം തിരുനബി(സ) മൗനമവലംബിച്ചു*

*(മിശ്കാത്ത് - കിത്താബുർ റിഖാഖ്)*

സച്ചരിതരും പ്രവാചകമാർഗ്ഗത്തിൽ ചരിച്ചവരുമായ ഖുലഫാഉർ റാശിദയുടെ കാലഘട്ടത്തിനുശേഷം ഏകദേശം പന്ത്രണ്ടരനൂറ്റാണ്ടുകളോളമുള്ള ഉമവിയ്യാ, അബ്ബാസിയ്യാ, ഉഥ്മാനിയാ ഖിലാഫത്തിന്റേയും അതിന്റെ തിരോധാനത്തിനുശേഷമുള്ള പ്രവാചകമാർഗ്ഗത്തിലുള്ള അഹ്മദിയ്യാ ഖിലാഫത്തിന്റെയും ബൃഹദ് ചരിത്രം ഈ കൊച്ചു ഹദീസിൽ സംക്ഷേപിച്ചിരിക്കുന്നു. ഖുലഫാഉർറാശിദക്ക് ശേഷം അഹ്മദിയ്യാ ഖിലാഫത്ത് വരെയുള്ള ഖിലാഫത്തിന്റെ ചരിത്രമാണ് ഈ ലേഖനത്തിലെ പ്രതിപാദ്യം.

തീർച്ചയായും പ്രസ്തുത കാലഘട്ടത്തിലെ ഖിലാഫത്തിന്റെ വിവരണം രാഷ്ട്രീയ ചരിത്രമായി തീരുക സ്വാഭാവികമാണ്. രാഷ്ട്രീയമായ വ്യക്തിത്വത്തിലാണ് ആ ഖിലാഫത്തുകൾ പ്രവർത്തിച്ചത്. ഇസ്‌ലാമതത്തിന്റേയും അതിന്റെ ആത്മീയസംസ്കൃതിയുടെയും വികാസചരിത്രവും അതിന്റെ പ്രചാരണചരിത്രവും മറ്റൊന്നാണ്. ഇസ്‌ലാമിൽ നൂറ്റാണ്ടുകൾ തോറും ആവിർഭവിച്ച മുജദ്ദിദുമാരുടെ പരമ്പരകളുമായി അത് ബന്ധപ്പെട്ടുനിൽക്കുന്നു. ഖിലാഫത്ത് ഭൗതികതയിലേക്ക് തിരിഞ്ഞപ്പോൾ ഇസ്‌ലാം മതത്തിലേക്ക് ജനപ്രവാഹമുണ്ടായത് മുജദ്ദിദുമാരിലൂടെയാണ്. മുജദ്ദിദുമാരും അവരുടെ ശിഷ്യഗണങ്ങളും സൂഫികളുടെ പരമ്പരകളുമാണ് ഇസ്‌ലാം മതത്തിലേക്ക് ആളുകളെ ആകർഷിച്ച് മതപരമായ വിജയം സാധ്യമാക്കി ത്തീർത്തത്. അല്ലാതെ ഭരണാധികാരികളിലൂടെയായിരുന്നില്ല എന്ന കാര്യം നാം പ്രത്യേകം ഓർക്കണം.

റസൂൽ തിരുമേനി(സ)യുടെ വിയോഗത്തെ ത്തുടർന്ന് ഇസ്‌ലാം മതത്തിന്റെ പ്രചാരവും വ്യാപനവും അതിശീഘ്രഗതിയിലായിരുന്നു. ഇസ്‌ലാമിന്റെ രാഷ്ട്രീയ വിജയങ്ങളുടെ ഫലമായി അശിക്ഷിതരും റസൂൽ തിരുമേനി(സ)യുടെ തിരുമുഖം ദർശിച്ച് ആത്മീയ പ്രഭാവം ഉൾക്കൊള്ളാത്തവരുമായ ജനങ്ങൾ കൂട്ടംകൂട്ടമായി ഇസ്‌ലാമിലേക്ക് ചേക്കേറാനാരംഭിച്ചു. ഗോത്രവർഗ്ഗത്തിന്റെയും രാജവാഴ്ചയുടേയും നടപ്പുകളും, സമ്പ്രദായങ്ങളും ശീലിച്ച അവർ ഇസ്‌ലാം മതത്തിന്റെ ആത്മീയവും ധാർമ്മികവും സാമൂഹികവുമായ മൂല്യങ്ങളെ സംബന്ധിച്ച് ബോധവാന്മാരായിരുന്നില്ല. ഇസ്‌ലാമിക ഖിലാഫത്തിന്റെ ആസ്ഥാനമായിരുന്ന മദീനയുമായുള്ള അവരുടെ ബന്ധം ഒരു ഭരണകോയ്മയുടെ വിധേയത്വം എന്നതിൽകവിഞ്ഞ് ഒരു ആത്മീയ ജീവിതതലക്ഷ്യത്തിന്റെ പ്രചോദനത്താലുള്ള ഒരു ജീവിത സമർപ്പണമായിരുന്നില്ല എന്ന് വ്യക്തം. ഇസ്‌ലാമിലെ സച്ചരിതരായ അവസാനത്തെ രണ്ട് ഖലീഫമാരുടെ വധത്തിലേക്ക് നയിച്ച സംഭവങ്ങൾക്കും അതിനെ തുടർന്നുള്ള കുഴപ്പങ്ങൾക്കും കാരണം അശിക്ഷിതരും അസംസ്കൃതരുമായ നവമുസ്‌ലിംകളായിരുന്നു. ഇസ്‌ലാമിനകത്തു നിന്നും കപടവിശ്വാസികളും ഇസ്‌ലാം മതവേഷധാരികളുമായ ജൂതന്മാരും ഈ അവസരം പരമാവധി മുതലെടുക്കുകയായിരുന്നു. ശാന്തസുന്ദരമായ ഒരു ആത്മീയ സമൂഹത്തിന്റെ സ്വച്ഛതയും സമാധാനാവും വിനഷ്ടമായ ഇസ്‌ലാമിക ഖിലാഫത്ത് അധികാരകേന്ദ്രിതമായ മറ്റൊരു ഖിലാഫത്തിന്റെ നിറം സ്വീകരിക്കുകയാണുണ്ടായത്. സച്ചരിതമായ ഖിലാഫത്തിന്റെ അവസാനവർഷങ്ങളിലെ കുഴപ്പങ്ങളെ വിശകലനം ചെയ്തുകൊണ്ട് അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) എഴുതിയ 'ഇസ്‌ലാമിൽ ഭിന്നിപ്പിന്റെ തുടക്കം' എന്ന പുസ്തകം ഇത് സംബന്ധിച്ചുള്ള അധികവായനക്ക് ഉപയോഗപ്പെടുത്തുക.

ഖുലഫാഉർറാശിദക്ക് ശേഷം ഹദറത്ത് അലി(റ)യുടെ മകൻ ഹദ്റത്ത് ഇമാം ഹസൻ (റ)ൽ നിന്നും ഖലീഫ സ്ഥാനം സ്വീകരിച്ച ഹദ്റത്ത് മുആവിയ (റ) (ഹി: 41/ ക്രി. വ. 661)യാണ് പിന്നീട് ഖലീഫയായി അവരോധിക്കപ്പെട്ടത്. റസൂൽ തിരുമേനി (സ) പ്രവചിച്ച രാജാധികാരകേന്ദ്രിതവും സ്വേഛാധിപത്യത്തിന്റേതുമായ പാരമ്പര്യ വാഴ്ചയുടെ ഉദ്ഘാടനമായിരുന്നു ഹദ്റത്ത് മുആവിയ(റ)യിലൂടെ സംഭവിച്ചത്. ഒരു ആദർശസമൂഹത്തിന്റെ രൂപീകരണം എന്നതിനേക്കാൾ കുഴപ്പങ്ങളുടെ ആ കാലഘട്ടത്തിൽ സുശക്തമായ ഒരു ഭരണാധികാര സ്ഥാപനമായി ഇസ്‌ലാമിക ഖിലാഫത്ത് മാറുവാൻ നിർബന്ധിതമാവുകയായിരുന്നു. ഖലീഫമാരുടെ ഇച്ഛയേക്കാൾ മറ്റു ഇസ്‌ലാമിക ബാഹ്യമായ പരിതസ്ഥിതിയുടെ സമ്മർദ്ദവും മുസ്‌ലിം ഖിലാഫത്തിന്റെ വ്യതിയാനങ്ങളെ സ്വാധീനിച്ച ശക്തമായ ഘടകങ്ങളാണ്. (തുടരും)

ലേഖനം

അബ്ദുല്ലാഹി മാസ്റ്റർ, കൊടിയത്തൂർ

# മുസ്‌ലിം തീവ്രവാദം അവസാനിക്കണമെങ്കിൽ

## തീവ്രവാദത്തിന്റെ ഉറവിടം ജമാഅത്തെ ഇസ്‌ലാമിയാണെന്ന് ലേഖകൻ കണ്ടെത്തുന്നു.

മുസ്‌ലിം തീവ്രവാദവും, തീവ്രവാദപ്രവർത്തനവും അനുദിനം ശക്തിപ്പെട്ടുവരികയാണ് ഇന്ത്യയിൽ. തീവ്രവാദ വിരുദ്ധ പ്രചരണവും, നടപടികളും ശക്തിയായി നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത് എന്നതാണ് രസകരം. തീവ്രവാദം അവസാനിക്കണമെങ്കിൽ എന്താണ് തീവ്രവാദം എന്ന് നിർവ്വചിക്കാൻ കഴിയ.ണം. അതിന് ശേഷം തീവ്രവാദ ആശയങ്ങൾക്കും ചിന്തകൾക്കും പ്രചോദനങ്ങൾ എവിടെനിന്ന്, ആരിൽനിന്ന് ഉത്ഭവിക്കുന്നു എന്ന് കണ്ടെത്തുകയാണ് ഒന്നാമതായിവേണ്ടത്. ഇവിടെയാണ് മുസ്‌ലിം ഭൂരിപക്ഷത്തിന് തെറ്റു പറ്റിയത്. യഥാർത്ഥ തീവ്രവാദ സംഘടനയെ കണ്ടെത്തുവാൻ അവർക്ക് കഴിയുന്നില്ല. തീവ്രവാദ സംഘടനയെ കൂട്ടുപിടിച്ച് തിവ്രവാദികളെ തിരയുന്ന ദുരന്ത കാഴ്ചയാണ് കാണാൻ കഴിയുന്നത്. എല്ലാവരും തീവ്രവാദിയെ തിരയുന്നു.

കേരളത്തിൽ അതി തീവ്രവാദ ചിന്തകൾ പ്രചരിപ്പിക്കുന്ന, സായുധകലാപത്തിന് പ്രേരണ നല്കുന്ന, സായുധ കലാപങ്ങളിൽ അഭിമാനിക്കുന്ന ഏക മുസ്‌ലിം സംഘടന ജമാഅത്തെ ഇസ്‌ലാമി മാത്രമാണെന്ന് അവരുടെ പ്രസിദ്ധീകരണങ്ങൾ തെളിയിക്കുന്നു. മറ്റൊരു സംഘടനയുടെ പ്രസിദ്ധീകരണങ്ങളിലും ജമാഅത്തെ ഇസ്‌ലാമിയുടേത് പോലെയുള്ള തീവ്രവാദ ആശയങ്ങൾ കാണാൻ കഴിഞ്ഞിട്ടില്ല. ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിൽ തീവ്രവാദിയെ തെരഞ്ഞാൽ ഒരിക്കലും കാണാൻ കഴിയുകയില്ല. ഒരിക്കലും തിവ്രവാദത്തിൽ നിന്ന് മുസ്‌ലിംകളെ രക്ഷിക്കാനും ആർക്കും കഴിയുകയില്ല.

ജമാഅത്തെ ഇസ്‌ലാമിയുടെ പ്രസിദ്ധീകരണങ്ങളിൽ നിറഞ്ഞു നില്ക്കുന്ന തീവ്രവാദ ചിന്തകൾ പരിശോധിക്കാം. അവരുടെ പ്രസിദ്ധീകരണങ്ങളിലുള്ള തീവ്രവാദ ആശയങ്ങളെ ഒരിക്കലും ജമാഅത്ത് നിഷേധിച്ചിട്ടില്ല. പിൻവലിച്ചിട്ടുമില്ല. ഒരിക്കലും തള്ളിപ്പറഞ്ഞിട്ടുമില്ല. മറിച്ച്, സാമൂഹ്യസേവനങ്ങളിലൂടെയും, മതമൈത്രീ കാമ്പയിനിലൂടെയും ദുരിതാശ്വാസ പ്രവർത്തനങ്ങളിലൂടെയും ഒരു പുകമറ സൃഷ്ടിച്ച് സ്വന്തം തനിമയെ മറിച്ച് വെക്കാനാണ് അവർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ജമാഅത്തെ ഇസ്‌ലാമിയുടെ അമ്പതാം വാർഷികത്തോടനുബന്ധിച്ച് 'പ്രബോധനം' ഇറക്കിയ സോവനീറിൽ അതിന്റെ ഉത്ഭവവും, വളർച്ചയും, വികാസവും വിശദമായി വിവരിച്ചിട്ടുണ്ട്. ആ സോവനീറിൽ ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ ജമാഅത്തെ ഇസ്‌ലാമിക്ക് 6 ഘടകങ്ങളുള്ളതായി അവകാശപ്പെടുന്നു. ഓരോന്നിന്റെയും പ്രവർത്തന ശൈലിയും, ശക്തിയും, സ്വാധീനവും വിശദമായി വിവരിച്ചിട്ടുണ്ട്. അതിൽ കാശ്മീരി ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ചുള്ള ലേഖനത്തിലെ വരികൾ വായിക്കുക.

താഴ്‌വരയിൽ തീവ്രവാദ പ്രവർത്തനം ശക്തിപ്പെട്ടതിനു ശേഷം ജമാഅത്തെ ഇസ്‌ലാമിയുടെ സ്വാധീനം വർദ്ധിച്ചിട്ടുള്ളതായി പറയപ്പെടുന്നു. താഴ്‌വരയിലെ ഏറ്റവും ശക്തമായ തീവ്രവാദ ഗ്രൂപ്പുകളിലൊന്നായ ഹിസ്ബുൾ മുജാഹിദീൻ ജമാഅത്തെ ഇസ്‌ലാമി അനുകൂല ഗ്രൂപ്പാണ്. ഇതിന് പുറമെ 'അല്ലാഹ് ടൈഗേഴ്സ്' എന്ന സംഘത്തിനും ജമാഅത്ത് രൂപം നല്കിയിട്ടുണ്ട്. ജനങ്ങളിൽ ഇസ്‌ലാമിക ചൈതന്യം വളർത്തുകയും നിലനിർത്തുകയുമാണ് ഈ സംഘത്തിന്റെ മുഖ്യമായ പ്രവർത്തനമെന്ന് പറയപ്പെടുന്നു.

"വിവിധ തീവ്രവാദ ഗ്രൂപ്പുകളെ ഏകോപിപ്പിക്കുന്നതിലും ജമാഅത്തിന്റെ പങ്ക് പ്രധാനമാണ്. രാഷ്ട്രീയ മേഖലയിൽ പതിമൂന്ന് സംഘടനകൾ ചേർന്ന തഹ്‌രീകെ ഹുർയത്ത് കാശ്മീർ (കാശ്മീർ സ്വാതന്ത്ര്യ

പ്രസ്ഥാനം) എന്ന പേരിൽ ഒരു മുന്നണിക്ക് രൂപം കൊടുത്തിട്ടുണ്ട്. ഈ ഗ്രൂപ്പിലെ ഏറ്റവും വലിയ സംഘടന ജമാഅത്താണ്. അരാഷ്ട്രീയനായ അഡ്വക്കറ്റ് മിയാൻ അബ്ദുൾ ഖയ്യൂമാണ് മുന്നണിയുടെ അദ്ധ്യക്ഷൻ. സെക്രട്ടറിയായ മുഹമ്മദ് അഷ്റഫ് സഹ്റായി കാശ്മീർ ജമാഅത്തെ ഇസ്ലാമിയുടെയും സിക്രട്ടറി ജനറലാണ്. സൈനിക മേഖലയിൽ വിവിധ സായുധ ഗ്രൂപ്പുകൾ ചേർന്ന് രൂപം നല്കിയ "മുത്തഹിദ് ജിഹാദ് കൗൺസിലിന്റെ ചെയർമാൻ അലി മുഹമ്മദ് ഡാറും ജമാഅത്തെ ഇസ്ലാമിയുടെ നേതാക്കളിലൊരാളാണ്. പേ. 145.

കാശ്മീർ ജമാഅത്തെ ഇസ്ലാമിയുടെ ചുവട് പിടിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് കേരളത്തിലും നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. മുസ്ലിം സംഘടനകളെ ഏകോപിപ്പിച്ച് മുന്നണിയാക്കി നേതൃത്വം പിടിച്ചെടുത്ത് മുസ്ലിംകളിൽ സ്വാധീനം നേടുവാനുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലും, കേരളത്തിലും വളരെ ന്യൂനപക്ഷമായതുകൊണ്ടുമാത്രമാണ് കടുത്ത തീവ്രവാദ പ്രവർത്തനങ്ങൾക്ക് തയ്യാറാവാതിരിക്കുന്നത്. അനേകായിരം മുസ്ലിംകളുടെ കൂട്ടക്കൊലപാതകത്തിൽ അഭിമാനിക്കുന്ന ജമാഅത്തെ ഇസ്ലാമിക്ക് എങ്ങനെയാണ് ഇസ്ലാം സമാധാനത്തിന്റെ, സ്നേഹത്തിന്റെ, സാഹോദര്യത്തിന്റെ മതമാണെന്ന് പ്രചരിപ്പിക്കുവാൻ കഴിയുക. ലേഖനത്തിൽ കാശ്മീർ ജമാഅത്തെ ഇസ്ലാമിയുടെ തീവ്രവാദ നിലപാടുകളെ അഭിമാനത്തോടെയാണ് ലേഖകൻ വിവരിക്കുന്ത്. ആ നിലപാടുകളാണ് ഇന്ത്യയിലും പിന്തുടരേണ്ടതെന്നാണ് ധ്വനിപ്പിച്ചിരിക്കുന്നത്. തങ്ങളുടെ സഹോദര ഘടകമായ കാശ്മീർ ജമാഅത്തെ ഇസ്ലാമിയുടെ തീവ്രവാദ സായുധ നിലപാടുകൾ ഇസ്ലാമിക വിരുദ്ധമാണെന്നോ, തള്ളിക്കളയേണ്ടതാണെന്നോ ലേഖകൻ പറയുന്നില്ല. ചുരുക്കത്തിൽ ഇന്ത്യയിൽ ജമാഅത്തെ ഇസ്ലാമി ശക്തി പ്രാപിച്ചാൽ കാശ്മീർ ജമാഅത്തെ ഇസ്ലാമിയുടെ എല്ലാ നിലപാടുകളും നയങ്ങളും സ്വീകരിക്കുമെന്നാണ് ലേഖനത്തിന്റെ പാഠം. ജമാഅത്തെ ഇസ്ലാമി തീവ്രവാദ സംഘടനയാണെന്നുള്ളതിന് ഈ ലേഖനം മതിയായ തെളിവാണ്. ഈ സത്യം തിരിച്ചറിഞ്ഞ് ജമാഅത്തെ ഇസ്ലാമിയെ ഒറ്റപ്പെടുത്തി ഇസ്ലാം ശാന്തിയുടെയും സമാധാനത്തിന്റെ മതമാണെന്ന അവകാശവാദത്തെ ഉയർത്തികാണിക്കാൻ മുസ്ലിം സംഘടനകൾ തയ്യാറാവേണ്ടതുണ്ട്.

അതോടൊപ്പം ജമാഅത്തെ ഇസ്ലാമി പ്രചരിപ്പിക്കുന്ന മറ്റൊരു തീവ്രവാദ ആശയമാണ് ഇസ്ലാംമത വിശ്വാസം ഉപേക്ഷിക്കുന്നവനെ വധിച്ചു കളയണമെന്ന നിയമം ഖുർആനിൽ ഉണ്ടെന്നത്. അമുസ്ലിംകളിൽ ഇസ്ലാമിനെ കുറിച്ച് വമ്പിച്ച തെറ്റിദ്ധാരണയുണ്ടാക്കുന്ന ഒരു ഖുർആനിക വിരുദ്ധ വിശ്വാസമാണിത്. ഈ വാദം ജമാഅത്തെ ഇസ്ലാമിയുടെ മാത്രം വാദമാണെന്നും, ഇസ്ലാമിന്റേതല്ലെന്നും മുസ്ലിം സംഘടനകൾ പ്രഖ്യാപിക്കാൻ ഒട്ടും വൈകിക്കൂടാ.

ഇസ്ലാമിൽ രാജ്യദ്രോഹ പ്രവർത്തനങ്ങൾ നടത്തുന്നവരെ ഭരണകൂടത്തിന് മാത്രം വധിക്കാം എന്ന നിയമം മാത്രമേ ഉള്ളൂ. ഇസ്ലാം മതം ഉപേക്ഷിക്കുന്ന സാധാരണ മനുഷ്യൻ എങ്ങനെയാണ് രാജ്യദ്രോഹിയാകുന്നത്. ഇസ്ലാം മതം പൂർണ്ണമായും വിശ്വാസ സ്വാതന്ത്ര്യം അനുവദിച്ചിരിക്കുന്നു. വിശ്വാസം ഉപേക്ഷിക്കുവാനും, വീണ്ടും സ്വീകരിക്കുവാനും വീണ്ടും ഉപേക്ഷിക്കുവാനും, വീണ്ടും സ്വീകരിക്കുവാനും, അവിശ്വാസത്തിൽ മുന്നേറാനും ഒരു മനുഷ്യന് അവകാശമുണ്ടെന്ന് 4:134ൽ വിശുദ്ധ ഖുർആൻ വ്യക്തമാക്കുന്നു. അതിന് യാതൊരു ശിക്ഷയും ദുനിയാവിൽ വിധിച്ചിട്ടില്ല. പരലോകശിക്ഷ മാത്രമേ ഉള്ളൂ. ഈ പവിത്രമായ മൗലികാവകാശത്തെയാണ് ജമാഅത്തെ ഇസ്ലാമി വെല്ലുവിളിക്കുന്നത്.

ഇതുസംബന്ധിച്ച് ജമാഅത്ത് നേതാവായ ഒ. അബ്ദുറഹിമാൻ ഉന്നയിക്കുന്ന പരിഹാസ്യമായ ന്യായ വാദം അത്ഭുതപ്പെടുത്തുന്നതാണ്. ഒ. അബ്ദുറഹിമാൻ പറയുന്നത് കാണുക. 'ഒരാൾ ഇസ്ലാമാകുന്നത് തന്നെ, പിന്നീടൊരിക്കൽ രാജിവെക്കാനാഗ്രഹിച്ചാൽ അത് അനുവദിക്കപ്പെടാൻ പോകുന്നില്ലെന്ന ഉത്തമ ബോധ്യത്തോടെയാണ്' എന്നാണ്. (ഇസ്ലാമും യുക്തിവാദവും പേ. 163). ഇതാണ് ഖുർആനിക നിയമമെങ്കിൽ രാജി വെക്കാൻ സ്വാതന്ത്ര്യമില്ലെങ്കിൽ അത് അമുസ്ലിംകൾക്ക് മുമ്പാകെ തുറന്ന് പ്രഖ്യാപിക്കാത്തത് എന്തുകൊണ്ടാണ്. അവരെ ഇസ്ലാമിലേക്ക് ക്ഷണിക്കേണ്ടത് തന്നെ ഈ മുന്നറിയിപ്പോടെയല്ലേ. സമൂഹ നോമ്പുതുറയും, സർവ്വ സമുദായ മൈത്രീ സമ്മേളനവും മറ്റും നടത്തി ഇസ്ലാമിലേക്കാർഷിച്ച് ഇസ്ലാം സ്വീകരിച്ചശേഷം പഠിപ്പിക്കേണ്ട തത്വമാണോ ഇത്? ഇത്തരം വിചിത്രവും വഞ്ചനാപരമായ വിധികൾ ഖുർആനിന്റെ പേരിൽ വെച്ച് കെട്ടി ഇസ്ലാം ഭീകരവാദമതമാണെന്ന തെറ്റിദ്ധാരണ അമുസ്ലിംകളിൽ ഉണ്ടാക്കുവാൻ കാരണമാക്കുന്ന ജമാഅത്തെ ഇസ്ലാമിയെ ഒറ്റപ്പെടുത്തുവാൻ മുസ്ലിം സംഘടനകൾ തയ്യാറായേ തീരൂ. അതാണ്, അത് മാത്രമാണ് കേരളത്തിലെ മുസ്ലിംകളുടെ സമാധാന ജീവിതത്തിന് അനിവാര്യമായിരിക്കുന്നത്.

●

ലേഖനം

**അൽഖുർആൻ എക്സിബിഷൻ - 6.**

എ.ക്യു മഹ്ദി

# ഇന്നും മരം ചാടുന്നു വാനരൻ ഡാർവിൻ സിദ്ധാന്തം ഖണ്ഡിക്കപ്പെടുന്നു

## മൃഗത്തിൽ നിന്നും വ്യത്യസ്തമായി വികസനോന്മുഖമായ ഒരു ധൈഷണിക പരിണാമമാണ് മനുഷ്യനിൽ സംഭവിച്ചത്

മനുഷ്യൻ, ഔദാര്യവാനായ ദൈവത്തിന്റെ ആസൂത്രണ പദ്ധതിയിലെ മഹത്തായ ഒരു സൃഷ്ടിയായി രൂപം കൊണ്ടപ്പോൾ, മനുഷ്യന്റെ ബുദ്ധിപരമായ വളർച്ചാവികാസത്തെപ്പറ്റി (Intelectual Development) ഖുർആൻ പറയുന്നതു കൂടി ശ്രദ്ധിക്കാം.

'സത്യമായും നാം മനുഷ്യനെ ഗുണവൈവിധ്യങ്ങളാൽ മിശ്രിതമായ ഒരു കണത്തിൽ നിന്നും സൃഷ്ടിച്ചു. ..... എന്നിട്ട് നാം അവനെ വളർത്തിക്കൊണ്ട് കാഴ്ചയും കേൾവിയും ഉള്ളവനാക്കിത്തീർത്തു.


മനഷ്യന്റെ കഴിവുകളുടെ നിദ്രാണദശയെപ്പറ്റി പ്രതിപാദിച്ചതിനുശേഷം ദൈവം അവനു വികാര സൗന്ദര്യം നൽകി. അവന്റെ കഴിവുകൾ കർമ്മോന്മുഖമാവുകയും കേൾക്കാനും കാണാനും അവനു കഴിയുമാറാവുകയും ചെയ്തു എന്ന് ഈ വചനം സൂചിപ്പിക്കുന്നു. കേൾക്കുക, കാണുക (സമിഅ്, ബസീർ) എന്നീ വാക്കുകൾ അവയവങ്ങളുടെ കേവലധർമ്മത്തെയല്ല പ്രത്യുത കേൾവിയുടെയും പരിപൂർണ്ണ കാഴ്ചയും (നന്മതിന്മകളെക്കുറിച്ചുള്ള അവബോധം) യെയുമാണ് സൂചിപ്പിക്കുന്നത്. മൃഗങ്ങൾ കേൾക്കുകയും കാണുകയും ചെയ്യുന്നുണ്ടെങ്കിലും ആ ധർമ്മത്തെക്കുറിച്ച് വിവരിക്കാൻ ഈ പദങ്ങളല്ല ഉപയോഗിച്ചിരിക്കുന്നത്.

മനുഷ്യനെ അത്യന്തം ബഹുമാനിതനായാണ് ദൈവം സൃഷ്ടിച്ചിരിക്കുന്നതെന്ന് ഖുർആൻ പറയുന്നു.

'നിശ്ചയമായും മനുഷ്യരെ നാം ബഹുമാനിച്ചിരിക്കുന്നു. നമ്മുടെ ബഹുഭൂരിഭാഗം സൃഷ്ടികളെക്കാൾ അത്രയും മഹോന്നത സ്ഥാനത്തേക്ക് അവരെ നാം ഉയർത്തിയിരിക്കുന്നു.'

ആകാശത്തിലെയും ഭൂമിയിലെയും സകല വസ്തുക്കളും






അവൻ നിങ്ങൾക്ക് സ്വാധീനപ്പെടുത്തിത്തന്നിരിക്കുന്നതും, ഗോചരവും ആഗോചരവുമായ എല്ലാ അനുഗ്രഹങ്ങളും നിങ്ങളിൽ ചൊരിഞ്ഞിരിക്കുന്നതും കണ്ടില്ലേ?

ഇതിനിടയ്ക്ക് ഡാർവിൻ സിദ്ധാന്തത്തെപ്പറ്റി (Darwin Theory) നാം അൽപം അറിഞ്ഞിരിക്കേണ്ടതുണ്ട്.

പത്തൊമ്പതാം ശതകത്തിൽ ഡാർവിൻ (1809–1882) ഒരു നൂതന സിദ്ധാന്തം മുമ്പോട്ടു വച്ചു. ജീവികൾ ഏതാനും ചില പ്രാഗ്രൂപങ്ങളിൽ നിന്നും നിലനിൽപ്പിനുവേണ്ടിയുള്ള അതിജീവന സമരത്തിൽ പരിണമിച്ചുണ്ടായതാണെന്നും, പ്രകൃതി അർഹതയുള്ളതിനെ തെരഞ്ഞെടുത്തുവെന്നും അദ്ദേഹം വാദിച്ചു. മനുഷ്യനും കുരങ്ങിനും ഒരു പൊതു പൂർവ്വ പിതാവ് ഉണ്ട് എന്ന പരികൽപ്പനയായിരുന്നു ആ സിദ്ധാന്തത്തിന്റെ മുഖ്യവാദം. ഫോസിലുകളും മറ്റു ശാസ്ത്രസങ്കേതങ്ങളും അടിസ്ഥാനമാക്കി അദ്ദേഹം ആദ്യമായി ആദിമമനുഷ്യന്റെയും പ്രാക്തമനുഷ്യന്റെയും അസ്ഥിയും തലയോടും താരതമ്യപഠനത്തിനു വിധേയമാക്കി. മനുഷ്യഭ്രൂണത്തിന്റെ ഗർഭപാത്രത്തിലെ വികാസ പരിണാമവും താഴ്ന്ന ജീവികളുടെ ഭ്രൂണ പരിണാമവും തമ്മിലുള്ള സാമ്യതയെക്കുറിച്ചും അദ്ദേഹം പഠനം നടത്തി. മനുഷ്യനും ആൾക്കുരങ്ങും തമ്മിലുള്ള സാരൂപ്യം നിരീക്ഷിച്ചു. ഇതിൽ നിന്നും മനുഷ്യന്റെ ജീവപരിണാമശ്രേണിയായ വിവിധഘട്ടങ്ങളെ താഴ്ന്ന ജീവികൾ പ്രതിനിധാനം ചെയ്യുന്നുവെന്നും അവസാനം ആൾക്കുരങ്ങിൽ നിന്നാണ് മനുഷ്യൻ രൂപം പ്രാപിച്ചതെന്നും അദ്ദേഹം സിദ്ധാന്തിച്ചു. ഈ തത്വങ്ങളുടെ തുടർന്നുള്ള ഗവേഷണങ്ങൾ ആൾക്കുരങ്ങിനു മുമ്പുള്ള ഒരു ജീവിയിൽ നിന്നാണ് മനുഷ്യൻ പരിണമിച്ചുണ്ടായതെന്നുള്ള നിഗമനത്തിൽ ഡാർവിനെ എത്തിച്ചു.

എന്നാൽ, തുടക്കം മുതൽക്കേ മൃഗത്തിൽ നിന്നും വ്യതിരിക്തമായി സ്വതന്ത്രമായ ഒരു പരിണാമക്രിയയിലൂടെ മാത്രമാണ് മനുഷ്യൻ

വികാസം പ്രാപിച്ചത്. ഇതര ജീവികളെക്കാൾ സമുന്നതവും ജനിതക മുദ്രകളാൽ ഗുണവൈവിധ്യ സങ്കലിതവുമായ ഇന്ദ്രിയ ബിന്ദുവിൽ (നുത്ത് ഫത്തിൻ അംശാജിൻ) നിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്. മൃഗങ്ങളുടെ ബീജങ്ങൾക്ക് ഈദൃശ്യഗുണമില്ല. മനുഷ്യന്റെ ഇന്ദ്രിയത്തിന്റെ സവിശേഷതകൾ കാരണമാണ് ധൈഷണികവും സർഗ്ഗാത്മകവുമായി പുരോഗമിക്കാനുള്ള അനന്തമായ കഴിവുകൾ സാധ്യമാകുകയും തന്റെ പൂർവ്വഗാമിയെ കവച്ചുവെച്ചുകൊണ്ട് മുന്നോട്ടു പോകുവാനുള്ള കഴിവുകൾ ലഭ്യമാവുകയും ചെയ്തത്. മനുഷ്യന്റെ ഈ ഗുണമഹിമ താഴ്ന്ന ജീവികളിൽ നിന്നും അവൻ പരിണമിച്ചുണ്ടായതാണെന്ന ഡാർവിൻ സിദ്ധാന്തത്തെ ഖണ്ഡിക്കുന്നു.

തർക്കമറ്റ ഈ അനിഷേധ്യ യാഥാർത്ഥ്യത്തിന് വേറെ തെളിവുകൾ ആവശ്യമില്ല. വാനരൻ തന്റെ പൂർവ്വികനെപോലെ സഹസ്രാബ്ദങ്ങളായി ഇന്നും മരം കയറിയിറങ്ങുകയാണ്.

അങ്ങിനെ ഡാർവിൻ സിദ്ധാന്തത്തെ പരിശുദ്ധ ഖുർആൻ നിശേഷം ഖണ്ഡിക്കുന്നു. ആധുനിക ജന്തുജീവശാസ്ത്രജ്ഞന്മാരും ഇപ്പോൾ ഡാർവിൻ തിയറിയ്ക്കെതിരായി ഖുർആൻ നൽകുന്ന പാഠസിദ്ധാന്തങ്ങളിലേക്ക് ശ്രദ്ധ പതിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്യാൻ തുടങ്ങിയിട്ടുണ്ട്. അങ്ങനെ നമ്മുടെ മുതുമുത്തച്ഛന്മാർ കുരങ്ങന്മാരായിരുന്നുവെന്ന സാങ്കൽപ്പിക കഥകളോടു നമുക്കു പൂർണ്ണമായി വിട പറയാം. തുടരും ●

## പാവങ്ങളെ സഹായിക്കുക

“നിങ്ങളുടെ ഉറ്റബന്ധുക്കൾക്കും (ബന്ധുക്കളെ പോറ്റി വളർത്തേണ്ടതു ധർമ്മമാണെന്ന് സൂചന) പാവങ്ങൾക്കും പാന്ഥർക്കും നിങ്ങളുടെ മുതലിൽനിന്നു ന്യായമായ പങ്കു നൽകുക; നിങ്ങളുടെ മുതലുകൾ ധൂർത്തടിച്ചുകളയൊല്ലാ.”

***(വി. ഖുർആൻ - 17:27)***

ലേഖനം

എച്ച്. ശംസുദ്ദീൻ കാവശ്ശേരി
ആൻഡമാൻ നിക്കോബാർ

# ഖത്തമുന്നുബുവ്വത്ത് : വ്യാകരണവും ഭാഷ്യങ്ങളും

**ഖത്തമുന്നുബുവ്വത്തിന് വൈയാകരണന്മാരും ഭാഷ്യകാരന്മാരും നൽകിയ അർത്ഥത്തെ പറ്റിയുള്ള വിശദീകരണം**

## മുഫസ്സിരിംകൾ

ഖാത്തം എന്ന പദം അവസാനിപ്പിക്കുക എന്ന അർത്ഥത്തിൽ പ്രയോഗിക്കുമ്പോൾ അത് ആലങ്കാരിക പ്രയോഗമാണെന്ന് കഴിഞ്ഞ കാല മുഫസ്സിരിംകൾ അംഗീകരിച്ചിട്ടുള്ള യാഥാർഥ്യമാണ്.

തഫ്സിർ ബയ്ളാവി യുടെ അടിക്കുറിപ്പിൽ സൂറഃബഖറയിലെ ഖത്തമല്ലാഹു അലാ ഖുലൂബിഹിം എന്ന ആയത്തിനെക്കുറിച്ച് പറയുന്നത് ഇങ്ങനെയാണ്:

ഖാത്തം എന്ന പദം അവസാനം, അവസാനിപ്പിക്കുക എന്നീ അർത്ഥങ്ങളിൽ ആലങ്കാരികമായാണ് പ്രയോഗിക്കാറുള്ളത്.

## ഖാത്തമ, ഖാത്തിമ

ഖാത്തമ('ത', അകാരത്തോടെ) എന്ന പദം ഖത്തമ എന്ന ക്രിയാ ധാതുവിൽ നിന്ന് ഇസ്മ് ആല (ഉപയോഗിക്കുന്ന വസ്തുവിന്റെ, ആയുധത്തിന്റെ നാമം) ആണ്. അതായത് മുദ്രവെക്കാൻ ഉപയോഗിക്കുന്ന വസ്തുവാണ് ഖാത്തമ(സീൽ)

അതേ സമയം ഖാത്തിമ എന്നത് ഇസ്മ് ഫാഇൽ (കർമം ചെയ്യുന്ന ആളിന് പറയുന്ന പേര്) ആണ്. അതായത് മുദ്രവെക്കുക എന്ന കർമം ചെയ്യുന്ന ആളാണ് ഖാത്തിമ (സീൽ വെക്കുന്നവൻ). ചുരുക്കത്തിൽ ഖാത്തമ എന്നത് മുദ്ര ചെയ്യാൻ ഉപയോഗിക്കുന്ന വസ്തുവിന്റെ പേരും ഖാത്തിമ എന്നത് മുദ്രവെക്കുന്ന ആളിന്റെ പേരുമാണ്.

## സംഗ്രഹം

'ഖാത്തമുന്നബിയ്യീ'ൻ എന്നതിന്റെ വിവക്ഷ

1. പ്രവാചകൻമാരുടെ പിതാവ്.
2. പ്രവാചകൻമാരിൽ ശ്രേഷ്ഠൻ
3. പ്രവാചകൻമാരുടെ മുദ്ര.

എന്നിങ്ങനെയാണെന്ന് മേൽ പ്രയോഗങ്ങളിൽ നിന്ന് സുഗ്രാഹ്യമാണല്ലോ?.

മേൽ അർത്ഥങ്ങളുടെ വീക്ഷണത്തിൽ പ്രവാചകത്വം എന്നെന്നേക്കുമായി അവസാനിച്ചുപോയി എന്ന് പറയുന്നത് വിശുദ്ധ ഖുർആന്റെ വീക്ഷണത്തിനും ഹദീസുകളുടെ വിശദീകരണത്തിനും എതിരാണ്.

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മേൽ അർത്ഥങ്ങളുടെ വീക്ഷണത്തിലാണ് തന്റെ നുബുവ്വത്തിനെക്കുറിച്ച് പറഞ്ഞത്. അല്ലാതെ നബി(സ) യിൽ നിന്ന് വ്യതിരിക്തമായതോ, എതിരായതോ, ആയ നുബുവ്വത്തിനെക്കുറിച്ച് പറഞ്ഞിട്ടേയില്ല.

ഞാൻ നബി(സ)ന്റെ സ്വത്തിൽ അവകാശിയാക്കപ്പെട്ടിരിക്കുന്നു

ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) തന്റെ ഒരു അറബി കവിതയിൽപറയുന്നു.

ഞാൻ മുഹമ്മദ് നബി (സ) യുടെ സമ്പത്തിൽ അവകാശിയാക്കപ്പെട്ടിരിക്കുന്നു. ഞാൻ അവിടുത്തെ പരിശുദ്ധ കുടുംബത്തിൽ പെട്ടവനാണ്. ഞാൻ അവിടുത്തെ സന്തതിയല്ലാതെ എങ്ങനെയാണ് തിരുനബിയുടെ സ്വത്തിന് അവകാശിയായെന്നോർത്ത് വേവലാതിപ്പെടേണ്ട.

എന്ത്, നിങ്ങളിൽ ചിന്താശീലർ ആരുമില്ലേ?.

അല്ല, വാനലോകത്തെ അവിടുത്തേക്ക് വേണ്ടി സൃഷ്ടിച്ച അല്ലാഹുവാണ് സാക്ഷി, അവിടുത്തേക്ക് നമ്മെപ്പോലുള്ള മക്കളുണ്ട്. അത് ഖിയാമത്ത് വരെ ഉണ്ടായിക്കൊണ്ടിരിക്കും. നാം മക്കളെപ്പോലെ അവിടുത്തെ സ്വത്തിന് അവകാശിയാക്കപ്പെട്ടിരിക്കുന്നു. ഇതിലും വലിയ എന്ത് തെളിവാണ് സമർപ്പിക്കേണ്ടത്?(ഇഅ്ജാസുൽ മസീഹ്)

## നബി(സ) യുടെ ഉമ്മത്തിൽ നുബുവ്വത്തിന് വേണ്ടിയുള്ള പ്രാർത്ഥന

നബി(സ) നും അവിടുത്തെ കുടുംബത്തിനും വേണ്ടി സ്വലാത്ത് ചൊല്ലാൻ മുസ്ലിംകൾ കല്പിക്കപ്പെട്ടിരിക്കുന്നു. അതിങ്ങനെയാണ്.

അല്ലാഹുവേ, നീ നബി (സ) യ്ക്കും കുടുംബത്തിനും സവിശേഷ കാരുണ്യം നൽകേണമേ, ഇബ്റാഹിം നബിക്കും കുടുംബത്തിനും നൽകിയതുപോലെ. തീർച്ചയായും നീ സ്തുത്യർഹനും പരിശുദ്ധനുമാണ്.

അല്ലാഹുവേ, നീ നബി(സ) യ്ക്കും തിരുകുടുംബത്തിനും, അനുഗ്രഹങ്ങൾ നൽകേണമേ, ഇബ്റാഹിം നബിക്കും കുടുംബത്തിനും നൽകിയതു പോലെ, തീർച്ചയായും- നീ സ്തുത്യർഹനും പരിശുദ്ധനുമാണ്.

എന്താണ് ഈ സവിശേഷ കാരുണ്യവും അനുഗ്രഹവും?. ഇബ്റാഹിം നബിക്കും കുടുംബത്തിനും ലഭ്യമായ ഏത് സവിശേഷകാരുണ്യവും അനുഗ്രഹവുമാണ് നബി (സ)യ്ക്കും കുടുംബത്തിനും ലഭിക്കാൻ നാം ദുആ ചെയ്യുന്നത്? അത് വിശുദ്ധ ഖുർആൻ തന്നെ നമുക്ക് പറഞ്ഞു തരുന്നുണ്ട്. സൂറബഖയിൽ അതിങ്ങനെ വായിക്കാം.

ഇബ്ഹാമിനെ തന്റെ നാഥൻ ചില വചനങ്ങൾ കൊണ്ട് പരീക്ഷിച്ച സന്ദർഭം. അല്ലാഹു പറഞ്ഞു: ഞാൻ നിന്നെ ജനങ്ങൾക്ക് ഇമാമാക്കിയിരിക്കുന്നു. അദ്ദേഹം പറഞ്ഞു: നാഥാ, എന്റെ മക്കളിൽ നിന്നും (ഇമാമുമാരെ ആക്കേണമേ). അല്ലാഹു പറഞ്ഞു: പക്ഷേ അതിക്രമകാരികളിലേക്ക് എന്റെ ഈ ഉടമ്പടി എത്തുകയില്ല.

വിശുദ്ധ ഖുർആൻ ഇബ്റാഹിം നബി(അ)യുടെ സന്തതികളിൽ പ്രവാചകൻമാരെ നിയോഗിച്ചുവെന്ന് വ്യക്തമാക്കുന്നു.

നാം അദ്ദേഹത്തിന്റെ (ഇബ്റാഹിമിന്റെ) മക്കളിലും നുബുവ്വത്ത് നൽകി(29: 28)

ഹദ്റത്ത് അഹ്മദ്(അ) താൻ നബി(സ) യുടെ ആത്മീയ സന്തതി പരമ്പരയിൽ നുബുവ്വത്തിന് അർഹനായി എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ:

ഏതു സമയത്തും എന്റെ ആത്മാവിന് മുഹമ്മദിന്റെ ആത്മാവുമായി ബന്ധമുണ്ട്. ഹൃദയത്തിന് ഈ നിറചഷകമാണ് നാം കുടിപ്പിച്ചത്. (ദുർറെസമീൻ)

## ശ്രേഷ്ഠ പ്രവാചകന്റെ ശിഷ്യ പ്രവാചകൻ

'ഖാത്തമുന്നബിയ്യീൻ എന്നതിന്റെ ഒരു വിവക്ഷ ശ്രേഷ്ഠ പ്രവാചകൻ എന്നാണ്. എന്താണ് ഈ ശ്രേഷ്ഠത? മറ്റ് പ്രവാചകൻമാർക്കില്ലാത്ത എന്ത് ശ്രേഷ്ഠതയാണ് വിശുദ്ധ ഖുർആൻ നബി(സ)ക്ക് ചാർത്തിക്കൊടുത്തിരിക്കുന്നത്? അതിൽ പ്രധാനമായും നമുക്ക് കാണാൻ കഴിയുന്നത് മറ്റെല്ലാ സന്ദർഭത്തിലും അല്ലാഹു പ്രവാചകൻമാരെ നേരിട്ട് നിയോഗിക്കുകയായിരുന്നു. ഒരു പ്രവാചകന്റെ അനുധാവനത്തെ, അനുസരണത്തെ പ്രവാചകത്വം ലഭിക്കാനുള്ള ഈ മാനദണ്ഡമായി പറഞ്ഞത് നബി(സ) നെക്കുറിച്ച് മാത്രമാണ്.

മുൻകാല പ്രവാചകൻമാരെ അല്ലാഹു നേരിട്ട് നിയോഗിച്ചിരുന്നുവെന്നും, അവരുടെ അനുധാവനം സിദ്ദിഖ് എന്ന സ്ഥാനം വരെ മാത്രമേ എത്തിച്ചിരുന്നുള്ളൂവെന്നും വിശുദ്ധ ഖുർആൻ പറയുന്നു.

അല്ലാഹുവിനെയും അവന്റെ റസൂൽമാരെയും വിശ്വസിക്കുന്നവർ അല്ലാഹുവിന്റെ പക്കൽ സ്വിദ്ദിഖ്മാരും ശുഹദാക്കളുമാണ്. (57:20) എന്നാൽ നബി(സ) യെ ക്കുറിച്ച് പറഞ്ഞപ്പോൾ അല്ലാഹു പ്രവാചകത്വത്തിന്റെ പദവിയും ലഭിക്കുമെന്ന് സുവാർത്ത നൽകുന്നു:

നാം അവരെ നേർമാർഗ്ഗത്തിലേക്ക് നയിക്കുന്നു. ആരാണോ അല്ലാഹുവിനേയും ഈ റസൂലിനേയും അനുസരിക്കുന്നത് അവർ അല്ലാഹു അനുഗ്രഹിച്ചവരോടൊപ്പമായിരിക്കും(അതായത്) നബിമാർ, സ്വിദ്ധിഖുമാർ, ശുഹദാക്കൾ, സ്വാലിഹിംകൾ, ഇവരാണ് ഏറ്റവും നല്ല കൂട്ടുകാർ. (4:69:70)

അല്ലാഹു നബി(സ) യെ അനുസരിക്കുന്നവർക്ക് നാല് മഹത് സ്ഥാനങ്ങളാണ് നൽകുമെന്ന് പറയുന്നത്.

1. നബി 2. സിദ്ദിഖ്, 3. ശഹീദ്. 4. സ്വാലിഹ്

ഇവിടെ മഅല്ലദീന (അവരോടൊപ്പം) എന്ന് മാത്രമേ പറഞ്ഞിട്ടുള്ളൂ. അതുകൊണ്ട് നബി ആയിക്കൊള്ളണമെന്നില്ല എന്ന് വിതണ്ഡവാദം ഉന്നയിക്കുന്നവരുണ്ട്. ●

*(തുടരും)*

കുറിപ്പുകൾ

മുസാഫിർ

# മുംബൈ ആക്രമണം

നവംബർ 26ന് ഇന്ത്യയെ മുഴുവൻ പിടിച്ചുകുലുക്കിയ മുബൈ ഭീകരാക്രമണം അങ്ങേയറ്റം അപലപനീയമായ ഒരു ദേശീയ ദുരന്തമാണ്. ഇന്ത്യയിലെ 110 കോടി ജനങ്ങളെ ആക്രമിച്ചതിന് തുല്യമാണ് ഈ കൊടുംഭീകരത. ആക്രമികൾ പാകിസ്ഥാനിൽ നിന്നുള്ള വരാണെന്ന് ഉറപ്പായിരിക്കുകയാണ്. താജ്ഹോട്ടൽ, ഒബറോയ് ഹോട്ടൽ, ജൂത കേന്ദ്രമായ നരിമാൻ ഹൗസ്, ഛത്രപതി ശിവജി ടെർമിനസ്, ട്രൈഡന്റ് ഹോട്ടൽ, കാമാ ഹോസ്പിറ്റൽ സാന്താക്രൂസ്, എന്നിവിടങ്ങളിൽ വെച്ചാണ് അക്രമികൾ ആക്രമണം അഴിച്ചുവിട്ടത്. ഭീകരന്മാർ പാകിസ്താനിൽ നിന്നുള്ളവരാണെന്നതിന് അസന്നിഗ്ദ്ധമായ തെളിവുകൾ ഇന്ത്യ നൽകിക്കഴിഞ്ഞു. ഭീകരവാദികൾക്ക് ഇത്രയും ആസൂത്രിതമായും കൃത്യതയോടെയും ഇന്ത്യയിൽ ആക്രമണം നടത്താൻ പ്രാദേശികമായ സഹായം ഉണ്ടായാൽ മാത്രമേ സാധ്യമാകൂ. ആക്രമണത്തേ ചുറ്റിപറ്റിയുള്ള നിരവധി ദുരൂഹതകളുടെ കുരുക്കുകൾ ഇപ്പോഴും അഴിഞ്ഞിട്ടില്ല.

പാകിസ്താൻ ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ദുരന്തം തീവ്രവാദവും ഭീകരവാദവുമാണ്. ഇസ്‌ലാമേതരമല്ലാത്തതിനെയെല്ലാം തകർക്കപ്പെടേണ്ടതാണ് എന്ന ജീഹാദീ ഹാലിളക്കം മാത്രം. തലക്കുപിടിച്ച മുസ്‌ലിം തീവ്രവാദികളെ ഏത് ശക്തികൾക്ക് വേണമെങ്കിലും ഉപയോഗപ്പെടുത്താം. ഈ മുസ്‌ലിം ചെറുപ്പക്കാരെ നയിക്കുന്ന ജീഹാദി നേതാക്കന്മാരെ ഉപയോഗിച്ച് ലക്ഷ്യങ്ങൾ നേടാൻ ഏത് ബാഹ്യശക്തികൾക്കും എളുപ്പമാണ് എന്ന സത്യം നാം വിസ്മരിച്ചുകൂടാ. പാകിസ്താനിലെ ഗോത്രവർഗ്ഗ മേഖലയിലാണ് ജിഹാദി ഭീകരവാദം തഴച്ചുവളരുന്നത്. ഇവിടെങ്ങളിലെല്ലാം സിവിൽ ഭരണകൂടത്തിന് മിക്കവാറും സ്വാധീനങ്ങളില്ലാത്ത സ്വയംഭരണമേഖലകളാണ്. അതുകൊണ്ടു തന്നെ ഗവൺമെന്റിനെക്കാൾ സൈനിക ഓജസ്സുള്ള ഗ്രൂപ്പുകൾ പാകിസ്താനിൽ സജീവമാണ്. പട്ടാളത്തെ വെല്ലുന്ന പരിശീലനങ്ങൾ അവർക്ക് ലഭിക്കുന്നുണ്ടുതാനും. ഈ ഗ്രൂപ്പുകളെ ഇങ്ങിനെ കയറൂരി വിട്ട കുറ്റത്തിൽ നിന്നും പാക് ഭരണകൂടത്തിന് ഒഴിഞ്ഞുമാറാൻ സാധ്യമല്ല. കുടത്തിൽ നിന്നും തുറന്നുവിട്ട ഈ ജിഹാദി ഭൂതം ഇന്ന് പാകിസ്താന്റെ അസ്ഥിത്വത്തിനു തന്നെ ഭീഷണിയായി മാറിയിരിക്കുകയാണ്.

മുംബൈ ആക്രമത്തിന്റെ പേരിൽ ഇന്തോ പാക് അതിർത്തിയിലുണ്ടാവുന്ന സംഘർഷമാണ് അതീവ ഗൗരവത്തോടെ കാണേണ്ട പ്രശ്നം. ഇന്ത്യൻ വിദേശകാര്യ ഓഫീസിൽ നിന്നും വിളിച്ചു എന്ന് പറയപ്പെടുന്ന ഒരു വ്യാജ ഫോൺ കോളിന്റെ പേരിൽ ഒരു ലക്ഷം സൈനികരെ അതിർത്തിയിൽ വിന്യസിച്ചുകൊണ്ട് പാകിസ്താൻ യുദ്ധ സന്നദ്ധമായി എന്ന വാർത്ത സംഭ്രമാജനകമാണ്. ഈ ഫോൺ കോളിന്റെ ഉറവിടം ദുരൂഹമാണ്. ന്യൂക്ലിയർ ആയുധങ്ങളുള്ള ജനസാന്ദ്രമായ രണ്ട് രാജ്യങ്ങളാണ് ഇന്ത്യ യും പാകിസ്താനും. ഈ രണ്ട് രാജ്യങ്ങൾ തമ്മിൽ പൂർണ്ണാർത്ഥത്തിൽ ഒരു യുദ്ധമുണ്ടായാൽ എന്തായിരിക്കും ഗതി എന്നത് അചിന്ത്യമാണ്. സർവ്വനാശമായിരിക്കും ഫലം. അത്തരമൊരു നീക്കം ആത്മഹത്യാപരമായിരിക്കും.

ഇന്ത്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ഒരു ന്യൂക്ലിയർ രാജ്യം എന്ന നിലക്ക് പാകിസ്താന്റെ രാഷ്ട്രീയ അസ്ഥിരത ലോകത്തെ ആശങ്കപ്പെടുത്തുന്നതാണ്. കള്ളനും പോലീസും കളിമാതിരി പട്ടാളവും രാഷ്ട്രീയക്കാരും അവിടെ മാറി മാറി ഭരിക്കുകയാണ്. ഇവർക്കാർക്കും വഴങ്ങാതെ പനപോലെ വളരുന്ന ഭീകരത എന്ന ദുർഭൂതം ഒരു വശത്തും. അവിടയാകട്ടെ ശക്തന്മാരായ രാഷ്ട്രീയക്കാരുമില്ല. ഈ അവസ്ഥ ഇന്ത്യയെ മാത്രമല്ല മറ്റു പല രാജ്യങ്ങളേയും ആശങ്കപ്പെടുത്തുന്നു എന്നത് ഒരു വാസ്തവമാണ്. ഇന്തോ-പാക് അതിർത്തികളിൽ ഇങ്ങിനെ സംഘർഷങ്ങൾ വളർത്തി. മറ്റെന്തെങ്കിലും ലക്ഷ്യങ്ങൾ നേടാൻ ബാഹ്യശക്തികൾ ഇടപെടുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.


വിശുദ്ധ ഖുർആനിലെ ഒരു വചനം ഓർത്തുകൊണ്ട് ഈ കുറിപ്പ് അവസാനിപ്പിക്കുന്നു.

*'അവർ യുദ്ധത്തീ കത്തിച്ചപ്പോഴെല്ലാം അല്ലാഹു അത് കെടുത്തിക്കളഞ്ഞിരിക്കുന്നു. നാട്ടിൽ കുഴപ്പമുണ്ടാക്കുന്നതിന് വേണ്ടി അവർ ഓടിനടക്കുകയാണ്. അല്ലാഹു കുഴപ്പക്കാരെ ഇഷ്ടപ്പെടുകയില്ല. (5:65)*

## വാർത്തകൾ

# വെളിപാടു, യുക്തി, ജ്ഞാനം, സത്യം പുസ്തകം പ്രകാശനം ചെയ്തു

ഖലീഫത്തുൽ മസീഹ് നാലാമൻ രചിച്ച 'റെവലേഷൻ റാഷനാലിറ്റി ക്നോളഡ്ജ് ആന്റ് ട്രൂത്ത്' എന്ന പുസ്തകത്തിന്റെ മലയാള വിവർത്തനം 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം.' ജസ്റ്റിസ് പി.കെ. ശംസുദ്ദീൻ (റിട്ട) പ്രശസ്ത അഭിഭാഷകനും നിയമനിരൂപകനുമായ കാളീശ്വരം രാജിന് നൽകികൊണ്ട് പ്രകാശനം ചെയ്തു.




*വെളിപാട്, യുക്തി, ജ്ഞാനം, സത്യം എന്ന പുസ്തകം ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ അഡ്വ.കാളീശ്വരം രാജിനു നൽകി പ്രകാശനം ചെയ്യുന്നു. പ്രൊഫ. മഹ്മൂദ് അഹ്മദ്, ബി.ബി. അഹ്മദ് കബീർ എന്നിവർ സമീപം.*

മനുഷ്യാവകാശ ദിനത്തോടനുബന്ധിച്ച് എറണാകുളം അന്താരാഷ്ട്ര പുസ്തകോൽസവത്തിൽ വെച്ച് സംഘടിപ്പിച്ച സെമിനാറിലാണ് പുസ്തകം പ്രകാശനം നടന്നത്. എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ് കബീർ സാഹിബ് അദ്ധ്യക്ഷനായിരുന്നു. പ്രൊ. ബി. മഹ്മൂദ് അഹ്മദ് സാഹിബ് പുസ്തകത്തെ പരിചയപ്പെടുത്തി സംസാരിച്ചു. എ.എം. മുഹമ്മദ് സലീം സാഹിബ്, അഡ്വ. ശഹീദ് സാഹിബ് എന്നിവർ സംസാരിച്ചു.

ഖലീഫത്തുൽ മസീഹ് കേരളം സന്ദർശിച്ചപ്പോൾ വിശിഷ്ടാതിഥികൾക്ക് കോഴിക്കോട്ട് വെച്ചും എറ

# മനുഷ്യാവകാശദിനം: സെമിനാറും പുസ്തകപ്രകാശനവും

എറണാകുളം: ഡിസംബർ 10ന് സാർവ്വദേശീയ മനുഷ്യാവകാശ ദിനത്തിൽ പ്രൗഢഗംഭീരമായ സദസ്സിൽ 'ഇസ്ലാമും മനുഷ്യാവകാശവും' എന്ന വിഷയത്തെ' ആധാരമാക്കി സെമിനാർ അഹ്മദിയ്യാ ജമാഅത്ത് പബ്ലിക്കേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി. 'ഇസ്ലാമും മനുഷ്യാവകാശവും' എന്ന കൃതിയുടെ രണ്ടാം പതിപ്പും തദവസരത്തിൽ പ്രകാശനം ചെയ്തു. അതോടൊപ്പം 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം', വിവർത്തന കൃതിയുടെ പ്രകാശനവും സെമിനാറിന്റെ ഉദ്ഘാടനവും ജസ്റ്റിസ് പി.കെ. ഷംസുദ്ദീൻ നിർവ്വഹിച്ചു. ബി.ബി. അഹ്മദ് കബീർ അദ്ധ്യക്ഷനായിരുന്നു. പുസ്തകങ്ങളെ പരിചയപ്പെടുത്തിക്കൊണ്ട് പ്രൊഫസർ മഹ്മൂദ് അഹ്മദ് സ്വാഗതം ആശംസിച്ചു. സത്യദൂതൻ പത്രാധിപർ എ.എം. മുഹമ്മദ് സലിം സാഹിബ് വിഷയം അവതരിപ്പിച്ചു. അഡ്വ. കാളീശ്വരം രാജ് അഡ്വ. ഷഹീദ് എന്നിവർ വിഷയത്തെ സംബന്ധിച്ച് സംസാരിച്ചു.

സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ എല്ലാ ആർട്ടിക്കിളിനോടും വിശുദ്ധ ഖുർആനും ഇസ്ലാമും പൂർണമായും യോജിക്കുന്നുവെന്ന് അദ്ധ്യക്ഷത വഹിച്ച് പ്രസംഗിച്ച എറണാകുളം മേഖലാ അമീർ ബി.ബി. അഹ്മദ്

ണാകുളത്ത് വെച്ചും പുസ്തകം വിതരണം ചെയ്തിരുന്നു. പുസ്തകം പൂർണമായും വായിച്ചിട്ടില്ലെങ്കിലും അതിലെ വിഷയവൈവിധ്യങ്ങളും ഭാഷയും മികവുറ്റതാണെന്ന് കാളീശ്വരം രാജ് പറഞ്ഞു.

ബൃഹത്തായ ഈ പുസ്തകം ആറ് മേഖലകളിൽ സെമിനാറുകൾ വെച്ച് കൊണ്ട് പ്രകാശനം ചെയ്യുമെന്ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് പബ്ലിക്കേഷൻ ചെയർമാൻ പ്രൊഫ. മഹ്മൂദ് അഹ്മദ് സാഹിബ് അറിയിച്ചു. 1200 ഓളം പേജുകളുള്ള ഈ പുസ്തകത്തിന്റെ മുഖവില 800 രൂപയാണ്. പരിമിതമായ കോപ്പികൾ 400 രൂപക്ക് നൽകുമെന്ന് അദ്ദേഹം അറിയിച്ചു. പ്രീ പബ്ലിക്കേഷൻ പണം നൽകിയവർക്ക് പുസ്തകം ഉടൻ തന്നെ ലഭ്യമാക്കുന്നതായിരിക്കുമെന്ന് പ്രൊഫസർ അറിയിച്ചു.

വളരെ ഗൗരവമേറിയ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം അഹ്മദികൾ നിർബന്ധമായും വായിച്ചിരിക്കേണ്ടതാണെന്നും ആധുനിക വൈജ്ഞാനിക മേഖലയുമായി ഇസ്‌ലാം മതത്തെ ബന്ധിപ്പിക്കുന്ന ഈ വിശിഷ്ട കൃതിയുടെ മലയാള വിവർത്തനം പൂർണ്ണമായും ഉപയോഗപ്പെടുത്തണമെന്നും പ്രൊഫസർ പറഞ്ഞു. സ്ത്രീകളടക്കം അഹ്മദികൾ ഈ വിജ്ഞാന ദൗത്യത്തിൽ പങ്കെടുക്കണമെന്നും അല്ലാത്തപക്ഷം ഓരോ വ്യക്തിക്കും ജമാഅത്തിനും അത് നഷ്ടമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ജമാഅത്തിലെ ശാഖാ സംഘടനകൾ ഈ പുസ്തകത്തിലെ വിഷയങ്ങൾ സംബന്ധിച്ച് ചർച്ചകളും പ്രഭാഷണം നടത്തുമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു. ●

**ബി.ബി. മുഹമ്മദ് നജീബ്**

---

കബീർ സാഹിബ് പറഞ്ഞു. ഇസ്‌ലാമിലെ മനുഷ്യാവകാശ സങ്കല്പങ്ങൾ ഇസ് ലാമിക രാജ്യങ്ങളേക്കാൾ ഇന്ത്യൻ ഭരണഘടനയിലാണ് പൂർ ണമായും സാക്ഷാത്ക്കരിക്കപ്പെട്ടിട്ടുള്ളതെന്ന് ഹർഷാരവങ്ങൾക്കിടയിൽ കബീർ സാഹിബ് പറഞ്ഞു. തുടർന്ന് പ്രസംഗിച്ച ജസ്റ്റീസ് പി.കെ. ഷംസുദ്ദീൻ ഐക്യരാഷ്ട്ര സഭയുടെ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ ചില ഖണ്ഡികകൾ ഇസ്‌ലാമുമായി താരതമ്യം ചെയ്തുകൊണ്ട് പ്രസംഗിച്ചു. ഇസ്‌ലാമും മനുഷ്യാവകാശവും' എന്ന പുസ്തകങ്ങളെഴുതിയ സർ സഫറുല്ലാഹ്ഖാൻ അദ്വിതീയനായ നിയമവിദഗ്ദ്ധനും. ഇന്ത്യൻ ജുഡീഷ്യറിക്ക് നിരവധി സംഭാവനകൾ നൽകിയ ആളും കിടയറ്റ ഇസ്‌ലാമിക പണ്ഡിതനുമാണെന്ന് അദ്ദേഹം അനുസ്മരിച്ചു. മനുഷ്യാവകാശസങ്കല്പം ഉണ്ടായത് പാശ്ചാത്യരിൽ നിന്നാണെ പ്രചാരണത്തെ ജസ്റ്റിസ് ശംസുദ്ദീൻ നിശിതമായി വിമർശിച്ചു. ഇസ്‌ലാമിലും മനുഷ്യന്റെ അവകാശങ്ങൾ മാത്രമല്ല മിണ്ടാപ്രാണികളുടെ അവകാശങ്ങൾ പോലും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

വിഷയം അവതരിപ്പിച്ചുകൊണ്ട് എ.എം. മുഹമ്മദ് സലീം സാഹിബ് പ്രസംഗിച്ചു. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിലെ മാനവസമത അതിന്റെ പൂർണ്ണരൂപത്തിൽ ഇസ്‌ലാമിൽ സാക്ഷാത്കരിച്ചിട്ടുണ്ടെന്ന് നിരവധി ഉദാഹരണം ചൂണ്ടിക്കാട്ടി അദ്ദേഹം പറഞ്ഞു. മനുഷ്യാവകാശ പ്രഖ്യാപനത്തിലെ കരടുപ്രമേയം തയ്യാറാക്കുന്ന വേളയിൽ ഐക്യരാഷ്ട്ര സഭാ ജനറൽ അസംബ്ലിയിൽ സഊദി അറേബ്യയുടെ നേതൃത്വത്തിൽ അരങ്ങേറിയ ഇസ് ലാമിക രാജ്യങ്ങളുടെ പിൻതിരിപ്പൻ നിലപാടിനെ അന്നത്തെ പാകിസ്താൻ പ്രതിനിധി സർ സഫറുല്ലാഹ് ഖാൻ വാദപ്രതിവാദത്തിലൂടെ പരാജയപ്പെടുത്തിയതും മനുഷ്യാവകാശ പ്രഖ്യാപനത്തിലെ 18, 19 അനുച്ഛേദനങ്ങൾ അതേപടി നിലനിർത്തിയതിൽ അദ്ദേഹം നിർവ്വഹിച്ച പങ്കിനെക്കുറിച്ചും സലിം സാഹിബ് വിവരിച്ചു. പിന്നീട് പാകിസ്താന്റെ മനുഷ്യാവകാശവിരുദ്ധമായ വ്യതിയാനങ്ങളെപറ്റിയും പാകിസ്താനിലെ മനുഷ്യാവകാശ നിഷേധങ്ങളെക്കുറിച്ചും, മനുഷ്യാവകാശ വിരുദ്ധ പ്രവണതകളെക്കുറിച്ചും ആധികാരിക രേഖകളുദ്ധരിച്ച് അദ്ദേഹം സംസാരിച്ചു. സാർവ്വദേശീയ മനുഷ്യാവകാശ പ്രഖ്യാപനത്തിന്ന് ബദലായിക്കൊണ്ട് 1990ൽ ഓർഗനൈസേഷൻ ഓഫ് ഇസ്‌ലാമിക് കൺട്രീസ് പാസാക്കിയ കൈറോ ഡിക്ളറേഷനിലെ സങ്കുചിതത്വവും ഇസ്‌ലാമിക വിരുദ്ധതയും അദ്ദേഹം ചൂണ്ടിക്കാട്ടുകയും ചെയ്തു.

അഡ്വ. കാളീശ്വരം രാജ് തന്റെ പ്രസംഗത്തിൽ ഇസ്‌ലാം മതം മനുഷ്യാവകാശങ്ങളുടെ ഉത്തമ മാതൃകയാണെന്നും എല്ലാവിധത്തിലുള്ള അവകാശങ്ങളും ഇസ്‌ലാമിൽ സാക്ഷാത്കരിച്ചിട്ടുണ്ടെന്നും 'ഇസ്‌ലാമും മനുഷ്യാവകാശവും' എന്ന പുസ്തകം താൻ വളരെ മുമ്പേ വായിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. ജി. ശഹീദ് സാഹിബ് തന്റെ പ്രസംഗത്തിൽ ഇസ്‌ലാം മനുഷ്യനടക്കം സർവ്വ ജീവികളുടെയും അവകാശത്തിനുവേണ്ടി നിലകൊള്ളുന്നുവെന്ന് പറഞ്ഞു. ഇ.എച്ച്. നജീബ് സാഹിബ് നന്ദി പറഞ്ഞു. ●


**ബി.ബി. മുഹമ്മദ് നജീബ്**

## അനുസ്മരണം




### എം. അബ്ദുറഹിം സാഹിബ്

കോഴിക്കോട് : 2008 നവംബർ 6ന് വ്യാഴാഴ്ച കോഴിക്കോട് മാർക്കർ ഹൗസിലെ എം. അബ്ദുറഹിം സാഹിബ് നിര്യാതനായി. ഭാര്യ ഹലീമ. മക്കൾ : റിയാസ് റഹിം, സക്കീർ, ഷമീം, റിഹാന, സറീന, മരുമക്കൾ: അബ്ദുൾ ഹമീദ്, എ. എം. മുഹമ്മദ് സലീം, സാബിറ, ആയിശ സമിഅ.



### സി.ജി. വസിം അഹ്മദ് സാഹിബ്

ഖാദിയാൻ: ലക്ഷദ്വീപിലെ (കൽപേനി) സി.ജി. വസിം അഹ്മദ് സാഹിബ് (21) പഞ്ചാബിലെ ഹർച്ച് വാൾ നദിയിൽ ജൂലൈ 28ാം തിയ്യതി നീന്തിക്കൊണ്ടിരിക്കെ മുങ്ങി മരിയ്ക്കുകയുണ്ടായി. ഇന്നാലില്ലാഹി.... ഖാദിയാനിലെ മദ്രസ അഹ്മദിയ്യായിലെ വിദ്യാർത്ഥിയായിരുന്നു പരേതൻ. എം. അബ്ദുസ്സലാമിന്റേയും സി.ജി. പാത്തുമ്മാ സാഹിബയുടേയും പുത്രനാണ് - വമ്പിച്ച ജനാവലിയുടെ സാന്നിധ്യത്തിൽ ബഹ്ശ്തി മഖ്ബറയിൽ കബറടക്കം നടന്നു. അല്ലാഹു പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കട്ടെ. മാതാപിതാക്കന്മാർക്ക് ദുഃഖം താങ്ങുവാനുള്ള കരുത്ത് അല്ലാഹു നൽകട്ടെ.



### യു. അഹമ്മദ് സാഹിബ്

കൂടാളി: കൂടാളി ജമാഅത്തിലെ യു. മുഹമ്മദ് സാഹിബ് (82) 2008 ഒക്ടോബർ 20ന് നിര്യാതനായി. ഇന്നാലില്ലാ.... ഭാര്യ എം.വി. ആയിശാസാഹിബ. മക്കൾ: നാസിർ അഹ്മദ്, നിസാർ അഹ്മദ്, റഷീദ് അഹ്മദ്, ജലാലുദ്ദീൻ, അസ്മാബി, സക്കിയാബി, ശക്കീല. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ.

**കെ.പി.**

*(30-ൽ നിന്ന് തുടർച്ച)*

ക്ലാസ്സ് സജീവമാക്കി. പിന്നീട് പാലക്കാട് മേഖലയിലുള്ളവരും എറണാകുളം മേഖലയുടേയും കൂടിക്കാഴ്ചയാണ് നടന്നത്. ഓരോരുത്തർക്കും ആത്മനിർവൃതിയുടെ അത്യപൂർവ്വ നിമിഷങ്ങളാണ് ഇങ്ങിനെ ലഭ്യമായത്. ഞായറാഴ്ച വൈകുന്നേരം താജ് റസിഡൻസിയിൽ വെച്ച് നടന്ന വി.ഐ.പി. മീറ്റ് വളരെ ആവേശകരമായ അനുഭവമായി. കൊച്ചി നഗരത്തിലെ ബുദ്ധിജീവികളും സാംസ്കാരികനായകന്മാരും മറ്റു പൗരപ്രമുഖരും പങ്കെടുത്ത പ്രൗഢ ഗംഭീരമായ പരിപാടിയിൽ സെബാസ്റ്റ്യൻ പോൾ എം.പി. പ്രൊഫ. എം.കെ. സാനു എന്നിവർ പ്രസംഗിച്ചു. ജസ്റ്റിസ് പി.കെ. ശംസുദ്ദീൻ കെ.വി. തോമസ് എം.എൽ.എ., മോനായി എം.എൽ.എ. എന്നീ പ്രമുഖ വ്യക്തികൾ പങ്കെടുത്തു. വിശിഷ്ട വ്യക്തികൾക്ക് ഖലീഫത്ത് മസീഹ് നാലാമൻ രചിച്ച 'വെളിപാട്, യുക്തി, ജ്ഞാനം, സത്യം' എന്ന പുസ്തകമടങ്ങിയ കിറ്റ് ഹുസൂർ തിരുമനസ് വിതരണം ചെയ്തു. ഹുസൂർ തിരുമനസ്സ് വേദിയിൽ വരുന്നതിന് മുമ്പായി ഹുസൂറിന്റെ ലോകപര്യടനങ്ങളും ലോകനേതാക്കന്മാരുമായുള്ള അഭിമുഖങ്ങളുടേയും ദൃശ്യങ്ങൾ എൽ.സി.ഡി. സ്ക്രീനിൽ പ്രദർശിപ്പിച്ചിരുന്നു. പിറ്റേന്ന് തിങ്കളാഴ്ച ഹുസൂർ കേരളത്തോട് വിട പറഞ്ഞു.

## ഖാദിയാനിലെ ശതവാർഷിക ദേശീയസമ്മേളനം മാറ്റിവെച്ചു

ഖാദിയാൻ : 2008 ഡിസംബർ 26, 27, 28, 29 തിയ്യതികളിൽ നടക്കേണ്ടിയിരുന്ന അഹ്മദിയ്യാ ഖിലാഫത്ത് ശതവാർഷിക സമ്മേളനം നീട്ടിവെച്ചതായി അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് ഭാരത്, നാസിർ അഅ്ലാ, മൗലാനാ ഇനാം മുഹമ്മദ് ഗോറി അറിയിച്ചു.